# സത്യദൂതൻ

2017 ഫെബ്രുവരി | ലക്കം 2

വില ₹ 30



## ജെനിറ്റിക് എൻജിനീയറിങ്ങ്

## പ്രഥമ ഭാഷ ഏത്?

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ

2017 ഫെബ്രുവരി
ഹി.ശ.1397 – തബ്‌ലീഗ്
1438 ജ. അവ്വൽ
പുസ്തകം 89 ലക്കം 2
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**കാലത്തെ പ്രോജ്ജ്വലമാക്കിയ പരിവർത്തകൻ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഫെബ്രുവരി 19ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**
**ജെനിറ്റിക് എൻജിനീയറിങ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**15**
**ദിവ്യ ഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**17**
**ജീൻ എഡിറ്റിങ്ങ്**
സിൻവാൻ ബശാറത്ത്

**21**
**പ്രഥമ ഭാഷ ഏതാണ്?**
എ. എം. മുഹമ്മദ് സലിം

**25**
**അന്ത്യകാലത്തെ ചില അടയാളങ്ങൾ**
മുഹമ്മദ് ഉമർ കോഴിക്കോട്

**29**
**സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും**
ഫസ്ൽ അഹ്മദ്

**34**
**ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ – 4**
ഇബ്നു വഫ, കോഴിക്കോട്

**39**
കുറിപ്പുകൾ
**ട്രംപ് അപകടകരമായ ഭരണം തുടങ്ങി**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗങ്ങൾ വർധിപ്പിച്ചു. അവർ കള്ളം പറഞ്ഞു കൊണ്ടിരുന്ന കാരണത്താൽ അവർക്ക് വേദനാ ജനകമായ ശിക്ഷ ലഭിക്കുന്നതാണ്. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. (2:11,12)



## നബിവചനം

അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം. തിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽനിന്നും നഷ്ടപ്പെടും. അജ്ഞതയും കുഴപ്പവും പ്രത്യക്ഷ പെടും ഹറജ് വർധിക്കും അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവികബന്ധവും പാപവിമുക്തിയും

പാപം യഥാർഥത്തിൽ ഒരു വിഷമാണ്. മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവ ത്തോടുള്ള ആവേശപൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായി തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭുമിയിൽ നിന്നും വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങിപ്പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടുപോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നും വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക വൃക്ഷത്തെയെന്നപോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തിക്കളയുന്നു. (സിറാജുദ്ദീൻ ഈസായി കെ ചാർ സവലോം കാ ജവാബ്. ഭാ. 2)



എഡിറ്റോറിയൽ

# ഭൂമിയിൽ സ്വർഗ്ഗം പണിയുന്ന മതം

മതം എന്നത് സ്രഷ്ടാവിനോടുള്ള ആരാധന മാത്രമല്ല. സൃഷ്ടികളോടുള്ള കടപ്പാടുകൂടിയാണ്. മനുഷ്യ വംശത്തെ മതവംശഭാഷാദേശ പരിഗണന കൂടാതെയും പ്രത്യുപകാരം കാംഷിക്കാതെയും ദൈവ പ്രീതിക്കായി സേവിക്കുക എന്നതാണ് ഖുർആന്റെ പാഠം. ഖുർആൻ പറയുന്നു: ***നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (മറ്റുള്ളവർക്ക്) സഹായം നൽകുന്നതിന്നും അല്ലാഹു കൽപ്പിക്കുന്നു. (16:91) അല്ലയോ വിശ്വസിച്ചവരെ ചെയ്ത ഉപകാരങ്ങൾ എടുത്ത് പറഞ്ഞും ഉപദ്രവ വാക്കുകൾ പറഞ്ഞും നിങ്ങളുടെ ദാധധർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്. (2:264)***. ഈ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് പറയുന്നു: *ഉപകാരം ചെയ്കയാണെന്ന വിചാരവും കൃതജ്ഞതാ പ്രതീക്ഷയും കൂടാതെ അനുകമ്പാവേശത്തോടുകൂടി ഏറ്റവുമടുത്ത ബന്ധുക്കളൾക്കെന്നപോലെ അന്യർക്ക് നന്മചെയ്യുക. അതായത് അമ്മ സ്വന്തം മക്കൾക്ക് വാത്സല്യാതിരേകത്താൽ ഫലകാംക്ഷകൂടാതെ നന്മചെയ്യുന്നത് പ്രകാരം അന്യർക്ക് ഉപകാരം ചെയ്യുക തന്നെ. ഇത് പരോപകാരതയുടെ പരമമായ നിലയാകുന്നു. (ഇസ്ലാംമത തത്വജ്ഞാനം.)*

മതങ്ങൾക്കതീതമായി മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികൾ എന്ന നിലക്ക് ഒന്നാകുന്നു. ആ രീതിയിലുള്ള വിശ്വമാനവിക സ്നേഹവും മനുഷ്യ സേവനവുമാണ് ഇസ്ലാം കാംഷിക്കുന്നത്. മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താൻ മതങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്. റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നടത്തിയ ഹൃദയ സ്പൃക്കായ ഉപദേശവും മാനവീയ അവബോധവുമാണ് ഇസ്ലാമിന്റേത്. *ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാകുന്നു. നിങ്ങളുടെ ആദി പിതാവും ഒരാളാണ്. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ് ആദമാകട്ടെ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു. .”*

വിശ്വാസത്താലും ധർമ്മവിചാരത്താലും വികാര സാന്ദ്രമായ മതങ്ങൾക്ക് മറ്റേതൊരു പ്രസ്ഥാനത്തേക്കാളും കാരുണ്യത്തിന്റെ ദിവ്യമഹാപ്രവാഹങ്ങൾ സൃഷ്ടിക്കാൻ കഴിവുണ്ട്. രാഷ്ട്രീയ ലക്ഷ്യങ്ങൾ പോലെയുള്ള പരിമിത ഭൗതിക ലക്ഷ്യങ്ങളും തങ്ങളിൽ മാത്രം ഒതുങ്ങുന്ന നന്മയുമാണ് മത സമൂഹങ്ങളുടെ ദൈവികത നശിപ്പിക്കുന്നത്. ലക്ഷ്യങ്ങളുടെ ശുഷ്ക്കത മനുഷ്യനിലെ ദിവ്യമായ സദ്വികാര ഗ്രന്ഥികളെയും ശുഷ്ക്കമാക്കുന്നു. കുഞ്ഞിന്റെ കരച്ചിൽ കേൾക്കുമ്പോൾ മാതാവിന്റെ സ്തനത്തിൽ സ്വയമേവ പാൽ നിറയുന്നത് പോലെ മനുഷ്യരുടെ വിലാപ ശബ്ദങ്ങൾക്ക് ചെവിയോർത്ത് സേവനത്തിന്റെ ദൂതുമായി അവിടെ ചെന്നെത്താൻ ഇസ്ലാം മനുഷ്യനോട് ഉപദേശിക്കുന്നു. മനുഷ്യ തീരങ്ങളിലേക്ക് കൂലംകുത്തിയൊഴുകുന്ന മഹാ പ്രവാഹമായി മനുഷ്യ ഹൃദയങ്ങളിൽ നിന്നും കാരുണ്യവും അനുകമ്പയും പ്രവഹിപ്പിക്കാൻ ഇസ്ലാമിക ധാർമ്മികതക്ക് കഴിയും. ലോകത്ത് ദാരിദ്ര്യവും പട്ടിണിയും രോഗങ്ങളും ദുഃഖങ്ങളും ഇല്ലാതാക്കാൻ ദൈവിക ചിന്തയാൽ ആർദമായ നിസ്വാർത്ഥവും നിഷ്ക്കളങ്കവുമായ മനുഷ്യ ഹൃദയങ്ങളുടെ ശേഷി എല്ലാ മതങ്ങളും തിരിച്ചറിയേണ്ടതുണ്ട്. അധികാരത്തിന്റെ പിൻബലമില്ലാതെ സ്നേഹം കൊണ്ട്, ഭൂമിയിൽ തന്നെ സ്വർഗ്ഗ പണിയാൻ മതങ്ങൾക്ക് കഴിയും. ഇന്ന് മതങ്ങൾ ഏതെങ്കിലും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ അവ സങ്കീർണ്ണവും അസ്വസ്ഥ ജനകവും ആശങ്കാ ഭരിതവുമാവുന്നു. മതങ്ങളെ പറ്റി ഇത്തരം ഭീതി എത്രത്തോളമുണ്ടോ അത്രത്തോളം മതങ്ങളും സമൂഹവും ദുഷിച്ചു പോയിരിക്കുന്നു എന്ന് നാം മനസ്സിലാക്കണം. ഖുർആൻ പറഞ്ഞത് പോലെ അടുത്ത ബന്ധുക്കൾക്കെന്നപോലെ യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെയുമുള്ള മനുഷ്യ സേവനമാണ് മതങ്ങൾ കാഴ്ച്ച വെക്കേണ്ടത്. അത് ഈ ഭൂമിയെ മറ്റൊരു ഭൂമിയാക്കി മാറ്റും. അല്ലാഹു പറയുന്നു:

***ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല. (13:12)***

# ആരാണ് ഇമാമുസ്സമാൻ?

**ഹദ്റത്ത് അഹ്മദ് (അ)**



ഇമാമുസ്സമാൻ (കാലത്തിന്റെ ഇമാം) എന്ന് ആരെക്കുറിച്ചാണ് പറയപ്പെടുക എന്നതാണ് ഇവിടെ ഉയർന്നു വരുന്ന പ്രധാന പ്രശ്നം. ആ ഇമാമിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്? ആ ഇമാമിന് മറ്റു മുൽഹമുകളിൽനിന്നും (വെളിപാട് ലഭിക്കുന്നവർ) സ്വപ്ന ദർശികളിൽനിന്നും ക്ശ്ഫ് അഥവാ ആത്മ ദർശനങ്ങൾ ഉണ്ടാകുന്നവരിൽ നിന്നും എന്തെല്ലാം മേന്മകളാണുള്ളത്? ഈ ചോദ്യത്തിനുള്ള മറുപടി ഇതാണ്. ഏതൊരാളുടെ ആത്മീയശിക്ഷണം അല്ലാഹു തന്നുടെ തന്നെ മേൽനോട്ടം ചെയ്യുകയും, ലോകത്തെങ്ങുമുള്ള ബുദ്ധിശാലി കളെയും തത്ത്വജ്ഞാനികളെയും എല്ലാവിധത്തിലും സംവദിച്ച് കീഴ്പ്പെടുത്തുമാറ് ഇമാമത്തിന്റെ ദിവ്യപ്രകാശം അല്ലാഹു ഏതൊരാളിൽ നിക്ഷേപിക്കുന്നുവോ ആ വ്യക്തിയാണ് ഇമാമുസ്സമാൻ എന്ന പേരിന് അർഹനായിരിക്കുന്നവൻ. അദ്ദേഹം ദൈവത്തിനിന്ന് ശക്തി നേടിക്കൊണ്ട് എല്ലാവിധത്തിലുള്ള സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ ആക്ഷേപങ്ങൾക്കും ഉദാത്തമായ രീതിയിൽ മറുപടി നൽകുന്നു. അദ്ദേഹത്തിന്റെ പ്രകൃതി ലോകത്തിനുള്ള സംസ്ക്കരണ സാമഗ്രികളുമായാണ് ഈ വഴിത്താവളത്തിൽ വന്നെത്തിയിരിക്കുന്നതിനാൽ, യാതൊരു ശത്രുവിന്റെ മുന്നിലും അദ്ദേഹത്തിന് ലജ്ജിതനാകേണ്ടിവരുന്നതല്ല. ആത്മീയമായ നിലയിൽ അദ്ദേഹം മുഹമ്മദീ സൈനികരുടെ സേനാതിപതി ആയിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ കൈയ്യാൽ, ദീനിന് പുനർ വിജയം സിദ്ധിക്കുമെന്നത് ദൈവഹിതമായിരിക്കും. അദ്ദേഹത്തിന്റെ കൊടിക്കീഴിൽ അണിനിരക്കുന്നവർ എല്ലാവർക്കും ഉന്നത കിടയിലുള്ള ശക്തി പ്രദാനം ചെയ്യപ്പെടുന്നതായിരിക്കും. സംസ്ക്കരണത്തിനാവശ്യമായ എല്ലാ ഉപാധികളും ആക്ഷേപങ്ങൾ ദൂരീകരിക്കുന്നതിനും ഇസ്‌ലാമിന്റെ മഹത്വങ്ങൾ വിവരിക്കപ്പെടുന്നതിനും ആവശ്യമായിട്ടുള്ള എല്ലാജ്ഞാനങ്ങളും അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കും. അതോടൊപ്പം അദ്ദേഹത്തി ന് ഈ ലോകത്തിലെ സംസ്ക്കാരശൂന്യന്മാരെയും ദുർഭാഷണക്കാരെയും നേരിടേണ്ടിവരു മെന്ന് അല്ലാഹു അറി യുന്നതിനാൽ അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളും അത്യുൽകൃഷ്ട പദവിയിലുള്ളതായിരിക്കും. മനുഷ്യ സമൂഹത്തിനോടുള്ള ആത്മാർത്ഥമായ സഹാനുഭൂതി അദ്ദേഹത്തിന്റെ ഹൃദയത്തിൽ തിങ്ങി നിറഞ്ഞിരിക്കും. സ്വാഭവഗുണങ്ങളുടെ ശ്രേഷ്ഠത്വം എന്നത് കൊണ്ട് എല്ലായ്പ്പോഴും അദ്ദേഹം ശാന്തത കൈകൊള്ളുമെന്നല്ല ഉദ്ദേശിക്കപ്പെടുന്നത്. എന്തെന്നാൽ ഇത് സ്വാഭാവ മേന്മയുടെ യുക്തിജ്ഞാനങ്ങൾക്ക് നിരക്കാത്തതാണ്. അതിന്റെ അർഥം ഇതാകുന്നു. സങ്കുചിത ബുദ്ധിയായ ഒരാൾ ശത്രുക്കളുടെയും സംസ്ക്കാര ശൂന്യരുടേയും വാക്കുകൾ കേട്ട് പെട്ടെന്ന് രോഷാകുലനാകുകയും വികാരധീനനായ നിലയിൽ ഭാവാന്തരം പ്രകടമാക്കുകയും മുഖത്ത് ക്രോധം എന്നറിയപ്പെടുന്ന കഠിന ശിക്ഷയുടെ അടയാളങ്ങൾ അവിഹിതമായ രൂപത്തിൽ വെളിപ്പെടുത്തുകയും കോപ താപങ്ങളുടെ വാക്കുകൾ മുഖത്ത് നിന്ന് അറിയാതെയും അനവസരത്തിലും ഉതിർക്കുകയും ചെയ്യുന്നതുപോലെ ഉൽകൃഷ്ട സ്വഭാവമുള്ളവരിൽ ഈ അവസ്ഥ ഉണ്ടാവുന്നില്ല. എന്നാൽ സ്ഥലവും സന്ദർഭവും അനുസരിച്ചുള്ള യുക്തിനടപടി എന്നോണം ചിലപ്പോൾ ഒരു ചികിത്സ എന്ന നിലയിലും കടുത്ത പദങ്ങൾ പ്രയോഗിക്കേണ്ടി വരുന്നതാണ്. എന്നാലേ ഈ കടുത്ത പദങ്ങൾ ഉപയോഗിക്കേണ്ടി വരുമ്പോൾ അയാളുടെ ഹൃദയം പകക്കുയോ കോപാകുലനാകുകയോ വായിൽ നുരയും പതയും പ്രത്യക്ഷപ്പെടുകയോ ചെയ്യുന്നതല്ല. ചിലപ്പോൾ കോപം പുറത്ത് പ്രകടിപ്പിക്കേണ്ടിവരു മെങ്കിലും ഹൃദയം ശാന്തവും സ്വസ്ഥവും പ്രസന്ന വുമായിരിക്കും. ഇതേ കാരണത്തലാണ് ഈസാ നബി (അ) തന്റെ അഭിയോഗികളോട് അധികമായും കടുത്ത പദങ്ങൾ ഉപയോഗിക്കേണ്ടി വന്നത്. പന്നികൾ, നായ്ക്കൾ, അവി ശ്വാസികൾ, ദുർവൃത്തർ തുടങ്ങിയ പദങ്ങൾ അദ്ദേഹം ഉപയോഗിക്കുകയുണ്ടായി. എന്നാലദ്ദേഹം ഉത്തമ സ്വഭാവ ഗുണങ്ങൾ എന്തെന്നറിയാത്ത ആളായിരുന്നു എന്ന് നമുക്ക് പറഞ്ഞുകൂടാ. എന്തെന്നാൽ അദ്ദേഹം ശ്രേഷ്ഠമായ സ്വഭാവ സംസ്കൃതി എന്താണെന്ന് പഠിപ്പിച്ചു പോരുകയും ശാന്തഭാവം നിഷ്ക്കർഷിക്കുകയും ചെയ്യുന്ന ആളത്രേ. എന്നാൽ അദ്ദേഹത്തിന്റെ മുഖത്ത് നിന്നും പുറപ്പെട്ടുപോന്ന കടുത്ത വാക്കുകൾ കോപാ വേശത്താലുള്ള ഭ്രാന്തമായ രോഷപ്രകടനമായി രുന്നില്ല. അവയാകട്ടെ വർധിച്ച ശാന്തതയോടുകൂടിയ തണുത്ത ഹൃദയത്തിൽ നിന്ന് അവസരോചിതമായി ഉതിർന്നു വീണ വാക്കുകളായിരു ന്നു. ചുരുക്കത്തിൽ സ്വഭാവ പ്രകൃതിയിൽ പൂർണത കൈവരിക്കുക എന്നത് ഇമാമീങ്ങളെ സംബന്ധിച്ചിടത്തോ ളം അനുപേക്ഷണീയമാകുന്നു. ഭ്രാന്തമായ രോഷപ്രകടന ത്തോടുകൂടിയല്ലാതെ ആവശ്യമനുസരിച്ചും അവസരോ ചിതമായും കടുത്ത പദങ്ങൾ പ്രയോഗിച്ചാൽ അത് സ്വഭാവമേന്മയുടെ നിഷേധമായിരിക്കുന്നതല്ല. അല്ലാഹു അവന്റെ കൈകളാൽ ഇമാമാക്കപ്പെടുന്ന ഒരാളുടെ പ്രകൃതി തന്നെ ഇമാമിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന താക്കിമാറ്റും എന്ന സംഗതി എടുത്തു പറയേണ്ടി യിരിക്കുന്നു.

(സറൂറത്തുൽ ഇമാം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഫെബ്രുവരി 19ന് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# കാലത്തെ പ്രോജ്ജ്വലമാക്കിയ പരിവർത്തകൻ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദിന്റെ പ്രവചനത്തിന്റെ പേരിലാണ് അഹ്മദിയ്യാ ജമാഅത്തിൽ അറിയപ്പെടുന്നത്. ദീനിന്റെ സേവകനും ദീർഘായുഷ്മാനും നിരവധി പ്രത്യേകതകൾക്കുടമയുമാകാൻ പോകുന്ന തന്റെ ഒരുമകന്റെ ജനനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറിയിപ്പ് നൽകപ്പെട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പ്രവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു: 'മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം കേവലം പ്രവചനം മാത്രമല്ല, മറിച്ച് അതിമഹത്തായ ദൈവിക ദൃഷ്ടാന്തം കൂടിയാകുന്നു. അത് അന്തസ്സുടയവനും പ്രതാപവാനുമായ അല്ലാഹു വളരെ കൃപയുള്ളവനും കാരുണ്യവാനുമായ നമ്മുടെ നബി കരീം മുഹമ്മദ് മുസ്തഫാ(സ)ന്റെ സത്യസാക്ഷ്യവും മഹത്ത്വവും വ്യക്തമാക്കാൻ പ്രകടമാക്കിയതായിരുന്നു. അത് വാസ്തവത്തിൽ മരിച്ച ഒരുവനെ ജീവിപ്പിക്കുന്നതിനേക്കാൾ നൂറുമടങ്ങ് അത്യുന്നതവും അതിസമ്പൂർണവും അതിശ്രേഷ്ഠവുമാകുന്നു. കാരണം മരിച്ചവനെ ജീവിപ്പിക്കുക എന്നതിന്റെ യാഥാർഥ്യം ദൈവിക സവിധത്തിൽ പ്രാർഥിച്ച് ഒരു ആത്മാവിനെ തിരികെ ആവശ്യപ്പെടുക എന്നാണ്. എന്നാൽ, ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് (സ)ന്റെ അനുഗ്രഹാശിസ്സും മുഖേന ഈ വിനീതന്റെ പ്രാർഥനകൾ സ്വീകരിച്ചുകൊണ്ട് ഒരു അനുഗൃഹീത ആത്മാവ് അയക്കുന്നതാണെന്ന് വാഗ്ദാനം ചെയ്യുകയായിരുന്നു. അവന്റെ ആന്തരികവും ബാഹ്യവുമായ അനുഗ്രഹങ്ങൾ ഭൂമിയിൽ മുഴുവൻ പരക്കുന്നതാണ്. അതിനാൽ ഈ അടയാളം പ്രത്യക്ഷത്തിൽ, മരിച്ചവരെ ജീവിപ്പിക്കുന്നതിന് തുല്യമാണെന്ന് മനസ്സിലാകുന്നുവെന്ന് മാത്രമല്ല ചിന്തിക്കുകയാണെങ്കിൽ ഈ ദൃഷ്ടാന്തം മരിച്ചവരെ ജീവിപ്പിക്കുന്നതിനേക്കാളും നൂറുമടങ്ങ് ശ്രേഷ്ഠമാണെന്നും വ്യക്തമാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രവചനം വളരെ മഹത്തായ രീതിയിൽ പുലർന്നത് സ്വന്തക്കാരും അന്യരും കണ്ടതാണ്. ഈ പ്രവചനത്തിന്റെ സാക്ഷാൽക്കാരം, കാലം തെളിയിച്ചതുപോലെത്തന്നെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി(റ) ആയിരുന്നു. ജമാഅത്തിലെ ആലിംകളും സാധാരണക്കാരും അക്കാര്യം ഉറച്ച് വിശ്വസിച്ചിരുന്നെങ്കിലും

ഈ പ്രവചനം തന്നെക്കുറിച്ചാണെന്ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ) വ്യക്തമാക്കുകയോ വിളംബരപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അങ്ങനെ അദ്ദേഹത്തിന്റെ ഖിലാഫത്തിന് ഏകദേശം 30 വർഷം കഴിഞ്ഞപ്പോൾ 1944-ൽ അദ്ദേഹം താനാണ് മുസ്‌ലിഹ് മൗഊദ് എന്ന് വിളംബരപ്പെടുത്തുകയുണ്ടായി. (ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:) ഇന്ന് ഞാൻ ഇത് സംബന്ധിച്ച് മുസ്‌ലിഹ് മൗഊദ്(റ)ന്റെ രണ്ട് ഖുത്ബകളുടെ സംഗ്രഹം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ കേൾപ്പിക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 1944 ജനുവരി 28-ൽ ചെയ്ത ഖുത്ബയിൽ പറയുന്നു: ''ഇന്ന് ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു, അത് പറയുന്നത് എന്റെ സ്വഭാവം വെച്ച് നോക്കുമ്പോൾ എനിക്ക് അസ്വസ്ഥത ഉണ്ടാക്കുന്നതാണ്. എങ്കിലും ചില സംഗതികളും ദൈവിക വിധികളും ഇതിന്റെ വിവരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് എനിക്ക് വ്യക്തിപരമായി അസ്വസ്ഥതയുണ്ടെങ്കിലും അത് വിവരിക്കാതിരിക്കാൻ സാധ്യമല്ല.'' തുടർന്ന് അദ്ദേഹം താൻ കണ്ട സുദീർഘമായ ഒരു സ്വപ്നം വിവരിക്കുന്നു; അതിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: 'മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനം അല്ലാഹു എന്റെ അസ്തിത്വവുമായി ബന്ധിച്ചിരിക്കുന്നു. ഈ പ്രവചനങ്ങളെ സംബന്ധിച്ച് എന്റെ അഭിപ്രായമെന്താണെന്ന് ജനങ്ങൾ കൂടെക്കൂടെ എന്നോട് ചോദിക്കുന്നു. എന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വെച്ചാൽ, എന്റെ ആത്മാവ് എന്നെ വഞ്ചിക്കരുതെന്നും യാഥാർഥ്യത്തിന് നിരക്കാത്ത എന്തെങ്കിലും ചിന്ത എനിക്കുണ്ടാകരുതെന്നും കരുതി ആ പ്രവചനങ്ങൾ ശ്രദ്ധയോടുകൂടി വായിക്കാൻ പോലും ഞാൻ ശ്രമിച്ചിട്ടില്ല.'' (ഹുദൂർ അയ്യദുഹല്ലാഹ് പറയുന്നു:)ഇതുമായി ബന്ധപ്പെട്ട യഥാർഥ വ്യക്തിക്ക് എത്രമാത്രം കരുതലുണ്ടെന്ന് നോക്കുക, എന്നാൽ, നേരായ നിലയിൽ ചിന്തിക്കാത്തവർ, ലക്ഷണങ്ങളൊന്നും ഇല്ലാതിരുന്നിട്ടും അതേപ്പറ്റി വിളംബരപ്പെടുത്തുന്നു. അവരെ ബുദ്ധിശൂന്യർ എന്നല്ലാതെ എന്തുപറയാനാണ്. ചുരുക്കത്തിൽ ഈ പ്രവചനത്തെക്കുറിച്ച് തന്റെ ലജ്ജയും നാണവും അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഒരിക്കൽ എനിക്ക് ഒരു കത്ത് തന്നിട്ട് പറഞ്ഞു; ഈ കത്ത് നിന്റെ ജനനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്ക് എഴുതിയതാണ്, ഇത് തശ്ഹീദുൽ അദ്ഹാൻ (മാസികയിൽ)ൽ പ്രസിദ്ധീകരിക്കുക.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ''ഖലീഫത്തുൽ മസീഹ് അവ്വലിനോടുളള ബഹുമാനം കാരണം ഞാൻ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ, ആ നേരത്തും ഞാൻ അത് ഗൗരവത്തോടെ വായിച്ചിരുന്നില്ല. കത്ത് പ്രസിദ്ധീകരിച്ചപ്പോൾ ആളുകൾ അന്നും പലതും പറഞ്ഞു. എന്നാൽ, ഞാൻ മൗനം പാലിക്കുകയാണ് ചെയ്തത്. ഈ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന വ്യക്തി ഞാനാണെന്ന് പറയേണ്ട ആവശ്യമെനിക്കില്ലെന്നായിരുന്നു ഞാൻ പറയാറുണ്ടായിരുന്നത്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ജനങ്ങൾ എന്നെ സംബന്ധിച്ചുളള പല പ്രവചനങ്ങളും എന്റെ മുമ്പിൽവച്ചുകൊണ്ട് ഞാൻ അവയുടെ സാക്ഷാത്ക്കാരമാണെന്ന് പ്രഖ്യാപിക്കാൻ നിർബന്ധിക്കുകയുണ്ടായി. എന്നാൽ, പ്രവചനങ്ങൾ സ്വയംതന്നെ അവയുടെ പുലർച്ച കാണിക്കുമെന്നാണ് ഞാൻ എപ്പോഴും പറഞ്ഞത്. ഈ പ്രവചനങ്ങൾ എന്നെ സംബന്ധിച്ചാണെങ്കിൽ ഞാനാണ് അതിന്റെ പുലർച്ചയെന്ന് കാലം സ്വയം വിളിച്ചോതുന്നതാണ്. ഇനി എന്നെ കുറിച്ചല്ലെങ്കിൽ കാലത്തിന്റെ സാക്ഷ്യം എനിക്കെതിരായിരിക്കും. രണ്ടായാലും എനിക്കൊന്നും പറയേണ്ടതില്ല. ധിറുതി കാണിക്കേണ്ടതുമില്ല. ഇൽഹാമിൽ പറഞ്ഞതുപോലെ വരേണ്ടയാൾ ഇയാളാണോ എന്നും അല്ല മറ്റാരെയെങ്കിലും പ്രതീക്ഷിക്കേണ്ടതുണ്ടോ എന്നുമുളള യാഥാർഥ്യം അല്ലാഹു സ്വയം വെളിവാക്കുന്നതാണ്. വളരെ കാലമായി ലോകം ഈ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. ഈ സുദീർഘ കാലത്തെ കുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ പരാമർശമുണ്ട്. ഉദാഹരണത്തിന് യഅ്ഖൂബ് നബി(അ)യെ സംബന്ധിച്ച് യൂസുഫിന്റെ സഹോദരന്മാർ പറഞ്ഞു, താങ്കൾ രോഗിയായിത്തീരുകയോ, മരിക്കുകയോ ചെയ്യുംവരെ യൂസുഫിനെസ്മരിച്ചുകൊണ്ടേയിരിക്കും.'(12:86)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഇതേ ഇൽഹാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഉണ്ടായി. യൂസുഫിന്റെ സുഗന്ധം തനിക്കു വരുന്നുവെന്ന് അദ്ദേഹത്തിന് ഇൽഹാം ഇറങ്ങി. തന്റെ കവിതയിൽ അദ്ദേഹമിത് പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് ഒരു ദീർഘ കാലത്തിനുശേഷമാണ് വെളിപ്പെടുകയെന്നാണ് അതു പറയുന്നത്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് യൂസുഫ് നബിയും തന്റെ പിതാവിനെ കണ്ടു മുട്ടിയത് ദീർഘകാലത്തിനുശേഷമാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഈ പ്രവചനം എന്നെക്കുറിച്ചാണെന്ന് മരണംവരെ എനിക്കു വെളിപ്പെടാതിരുന്നാലും സംഭവങ്ങൾ സ്വയമേവ ഈ പ്രവചനങ്ങൾ എന്റെ കൈകളാൽ എന്റെ കാലത്ത് പൂർത്തിയായെന്ന് പറയുന്നുണ്ടെന്ന ദൃഢവിശ്വാസത്തിലാണ് ഞാനുളളത്. അതുകൊണ്ട് ഞാൻ തന്നെയാണ് അതിന്റെ പുലർച്ച. പക്ഷേ, അല്ലാഹു തന്റെ ഇംഗിതമനുസരിച്ച് മുസ്‌ലിഹ് മൗഊദുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ എന്നെ കുറിച്ചാണെന്ന കാര്യം വെളിപ്പെടുത്തുകയും എന്നെ അറിയിക്കുകയും ചെയ്തിരിക്കുന്നു.'

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ (റ)ചില പ്രവചനങ്ങൾ ചുരുങ്ങിയ നിലയിൽ വിവരിക്കുകയും ചെയ്തു; ഉദാഹരണത്തിന് 'അവൻ മൂന്നിനെ നാലാക്കുന്നവനാണ്' എന്ന പ്രവചനം. അതുപോലെ 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച.' ഈ രണ്ടു കാര്യങ്ങളെ അദ്ദേഹം ഇങ്ങനെ വിവരിച്ചു: 'അവൻ മൂന്നിനെ നാലാക്കും' എന്ന പ്രവചനത്തെ കുറിച്ച് വാഗ്ദത്ത മസീഹിന്റെ ചിന്ത പോയത് മൂന്ന് ആൺമക്കളെ നാലാക്കുന്നവനായിരിക്കും എന്നതിലേക്കാണ്. എന്നാൽ, അവൻ മൂന്നു ആൺമക്കളെ നാലാക്കുന്നവനായിരിക്കും എന്ന് ഇൽഹാമിൽ പറഞ്ഞിട്ടില്ലെന്ന കാര്യത്തിലേക്കും തന്റെ ശ്രദ്ധ തിരിയാതിരുന്നില്ല എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. അവൻ മൂന്നിനെ നാലാക്കുമെന്ന് മാത്രമാണ് ഇൽഹാമിൽ പറഞ്ഞിട്ടുള്ളത്. അതിനാൽ ഇതിൽ ആ പരിവർത്തനകാരിയുടെ ജനനത്തീയതിയായിരിക്കാം പ്രതിപാദിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസിലാക്കുന്നത്. മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം 1886 ന്റെ തുടക്കത്തിലാണ് ചെയ്തത്. 1889 ലാണ് ജനിച്ചത്. മൂന്നിനെ നാലാക്കും എന്ന പ്രവചനത്തിൽ പ്രവചനത്തിന്റെ നാലാം വർഷമായിരിക്കും അവൻ ജനിക്കുക എന്ന വാർത്തയാണ് അടങ്ങിയിരിക്കുന്നത്. അങ്ങനെയാണ് സംഭവിച്ചതും.

ഇനി 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച' എന്ന പ്രവചനത്തിന് മറ്റർഥങ്ങളും ഉണ്ടാകാം. എന്നെ സംബന്ധിച്ചിടത്തോളം ഇതിന്റെ വ്യാഖ്യാനം ഇപ്രകാരമാണ്: 'തിങ്കളാഴ്ച ആഴ്ചയിലെ മൂന്നാമത്തെ ദിവസമാണ്. ആത്മീയ ജമാഅത്തുകളിൽ പ്രവാചകന്മാരുടേയും ഖലീഫമാരുടേയും കാലഘട്ടങ്ങൾ വെവ്വേറെയാണ്. ഇങ്ങനെ ചിന്തിക്കുന്നതായാൽ ആദ്യഘട്ടം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിരുന്നു; രണ്ടാമത്തെ ഘട്ടം ഖലീഫത്തുൽമസീഹ് അവ്വലിന്റേതും; മൂന്നാമത്തേത് എന്റേതും. ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു ഇൽഹാമും ഈ വ്യാഖ്യാനത്തെ ശരിവെക്കുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 'ഫള്‌ലെ ഉമർ' എന്ന ഒരു ഇൽഹാം ഉണ്ടായിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)വും നബി(സ)തിരുമേനിയെ ഉൾപ്പെടുത്തിനോക്കുമ്പോൾ മൂന്നാമത്തെ ഖലീഫയായിരുന്നു. അതിനാൽ തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആ വാഗ്ദത്ത പരിവർത്തനകാരിയുടെ കാലഘട്ടം അഹ്മദിയ്യാ ജമാഅത്തിൽ ആഴ്ചയിലെ മൂന്നാമത്തെ ദിവസുമായി സാദൃശപ്പെടുത്തിയിരിക്കുന്നു എന്നാണ്. അതായത് ഈ ജമാഅത്തിൽ ദീനീ സേവനത്തിനായി മൂന്നാമത് എഴുന്നേല്പിക്കപ്പെടുന്ന ആളായിരിക്കും അദ്ദേഹം. 'ഫള്‌ലെ ഉമർ'എന്ന വെളിപാടു പേരും ഇതിലേക്ക് സൂചനനല്കുന്നു. **യുഫസ്സിറുഹൂ ബഅ്ദഹൂ ബഅ്ളാ** എന്ന ദൈവികവചനപ്രകാരം 'ഫള്‌ലെ ഉമർ' എന്ന പദം 'തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച' എന്ന പ്രവചനത്തെ വ്യാഖ്യാനിക്കുന്നു എന്നു പറയാം.

പറയുന്നു: 'എന്നാൽ, ഇസ്‌ലാമിൽ മറ്റൊരു വാർത്തയുമുണ്ട്. അതായത് അല്ലാഹു ആ അനുഗൃഹീത തിങ്കളാഴ്ചയെ ഒരു പ്രത്യേക രീതിയിലായിരിക്കും കൊണ്ടുവരിക. പറയുന്നു: 'ഇതൊന്നും എന്റെ നിയന്ത്രണത്തിൽപ്പെട്ടതായിരുന്നില്ല. ഞാൻ എന്റെ സ്വയേഷ്ടപ്രകാരം മനഃപൂർവം ഈ പദ്ധതി തുടങ്ങിയതാണെന്ന് ഒരു മനുഷ്യനും പറയാൻ കഴിയില്ല.(അതായത് 1934-ൽ തുടങ്ങിയ തഹ്‌രീക്കെ ജദീദ് പദ്ധതി.) ജമാഅത്തിന്നെതിരിൽ ഗൂഢാലോചനനടത്തിക്കൊണ്ടുള്ള സർക്കാറിന്റെ നീക്കങ്ങളും അഹ്റാരികളുടെ ഫിത്നയും കാരണത്താൽ അവിടന്ന് പറയുന്നു: അല്ലാഹു എന്റെ മനസ്സിൽ ഈ പദ്ധതി ഇട്ടുതന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിന് ഞാൻ 10 വർഷം നിശ്ചയിച്ചു. ഓരോ മനുഷ്യനും ത്യാഗം ചെയ്യുമ്പോൾ ആ ത്യാഗത്തിനുശേഷം ഒരു പെരുന്നാൾ ദിവസം വരാറുണ്ട്. നോക്കുക! റമളാനിലെ നോമ്പുകൾക്കുശേഷം പെരുന്നാൾ വരുന്നു. ഇപ്രകാരംതന്നെ അവിടന്ന് പറയുന്നു: ഇതിന്റെ അടിസ്ഥാനത്തിൽ 1945 വർഷം നോക്കുകയാണെങ്കിൽ തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ച് 11-ാമത്തെ വർഷമാണ്. അത് പെരുന്നാളിന്റെ വർഷമാണ്. ഈ വർഷം തിങ്കളാഴ്ച മുതലാണ് ആരംഭിക്കുന്നത്. 'ദോശമ്പ' എന്നു പറയുന്നത് തിങ്കളാഴ്ചയ്ക്കാണ്. അതുകൊണ്ട് അല്ലാഹു ഇസ്‌ലാമിന്റെ അങ്ങേയറ്റം ബലഹീനമായ അവസ്ഥയുടെ കാലത്ത് അതിന്റെ പ്രചാരണത്തിനുവേണ്ടി ഒരു സുപ്രധാന പ്രബോധന സ്ഥാപനത്തിന് അടിത്തറ പാകുന്നതാണെന്ന് അറിയിച്ചിരുന്നു. അതിന്റെ ആദ്യഘട്ടം വിജയപൂർവം തികയുമ്പോൾ അത് ജമാഅത്തിന് അനുഗൃഹീത കാലഘട്ടമായിരിക്കും.'

ഹുദൂർ പറഞ്ഞു: ആ സുദീർഘമായ സ്വപ്നം കണ്ടതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), മുസ്‌ലിഹ് മൗഊദാണെന്ന് വിളംബരം ചെയ്തു. അതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഈ സ്വപ്നത്തിൽ എന്റെ നാവിൽ ഈ വാക്യം വന്നു. **അനൽ മസീഹുൽമൗഊദി മഥീലഹൂ വ ഖലീഫത്തഹൂ** ഈ അത്യത്ഭുതകരമായ വാക്കുകൾ എന്റെ നാവിൽ വന്നിരിക്കുന്നതായി സ്വപ്നത്തിലും എനിക്കും തോന്നി. പിന്നീട് ഈ സ്വപ്നം കേട്ടപ്പോൾ 'മസീഹി ഗുണം' എന്ന് ഹദ്റത്ത് മസീഹ് മൗഊദിന്റെ 1886 ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിലുമുണ്ടെന്ന് ചിലയാളുകൾ പറഞ്ഞു. വിജ്ഞാപനത്തിൽ 'അവൻ ലോകത്തുവന്ന് തന്റെ മസീഹി ഗുണവും റൂഹുൽഹഖ്ഖിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗം സുഖപ്പെടുത്തും' എന്നാണുള്ളത്. റൂഹുൽഹഖ്ഖ് എന്നു പറയുന്നത്

തൗഹീദിന്റെ ആത്മാവിനാണ്. ആ മഹാത്മാവ് ലോകത്ത് ഇസ്‌ലാമിന്റെ പ്രബോധനത്തിന് അടിത്തറയിട്ട് ലോകമനസ്സുകളെ സൃഷ്ടി പൂജയിൽനിന്ന് പരിശുദ്ധമാക്കി. പറഞ്ഞു: മൂന്നാമതായി ഞാൻ സ്വപ്നത്തിൽ കണ്ടത് ഞാൻ ഓടിക്കൊണ്ടിരിക്കുകയാണ്. വേഗത്തിൽ നടക്കുകയല്ല. ഓടുകയാണ്. ഭൂമി എന്റെ പാദങ്ങൾക്കുകീഴെ ചുരുട്ടപ്പെട്ടുകൊണ്ടു പോകുന്നു.

“വാഗ്ദത്ത് സുതനെക്കുറിച്ചുളള പ്രവചനത്തിൽ അവൻ വേഗം വേഗം വളരുമെന്ന കാര്യവുമുണ്ട്. ഇപ്രകാരം ഞാൻ ചിലവിദേശ രാജ്യങ്ങളിലേക്ക് പോയിരിക്കുന്നതായും സ്വപ്നത്തിൽ കണ്ടു. പിന്നീട് ഞാൻ അവിടെ എന്റെ ജോലി തീർത്തില്ല; അവിടെപ്പോയി എന്റെ ജോലി അവസാനിപ്പിച്ചില്ല. ഞാൻ വീണ്ടും മുന്നോട്ടുപോകാൻ തീരുമാനിക്കുകയാണ്. ഞാൻ സ്വപ്നത്തിൽ പറഞ്ഞു,‘അബ്ദുശ്ശക്കൂറേ! ഇനി ഞാൻ മുന്നോട്ടുപോകും. യാത്രകഴിഞ്ഞു വരുമ്പോൾ നീ തൗഹീദ് സ്ഥാപിച്ചോ എന്നും സൃഷ്ടിപൂജ ഇല്ലാതാക്കിയോ എന്നും ഇസ്‌ലാമിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അധ്യാപനം മനസ്സുകളിൽ നാട്ടിയോ എന്നും നോക്കുന്നതാണ്.”

ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു ഇറക്കിയ വചനങ്ങളിലുണ്ട്. അതായത് പ്രബോധന കർമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നവനായിരിക്കും. ഈ പ്രവചനവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ പ്രൗഢോജ്ജ്വലമായ നിലയിൽ പുലർന്നത് നമ്മൾ കാണുന്നു. അവിടന്ന് കണ്ട ഈ സുദീർഘ സ്വപ്നത്തിൽ ഏകദേശം മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുളള പ്രവചനത്തിൽ പറഞ്ഞ കാര്യങ്ങളുമായി ചേർന്നുവരുന്ന ഒരുപാട് കാര്യങ്ങളുണ്ട്. അത് വിവിധ രീതിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന് കാണിക്കപ്പെട്ടു. ഹുദൂർ പറഞ്ഞു, ‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ കുറിച്ചുളള ചില സംഭവങ്ങൾ എങ്ങനെയാണ് സാദൃശമുൾക്കൊളളുന്നത്, അവിടത്തെ കാലഘട്ടം മുതൽ ഇപ്പോൾ പ്രവചനം പൂർത്തിയായ സംഭവങ്ങൾ വരെ ചുരുക്കി ഞാൻ പറയുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിച്ചു:

‘ഒരിക്കൽ ഹദ്റത്ത് അമ്മാജാന്റെ മുറിയിൽ നമസ്കാരവും കാത്ത് ഞാൻ ഉലാത്തുകയായിരുന്നു. അപ്പോൾ മസ്ജിദിൽനിന്ന് ഉറക്കെയുളള സംസാരം കേട്ടു. ഒരു കുട്ടിയെ മുന്നിൽനിറുത്തി ജമാത്തിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പറഞ്ഞിരുന്നത്.’ അവിടന്ന് പറയുന്നു, ‘എതിരാളികളുടെ ഈ വാക്കുകൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവചനത്തിലുണ്ടായിരുന്ന ‘അവൻ വേഗം വേഗം വളരും’ എന്നതിനെ സാക്ഷ്യപ്പെടുത്തുന്നതായിരുന്നു.’ അവിടന്ന് പറയുന്നു, ‘അല്ലാഹു എന്നെ എത്രപെട്ടെന്ന് വളർത്തിയെന്നാൽ, ശത്രുക്കൾ അത്ഭുതപ്പെട്ടുപോയി. കാരണം കുറച്ചുമാസം മുമ്പേ ഞാൻ കുട്ടിയാണെന്ന് പറഞ്ഞവർ കുറച്ചുമാസം കഴിഞ്ഞപ്പോൾ എന്നെ പരിചയ സമ്പന്നൻ എന്നു പറഞ്ഞ് സ്വതന്ത്രനാക്കുന്നു. അതു തികച്ചും മറിഞ്ഞു വന്നു. അതായത് കുട്ടിക്കാലത്തുതന്നെ അല്ലാഹു എന്റെ കൈയാൽ ജമാഅത്തിൽ ഛിദ്രത ഉണ്ടാക്കുന്നവരെ പരാജയപ്പെടുത്തി. അങ്ങനെ അക്കാലം പോകുകയും ഇക്കാലം വരികയും ചെയ്തു. അപ്പോൾ ഉണ്ടായിരുന്ന ജമാഅത്തിന്റെ ജനസംഖ്യ എന്നെ ഏല്പിക്കപ്പെട്ട ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നൂറിരട്ടി കൂടുതലായതായി വീക്ഷിക്കുന്നവർ കണ്ടുകൊണ്ടിരിക്കുന്നു. ഏതെല്ലാം രാജ്യങ്ങളിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം എത്തിക്കഴിഞ്ഞിരുന്നത് ഇന്ന് അതിനേക്കാൾ എത്രയോ ഇരട്ടി രാജ്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം എത്തിക്കഴിഞ്ഞിരിക്കുന്നു. ‘അവൻ വേഗം വേഗം വളരുമെന്നും’ ‘അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ തണലുണ്ടായിരിക്കുമെന്നും’ പറഞ്ഞ ആ അല്ലാഹുവിന്റെ പ്രവചനം മഹത്തായ നിലയിൽ പൂത്തിയായി. ഒരു ശത്രവിനും ഇതു നിഷേധിക്കാൻ സാധിക്കുകയില്ല.’

ഹദ്റത്ത് മസീഹ് മൗഊദ് (അ)സുപ്രധാനമായ പ്രവചനമെന്ന് പറഞ്ഞ ആ ഉദ്ധരണി ഞാൻ ആരംഭത്തിലും കേൾപ്പിച്ചിരുന്നു. ഇത് പ്രവചനം മാത്രമല്ല. മഹത്തായ ദൃഷ്ടാന്തവുമാണ്. ആ വാഗ്ദത്ത സുതന്റെ ജനനം പ്രവചനമനുസരിച്ച് 9 വർഷത്തിനുളളിലായിരുന്നു നടക്കേണ്ടിയിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:‘പറയുന്ന ആൾക്കുതന്നെ താൻ 9 വർഷംവരെ ജീവിച്ചിരിക്കുമോ എന്നറിയുകയില്ല. ആ കാലയളവിൽ ഏതെങ്കിലും കുട്ടി പിറക്കുമോ എന്നു അറിയുകയില്ല. എന്നിട്ടല്ലേ ഏതെങ്കിലും തന്ത്രംകൊണ്ട് ആൺകുട്ടി ജനിക്കുമെന്ന് ഖണ്ഡിതവും ഉറപ്പായും വിശ്വസിക്കാൻ കഴിയുക; ആൺകുട്ടി മാത്രമല്ല പിറക്കേണ്ടത് അവൻ ഇസ്‌ലാമിന്റെ അന്തസ്സിനും പ്രൗഢിക്കും കാരണവുമാകണം. ഇതും പ്രവചനത്തിലുളളതാണ്.’ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ നാലുഭാഗത്തുനിന്നും ശത്രുക്കൾ ആക്രമണം നടത്തിക്കൊണ്ടിരുന്ന ആ കാലം എന്തായിരുന്നു. അദ്ദേഹം തനിക്ക് അല്ലാഹുവിൽനിന്ന് ഇൽഹാം ലഭിക്കുന്നുവെന്ന് വാദിച്ചതുകൊണ്ടുമാത്രമായിരുന്നു അത്. മുജദ്ദിദിയ്യത്തിന്റേയോ മഅ്മൂരിയ്യത്തിന്റേയോ വാദമൊന്നും അന്നുണ്ടായിരുന്നില്ല. അക്കാലത്താണ് സവിശേഷതയോടുകൂടിയ ഒരു ആൺകുട്ടി തനിക്കുണ്ടാകുമെന്ന് അദ്ദേഹം പ്രവചിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ‘ആരുടെയെങ്കിലും നായിബിന്(പ്രതിനിധിക്ക്)പ്രശസ്തി ഉണ്ടാകുമെന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം അയാളുടെ യജ

മാനനും അനുസരിക്കപ്പെടുന്ന ആളിനും പ്രശസ്തി ഉണ്ടാകുമെന്നാണ്. അല്ലാഹു പ്രവചനത്തിൽ ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും എന്നു പറഞ്ഞതിന്റെ അർഥം അവൻ മുഖേന ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നാമം ലോകത്തിന്റെ കോണുകളിലെല്ലാം കീർത്തി പ്രാപിക്കുമെന്നാണ്. ഇനി നോക്കുക! പ്രവചനം എത്ര വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അഫ്ഗാനിസ്താനിൽ മാത്രമായിരുന്നു പ്രാധാന്യത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിയിരുന്നത്. മറ്റു രാജ്യങ്ങളിൽ വെറും പറന്നുകൊണ്ടിരുന്ന വാർത്തകളായിരുന്നു. അല്ലാഹു ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നെ ഖലീഫയാക്കിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പറയുന്നു, 'സമാട്ര, ജാവ, സ്ട്രീറ്റ് സെറ്റിൽമെന്റ്, ചൈന, മൊറേഷ്യസ്, ആഫ്രിക്കയിലെ മറ്റു രാജ്യങ്ങൾ, ഫലസ്ത്വീൻ, ഇറാൻ, മറ്റു അറേബ്യൻ രാജ്യങ്ങൾ, യൂറോപ്പിലെ ഒരുപാട് രാജ്യങ്ങളിൽ അഹ്മദിയ്യത്ത് പരന്നു.'

ഈ പ്രവചനത്തിൽ 'ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും' എന്നും അല്ലാഹുവിൽനിന്ന് അറിയിക്കപ്പെട്ടിരുന്നു. അവിടന്ന് പറയുന്നു, 'അല്ലാഹു തന്റെ പ്രവചനമനുസരിച്ച് ഇക്കാലത്ത് റൂഹുൽ ഹഖ്ഖിന്റെ അനുഗ്രഹം ഉൾക്കൊള്ളുന്ന ഒരു വ്യക്തിയെ തന്റെ വചനങ്ങൾകൊണ്ട് സമുന്നതമാക്കണമെന്ന് ആഗ്രഹിച്ചു. അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറയ്ക്കപ്പെട്ടവനാകണം. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദീകരണവും റസൂൽകരീം(സ)യുടെ വിശദീകരണവും വിശുദ്ധ ഖുർആന്റെ ഇച്ഛയുമനുസരിച്ച് ശത്രുവിന്റെ ആക്രമണങ്ങൾ ചെറുക്കുകയും ഇസ്ലാമിന്റെ സരക്ഷണത്തിനുള്ള ജോലി നിർവഹിക്കുകയും വേണം. അതുകൊണ്ട് അല്ലാഹു അവന്റെ ജോലി ചെയ്തു. എന്റെ എഴുത്തുകളിൽ തന്റെ സാക്ഷ്യത്തിന്റെ സീൽ വച്ചു.' അവിടന്ന് പറഞ്ഞു: 'അല്ലാഹു എന്നോടു പറയാതിരുന്നതുവരെ ഞാൻ മൗനം പാലിച്ചു. അല്ലാഹു പറഞ്ഞപ്പോൾ പറയുക മാത്രമല്ല മറിച്ച് ആളുകളോടു പറയാൻ നിർദേശിക്കുകയും ചെയ്തപ്പോൾ ഞാൻ പറയുകയാണ്. ഈ പ്രവചനം എല്ലാ നിലയ്ക്കും എന്നിൽ പൂർത്തിയാകുന്നു.' അവിടന്ന് പറയുന്നു:'അല്ലാഹു എന്നോടു പറയുക എന്ന് നിർദേശിച്ചുവെന്നു മാത്രമല്ല തന്റെ അനുഗ്രഹംകൊണ്ട് ഈ പ്രവചനത്തിന്റെ സത്യത്തിനു വേണ്ടി തെളിവെന്നോണം അത്തരം അവസ്ഥകളും സൃഷ്ടിച്ചു. ആകാശത്തിൽ ചന്ദ്രൻ വിളങ്ങുമ്പോൾ അതിനുചുറ്റും അല്ലാഹു നക്ഷത്രങ്ങളെ സൃഷ്ടിക്കുന്നതുപോലെ ഈ നാളുകളിൽ ഒരുപാടാളുകൾ സ്വപ്നങ്ങളും കണ്ടിരിക്കുന്നു. അവയിൽ ഈ സ്വപ്നത്തിലെ വിഷയം ആവർത്തിക്കപ്പെട്ടിരിക്കുന്നു.' പിന്നീട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ജമാഅത്തിലെ സാത്വികരായ ചിലയാളുകളുടേയും തന്റേയും ചിലസ്വപ്നങ്ങളും ഇൽഹാമുകളും അതിനോടനുബന്ധിച്ച് പറഞ്ഞു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹു പലവട്ടം വാഗ്ദത്ത പരിവർത്തനകാരി അല്ലാഹുവിന്റെ സത്യമായ ആത്മാവുകൊണ്ട് വിഭൂഷിതനാണെന്ന് എന്നിൽ തന്റെ അദൃശ്യത്തെ വെളിപ്പെടുത്തി ഈ പ്രവചനത്തെ സത്യമാക്കുകയുണ്ടായി. ഇത് അല്ലാഹു എന്നിൽ വെളിപ്പെടുത്തിയ അവന്റെ അടയാളങ്ങളാണ്. സ്നേഹിതന്മാർ ആദ്യമേതന്നെ ഞാൻതന്നെയാണ് പ്രവചനത്തിന്റെ പുലർച്ചയെന്ന് നിശ്ചയിച്ചിരുന്നുവെന്നും ഇപ്പോഴാണ് ഞാൻ വാദിച്ചതെന്നും ആളുകൾ പറയുന്നതിന്റെ യുക്തി എന്താണ്. ഞാൻ പറയുന്നു, ഇതിലെ യുക്തി വിശുദ്ധ ഖുർആൻ പറയുന്നതുതന്നെയാണ്. **മാകാനല്ലാഹു ലി യുളീഅ അയ്മാനുക്കും**.അല്ലാഹു നബിയെ നിയോഗിച്ചയച്ചതിനുശേഷം വാഗ്ദാനം ചെയ്യപ്പെട്ടയാളെ എഴുന്നേല്പിച്ച് നിറുത്തുന്നു. അവൻ സ്ഥാപിച്ച ജമാഅത്ത് കുഫറിന് ഇരയാകുന്നതും ഈമാൻ നഷ്ടപ്പെടുന്നതും അവൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് അല്ലാഹു മുസ്ലിഹ് മൗഊദിനെ സംബന്ധിച്ച് -അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)തയ്യാറാക്കിയ ജമാഅത്തിൽ സ്വഹാബാക്കളുടെ കാലഘട്ടത്തിൽ വരേണ്ടതിന് ആദ്യം അദ്ദേഹത്തിന്റെ ഖലീഫയാക്കുകയും അദ്ദേഹത്തിൽനിന്ന് അനുസരണപ്രതിജ്ഞ വാങ്ങുകയും അദ്ദേഹത്തെ കുറിച്ച് പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങൾ പൂർത്തിയാകുന്നതിനുള്ള സാധനസാമിഗ്രികൾ ഉണ്ടാക്കുകയും ചെയ്യുന്നതിന് വേണ്ടുന്ന ഉപായം കൈക്കൊണ്ടു. അങ്ങനെ യാഥാർഥ്യം ജമാഅത്തിനുമേൽ പകൽവെളിച്ചംപോലെ തുറന്നപ്പോൾ ആകാശത്തിന്റേയും ഭൂമിയുടേയും രണ്ടിന്റേയും സാക്ഷ്യം സമ്മേളിച്ചു വരുന്നതിനും മുഅ്മിനീംകളുടെ ജമാഅത്തിനെ നിഷേധത്തിന്റെ കളങ്കത്തിൽനിന്ന് സുരക്ഷിതമാക്കുന്നതിനുംവേണ്ടി അദ്ദേഹത്തിനും അതായത് ഖലീഫത്തുൽമസീഹിനും അല്ലെങ്കിൽ മുസ്ലിഹ് മൗഊദാകാൻപോകുന്ന വ്യക്തിക്കും ദൈവിക വാർത്തകളിലൂടെ അറിയിപ്പ് നല്കി.'

അല്ലാഹു ഇക്കാലഘട്ടത്തിലും എല്ലാവരുടേയും വിശ്വാസത്തെ സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. എല്ലാ അഹ്മദികളുടേയും ഈമാനിനെ സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. നിഷേധത്തിന്റെ കളങ്കത്തിൽനിന്ന് എപ്പോഴും സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ജമാഅത്തംഗങ്ങൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ അറിവിൽനിന്നും ജ്ഞാനത്തിൽനിന്നും കൂടുതൽ കൂടുതൽ ഫലമെടുക്കേണ്ടതാണ്. ഉർദുവിലുമുണ്ട്. മറ്റു ഭാഷകളിലും കുറച്ചു സാഹിത്യങ്ങളുണ്ട്. അതു വായിക്കേണ്ടതാണ്. അല്ലാഹു അതിന് എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

**വിവ. മുഹമ്മദ് ഇസ്മായിൽ ആലപ്പി**

# ജെനിറ്റിക് എൻജിനീയറിങ്ങ്

ജെനിറ്റിക്ക് എൻഞ്ചീനിയറിങ്ങ് വളരെ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട ഒരു ജീവശാസ്ത്ര മേഖലയാണ്. കോടാനു കോടി വർഷത്തെ പ്രകൃതിയുടെ വിവേകപൂർണ്ണമായ പരിചരണങ്ങളിലൂടെ ദൈവം വളർത്തിയെടുത്ത ജീവ വ്യവസ്ഥയിൽ മനുഷ്യൻ താൽക്കാലിക ലാഭത്തിന്ന് വേണ്ടി വിവേചന രഹിതമായി ഇടപെടുന്നത് മാരകമായ ഫലങ്ങളുണ്ടാക്കുമെന്ന് ഖലീഫത്തുൽ മസീഹ് താക്കീത് ചെയ്യുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**



*ജെനിറ്റിക് എൻജിനീയറിങ്ങിന്റെ രംഗത്ത്* ഇന്ന് ജീവന്റെ ചില പ്രത്യേകതകൾ മാറ്റാമെന്ന് വന്നിരിക്കുന്നു. പക്ഷേ, താഴെ കാണുന്ന വചനം അവതരിക്കുന്ന കാലഘട്ടത്തിൽ ആർക്കും തന്നെ അത്തരത്തിലുള്ള ഒരു കാര്യം വന്യമായ ഭാവനയിൽ പോലും വിഭാവനം ചെയ്യാൻ സാധ്യമല്ലായിരുന്നു. താഴെ കാണുന്നതാണ് പ്രസക്തമായ ആ വചനം

***.....അവൻ (പിശാച്) പറഞ്ഞു, നിന്റെ ദാസൻമാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗത്തെ ഞാൻ സ്വായത്തമാക്കുകതന്നെ ചെയ്യും. തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറും...***

മൃഗങ്ങളെ അവയുടെ വാൽ വെട്ടിക്കൊണ്ടും ചെവി കീറിക്കൊണ്ടും വികൃതമാക്കുന്ന ആശയമല്ല ഇവിടെ വിശുദ്ധ ഖുർആൻ അർഥമാക്കുന്നത്. മൃഗങ്ങളുടെ ചെവി വെട്ടി വിവിധ ദൈവങ്ങൾക്ക് ബലികൊടുക്കൽ ഇസ്‌ലാമിനു മുമ്പേയുള്ള അറബികളുടെ സമ്പ്രദായമായിരുന്നു. എന്തുതന്നെയായാലും ഇതിനെ പിന്തുടർന്നുകൊണ്ട് അതേ വചനത്തിൽ അതിനേക്കാൾ നാടകീയവും വിപ്ലവകരവുമായ കാര്യങ്ങളാണ് പറയുന്നത്. ആ വചനം അവസാനിക്കുന്നത് പിശാചിന്റെ മറ്റൊരു വിദ്രോഹകരമായ ആഗ്രഹം ആരോപിച്ചുകൊണ്ട് അതായത് ദൈവത്തിന്റെ സൃഷ്ടിപ്രകൃതി മാറ്റിക്കളയാൻ മനുഷ്യരാശിയെ പ്രേരിപ്പിക്കുന്നതാണത്. പ്രസ്തുത വചനം തുടരുന്നു.

***......പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും***

***അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവിനെ കൂടാതെ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു.***

ദൈവത്തിന്റെ സൃഷ്ടിയുടെ പ്രകൃതിയെ മാറ്റാനുള്ള സാധ്യത ഒരിക്കലും പണ്ട് കാലത്തെ ജനതയുടെ ആശയമായിരിക്കില്ല. ഈ വചനത്തിൽ പറയുന്ന സാധ്യതകൾ ഒരിക്കലും തന്നെ പുരാതന കാലത്തെ ചക്രവാളത്തിൽ ഉദിച്ചു കാണാത്തതാണ്. മൃഗങ്ങളുടെ ചെവി കീറുക മുതലായ ബാഹ്യമായ ചില പരിക്കുകളോ ചെറിയ മാറ്റങ്ങളോ ഉണ്ടാക്കുക എന്നത് എല്ലാകാലത്തും മനുഷ്യൻ ചെയ്തിരുന്ന ചില നിസ്സാര പ്രക്രിയകളാണ്. ദൈവത്തിന്റെ സൃഷ്ടിയിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുക എന്നത് അക്കാലത്തെ ജനങ്ങളുടെ ഭാവനകൾക്കതീതമായിരുന്നു. അത് സമീപ കാലത്തെ സംഭവ വികാസങ്ങളാണ്. ജെനിറ്റിക്ക് എൻജിനീയറിങ്ങ്* എന്ന ശാസ്ത്രശാഖ ഓന്നോ രണ്ടോ ദശകങ്ങൾക്ക് മുമ്പേ മാത്രമുണ്ടായ പുതിയ ശാസ്ത്ര ശാഖയാണ്. എങ്കിലും ഈ ശാസ്ത്രശാഖ അതിശീഘ്രം മുന്നോട്ടു ഗമിക്കുകയാണ്. പതിനാലു നൂറ്റാണ്ടുകൾക്ക്മുമ്പേ ഖുർആൻ വ്യക്തമായി താക്കീത് നൽകിയ രംഗത്തേക്കാണ് ഈ ശാസ്ത്രം കുതിക്കുന്നത്. മനുഷ്യൻ സൃഷ്ടിയുടെ സ്വാഭാവിക പദ്ധതിയിൽ ഇടപെടാനാരംഭിച്ചിരിക്കുന്നു. ബാക്ടീരിയയുടേയും പ്രാണികളുടേയും തലത്തിൽ അതിന്റെ ജീവരൂപങ്ങളെ മനുഷ്യ കൽപിതമായ മാർഗങ്ങളിലൂടെ മാറ്റുന്നതിൽ ഒരളവോളം വിജയിക്കുകയും ചെയ്തിരിക്കുന്നു. കുറച്ചു കൂടി മുന്നോട്ടു പോയാൽ അത് അപകടത്തിലേക്ക് ചെന്നു ചാടും. ചില ശാസ്ത്രജ്ഞൻമാർ ഇതിന്റെ വിപത്തിനെപറ്റിയുള്ള അപകടമണി മുഴക്കിക്കഴിഞ്ഞു. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ രംഗത്തുള്ള ശാസ്ത്ര പരീക്ഷണങ്ങളുടെ ചക്രം പിറകോട്ട് തിരിക്കുക എന്നത് അവരുടെ കഴിവിനതീതമായ കാര്യമാണ്.


ജെനിറ്റിക് എൻജിനീയറിങ്ങിന്റെ നൈതികതയെ സംബന്ധിച്ച് ശാസ്ത്ര പണ്ഡിതൻമാർ രണ്ടു ചേരിയിലായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചിലർ അപകടമണി മുഴക്കി അവരുടെ കൈ ഉയർത്തുന്നു. എന്നാൽ, ചിലരാകട്ടെ നാം ഈ ശാസ്ത്രശാഖയെ പൂർണമായും വികസിപ്പിച്ചാൽ സൃഷ്ടിയുടെ രഹസ്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞേക്കുമെന്ന് വാദിക്കുന്നു. ഈ രംഗത്തുള്ള സാങ്കേതിക വികാസം മനുഷ്യന്റെ ഭാവിയെ ശോഭനമാക്കും എന്നാണ് അവർ വിശ്വസിക്കുന്നത്.

അമേരിക്കയിൽ ജനിതക എഞ്ചിനീയറിങ്ങിന് അനുകൂലമായും പ്രതികൂലമായും രണ്ട് ചേരികളിലായി തീക്ഷ്ണമായ സംവാദങ്ങൾ നടന്നു വരികയാണ്. ജെനിറ്റിക് എൻജിനീയറിങ്ങ് രംഗത്തെ അനിയന്ത്രിതമായ പരീക്ഷണങ്ങൾക്കെതിരെ അമേരിക്കൻ കോടതികളിൽ ചില കേസുകളും നിയമ പ്രശ്നങ്ങളും നിലവിലുണ്ട്. ഒരു ജീവിയിൽ നിന്നും മറ്റൊരു ജീവിയിലേക്കുള്ള ജീനുകളുടെ വിനിമയത്തിൽനിന്ന് ഉണ്ടാകുന്ന ഫലങ്ങളെ സംബന്ധിച്ച ശാസ്ത്രീയമായ പ്രതീക്ഷകളെ, തുടർന്ന്നടന്ന ശാസ്ത്രീയ പരീക്ഷണങ്ങൾ പരാജയപ്പെടുത്തിയിരിക്കുകയാണെന്ന് വാദിക്കപ്പെടുന്നു. ഈ ജനിതകമാറ്റങ്ങളെ സംബന്ധിച്ച് ആശങ്കപ്പെട്ടിരുന്നവർ സംശയിച്ചതിനേക്കാൾ കൂടുതലായുള്ള വ്യതിയാനങ്ങളാണ് ചില പരീക്ഷണങ്ങളിൽ സംഭവിച്ചത്. ഇതു വരെ കാര്യങ്ങളൊന്നും നിയന്ത്രിക്കാൻ കഴിയാത്ത വിധം കൈവിട്ടു പോയിട്ടില്ല. ചില വർഗത്തിൽപ്പെട്ട ബാക്ടീരിയകളിലും ധാന്യചെടികളിലും നടത്തിയ പരീക്ഷണങ്ങൾ കാർഷിക ഉൽപ്പാദന വർധനവിനും ചില രോഗങ്ങളിൽനിന്നുള്ള സുരക്ഷക്കും ഗുണകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം നിസ്സാരമായ നേട്ടങ്ങളിൽ വിജയോത്സവം ആഘോഷിക്കുന്നത് കുറേ നേരത്തേയായിപ്പോയിരിക്കുന്നു.

ഇത്തരത്തിൽ ജനിതക വ്യതിയാനം വരുത്തിയ പുതിയ കൃത്രിമ ജീവി വർഗങ്ങളുടെ ഭാവി

---

**ജെനിറ്റിക്ക് എൻജിനീയറിങ്ങ് (Genetic Engineering)**: ജനിതക വസ്തുക്കൾ കൃത്രിമ മാർഗങ്ങളിലൂടെ മാറ്റിത്തിരുത്തി ജീവികളുടെ സ്വാഭാവികവും പരമ്പരാഗതവുമായ ഗുണങ്ങളെ മാറ്റുന്നതിനെയാണ് ജനിതക എൻജിനീയറിങ് എന്ന് പറയുന്നത്. ഡി.എൻ.എയിലെ ജീനുകളാണ് ജീവികളുടെ സ്വഭാവത്തെ നിർണയിക്കുന്നത്. രണ്ട് വിഭിന്ന ജീവികളിലെ ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്ന ജീനുകളെ എൻസൈം ഉപയോഗിച്ച് മുറിച്ചു മാറ്റുകയും ഒട്ടിച്ചു ചേർക്കുകയും ചെയ്ത് സങ്കര ഗുണങ്ങൾ ഉൽപാദിപ്പിക്കാം. 1980ൽ പോൾ ബെർഗ് എന്ന ശാസ്ത്രജ്ഞന് ഇതിനാണ് നോബൽ സമ്മാനം ലഭിച്ചത്. ജനിതക എൻജിനീയറിങ്ങ് ആരംഭം കുറിച്ച ഈ ശാസ്ത്രം 1997 ഫെബ്രുവരിയിൽ ആടിന്റെ ഭ്രൂണ കോശമെടുത്ത് അതിന്റെ ന്യൂക്ലിയസ് നീക്കം ചെയ്ത് അകിടിലെ കോശത്തിൽ നിന്നെടുത്ത ന്യൂക്ലിയസ് അതിന്റെ സ്ഥാനത്ത് കൂട്ടി യോജിപ്പിച്ച് വൈദ്യുത ചാർജിന് വിധേയമാക്കി വിഭജനം നടത്തുകയുണ്ടായി. ടെസ്റ്റ്യൂബിൽ വളർത്തിയ ഈ ഭ്രൂണത്തെ മറ്റൊരു ആടിന്റെ ഗർഭപാത്രത്തിൽ വളർത്തിയെടുത്ത് ഡോളി എന്ന ആടിനെ ഇയാൻ വിൽ മുട്ട് എന്ന ശാസ്ത്രജ്ഞൻ ജനിപ്പിക്കുകയുണ്ടായി. കോടാനുകോടി കൊല്ലമായി ലൈംഗിക പ്രത്യുൽപാദനത്തിലൂടെ നടന്നു വരുന്ന പ്രകൃതിയിലെ പ്രത്യുൽപാദന വ്യവസ്ഥിതി അലൈംഗികമായ (Asexual) കൃത്രിമ മാർഗത്തിലൂടെ അങ്ങനെ അട്ടിമറിക്കപ്പെടുകയുണ്ടായി (വിവ:)



യിലെ ആത്യന്തികമായ ഇക്കോളജീയ(ആവാസ വ്യവസ്ഥയെ സംബന്ധിക്കുന്ന) പ്രത്യാഘാതങ്ങളെന്തായിരിക്കും? ജനിതക വ്യതിയാനം വരുത്തിയ ജീവി സസ്യ രൂപങ്ങളുടെ തുടർച്ചയായ ഏതാനും തലമുറകളുടെ സ്വഭാവം നിരീക്ഷിച്ചാലല്ലാതെ അതിനെ സംബന്ധിച്ച് വിലയിരുത്താൻ സാധ്യമല്ല. ജനിതക വ്യതിയാനം വരുത്തുന്നത് സംബന്ധിച്ച് ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കിയ അപകടങ്ങൾ വസ്തുതാപരമോ യാഥാർഥ്യമോ ആയിരിക്കാം. ജെനിറ്റിക് എഞ്ചിനീയറിങ്ങ് രംഗത്തെ വിവേകശൂന്യമായ പരീക്ഷണങ്ങൾ കർശനമായ നിരീക്ഷണങ്ങൾക്ക് വിധേയമാക്കിയില്ലെങ്കിൽ മനുഷ്യന്റെ നിയന്ത്രണങ്ങൾക്കതീതമായ അപ്രവചനീയമായ ചില ജീവി രൂപങ്ങൾ പൊട്ടിപുറപ്പെടാനിടയാക്കിയേക്കും. ദൈവത്തിന്റെ സൃഷ്ടിയിൽ ഇടപെടുന്നതിനെതിരെയുള്ള ശിക്ഷ ലഭിക്കുമെന്ന ഖുർആന്റെ ഉറച്ച താക്കീത് മനുഷ്യന്റെ ഭൂമിയിലെ ഭാവി ജീവിതത്തെ പറ്റിയുള്ള ആശങ്കകൾ സൂചിപ്പിക്കുന്നു. മനുഷ്യൻ ദൈവംകളി അവസാനിപ്പിക്കുന്നില്ലെങ്കിൽ എന്ത് സംഭവിക്കുമെന്ന് അല്ലാഹുവിന് മാത്രമെ നന്നായറിയൂ. ഉൻമൂലനം പോലെയുള്ളത്ര ഇല്ലെങ്കിലും മറ്റെന്തെങ്കിലും ഭവിഷ്യത്തുകൾ മനുഷ്യനെ എളിമത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുമോ?

ജെനിറ്റിക്ക് എൻജിനീയറിങ്ങിന്റെ ഏത് രൂപത്തിലുള്ള സാധ്യമായ ഉപയോഗത്തെയും ഈ വചനം അപലപിക്കുന്നു എന്ന് കരുതുന്നത് ശരിയല്ല. ദൈവത്തിന്റെ സൃഷ്ടികളെ മാറ്റി മറിക്കുന്നതിനേക്കാൾ അതിന് സേവനം ചെയ്യുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുന്ന ഏതൊരു ശാസ്ത്ര ശാഖയേയും അത് പ്രോത്സാഹിപ്പിക്കാതിരിക്കില്ല. ഉദാഹരണത്തിന് ഒരു അപകടംകാരണം ജനിതക കോഡ് തകരാറിലായത് ശരിയാക്കുന്നതിൽ ജെനിറ്റിക് എൻജിനീയറിങ്ങ് ഏർപ്പെടുമ്പോൾ അതൊരിക്കലും തന്നെ ദൈവത്തിന്റെ സൃഷ്ടിപദ്ധതിയിലുള്ള ഇടപെടലാണെന്ന് പറയാൻ സാധ്യമല്ല. രോഗത്താലോ വിവേകരഹിതമായ മരുന്നിന്റെ ഉപയോഗത്താലോ ജനിതക കോഡ് തകരാറിലായെങ്കിൽ ജനിതക എഞ്ചിനീയറിങ്ങ് ഉപയോഗിച്ച് അതിനെ നന്നാക്കാൻ സാധിക്കും. ഇത് ഒരിക്കലും തന്നെ മേലുദ്ധരിച്ച വചനത്തിൽ അപലപിച്ച സംഗതിയല്ല.

ദൈവത്തിന്റെ മഹത്തായ സൃഷ്ടി പദ്ധതിയിൽ നിസ്സാരമട്ടിൽ ഇടപെടാൻ ശാസ്ത്രജ്ഞൻമാക്ക് തികഞ്ഞ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. മാരകമായ അപകടങ്ങളൊന്നും ഇതുവരെ സംഭവിക്കാത്തതിന് അവർ അവരുടെ ഭാഗ്യത്തോട് നന്ദി പറയട്ടെ. അവർ ആരോടെങ്കിലും നന്ദി പറയുന്നുവെങ്കിൽ മറ്റാരോടുമല്ല അവരോട് തന്നെയാണ് നന്ദി പറയേണ്ടത്. ജനിറ്റിക് എൻജിനീയറിങ്ങ് രംഗത്തെ പരീക്ഷണങ്ങളുടെ പ്രവണതകൾക്കും സാധ്യതകൾക്കും മേൽ ലോക ഗവൺമെന്റുകൾ കർശനമായ ജാഗ്രത പുലർത്തേണ്ടതുണ്ട്. ജീവിലോകത്ത് മൃഗവുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യവർഗത്തിന്റെ മഹത്വത്തിനും ബഹുമതിക്കും അനുഗുണമായി ഭാരം തൂങ്ങുന്നത് എന്താണ്? . മനുഷ്യൻ അവന്റെ തന്നെ സൃഷ്ടിയായ കൃത്രിമ അടിമകളാൽ ഭരിക്കപ്പെടുന്ന, നിർഭാഗ്യവാനായി നോക്കിനിൽക്കേണ്ടിവരുന്ന ആ ദിവസത്തിന്റെ ദുരന്തത്തിൽ നിന്ന് മനുഷ്യരാശി രക്ഷപ്പെടേണമേ എന്നാണ് നമ്മുടെ പ്രതീക്ഷയും പ്രാർഥനയും. ***(Revelation Rationality Knowledge and Truth- First published in 1998, വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)***

ദൈവത്തിന്റെ മഹത്തായ സൃഷ്ടി പദ്ധതിയിൽ നിസ്സാരമട്ടിൽ ഇടപെടാൻ ശാസ്ത്രജ്ഞൻമാക്ക് തികഞ്ഞ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല. മാരകമായ അപകടങ്ങളൊന്നും ഇതുവരെ സംഭവിക്കാത്തതിന് അവർ അവരുടെ ഭാഗ്യത്തോട് നന്ദി പറയട്ടെ.

# ദിവ്യ ഭാഷണം: ഇസ്‌ലാമിന്റെ സജീവ ദൃഷ്ടാന്തം

ദൈവവുമായി മനുഷ്യനുള്ള സജീവ ബന്ധത്തിന്റെ ഉത്തമ നിദർശനമാണ് വെളിപാടുകൾ. ഇസ്‌ലാം മതത്തിൽ ഈ ബന്ധം സാധ്യമാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

പ്രാഥമിക വസ്തുതകളെ സംബന്ധിച്ച് ഒരു പരിധിവരെ ഗ്രഹിക്കാനാണ് ദൈവം മനുഷ്യന്റെ പ്രകൃതിയിൽ യുക്തിജ്ഞാനം നിക്ഷേപിച്ചിട്ടുള്ളത്. അതേപ്രകാരം ദൈവം മനുഷ്യരിൽ ദൈവിക വെളിപാടുകൾ സ്വീകരിക്കുന്നതിനുള്ള ഗുപ്തമായ കഴിവും നിക്ഷേപിച്ചിരിക്കുന്നു. യുക്തിജ്ഞാനം അതിന്റെ പരമാവധിയിൽ വന്നു നിൽക്കുമ്പോൾ സർവശക്തനായ ദൈവം തന്റെ സച്ചരിതരായ ദിവ്യാത്മാക്കൾക്ക് ഗ്രഹണശക്തിക്ക് പൂർണത കൈവരിക്കാനും ദൃഢജ്ഞാനം ആർജിക്കാനും അവരെ ദിവ്യഭാഷണങ്ങളിലൂടേയും ആത്മീയ ദർശനങ്ങളിലൂടെയും നേർമാർഗത്തിലേക്ക് നയിക്കുന്നു. യുക്തിജ്ഞാനത്തിന് എത്തിച്ചേരാൻ സാധ്യമല്ലാത്ത മേഖലയിൽ ദിവ്യവെളിപാടുകളിലൂടെയും ആത്മീയ ദർശനത്തിലൂടെയും എത്തിച്ചേരാവുന്നതാണ്. ഇതു മുഖേന സത്യാന്വേഷികൾ നിശ്ചയജ്ഞാനം പ്രാപിക്കുന്നു. ഇത് അല്ലാഹുവിന്റെ മാർഗവും സമ്പ്രദായവുമാണ്. ഈ മാർഗേണയാണ് സന്മാർഗത്തിലേക്ക് നയിക്കാൻ ഭൂമുഖത്ത് പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടത്. ഈ മാർഗേണ ചരിക്കാതെ ഒരാൾക്കും തന്നെ യഥാർഥ രൂപത്തിലുള്ളതും പരിപൂർണവുമായ ജ്ഞാനഗ്രഹണം സാധ്യമല്ല. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, ഏതൊക്കെ ജ്ഞാനങ്ങളാണ് വെളിപ്പെടുന്നത് ആ ജ്ഞാനങ്ങളെല്ലാം യുക്തിജ്ഞാനത്തിലൂടെ വെളിപ്പെടുത്താനാവുമെന്ന് ശുഷ്ക്കനായ ഒരു തത്ത്വജ്ഞാനി ധൃതിയോടെ ആഗ്രഹിക്കുന്നു. എന്നാൽ യുക്തിജ്ഞാനത്തിന് അതിന്റെ ശക്തിയിൽ കവിഞ്ഞ ഭാരം വഹിക്കാൻ സാധ്യമല്ല എന്ന കാര്യം അയാൾക്കറിയില്ല. അതിന്റെ കഴിവിന്റെ പരിധിയിൽ കവിഞ്ഞൊരു ചുവട് യുക്തിജ്ഞാനത്തിന് വെക്കാനും സാധ്യമല്ല. മനുഷ്യനെ അവന്റെ അഭിലഷിതമായ അതിവിശിഷ്ട യോഗ്യതയിലേക്കെത്തിക്കാൻ ദൈവം അവനിൽ യുക്തിജ്ഞാനത്തിന്റെ കഴിവുകൾ മാത്രമല്ല വെളിപാടുകളും ദിവ്യദർശനങ്ങളും സ്വീകരിക്കാനുള്ള കഴിവും നൽകിയിരിക്കുന്നു എന്ന കാര്യത്തെപ്പറ്റി അവൻ ചിന്തിക്കുന്നില്ല. ദൈവത്തെ തിരിച്ചറിയാൻ മനുഷ്യന് അവന്റെ സമ്പൂർണ ജ്ഞാനത്താൽ നൽകപ്പെട്ട വരദാനങ്ങളിൽ നിന്നും പ്രാഥമികോപാധികൾ മാത്രം ഉപയോഗിക്കുകയും ബാക്കിയുള്ള ജ്ഞാനോപാധികളെസ്സംബന്ധിച്ച് അജ്ഞനായിരിക്കുകയും ചെയ്യുക എന്നത് ദൗർഭാഗ്യത്തിന്റെ ആഴത്തെ കാണിക്കുന്നു. അത്തരം കഴിവുകൾ ഉപയോഗിക്കാതെയും അതിൽനിന്ന് ഫലമെടുക്കാതെയും അതിനെ വൃഥാവിലാക്കുന്നത് വിഡ്ഢിത്തമാണ്. വെളിപാടുകൾ ലഭിക്കുന്ന കഴിവുകൾ ഉപയോഗിക്കാതെ അതിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നുവെങ്കിൽ അയാൾ യഥാർത്ഥത്തിലുള്ള ഒരു തത്വജ്ഞാനിയല്ല. ആയിരക്കണക്കിന് സാത്വികരും സത്യജ്ഞാനം ലഭിച്ച എല്ലാ മനുഷ്യരും പരിപൂർണ ജ്ഞാനത്തിൽ എത്തിച്ചേർന്നത് വെളിപാടുകളുടെ ഉപാധികളിലൂടെയാണെന്നത് ഈ കഴിവിനെ സത്യാപനം ചെയ്യുന്നു. (സുർമെ ചശ്മെ ആര്യ -പേജ് 39-42)

### പ്രവാചകന്മാരല്ലാത്തവർക്കും വെളിപാടുകൾ ലഭിക്കുന്നു.

ചില അല്പജ്ഞാനികളായ മത പണ്ഡിതന്മാർ അവരുടെ വാദങ്ങ

ളിൽ അതിരുകടക്കുന്നു. എത്ര ത്തോളമെന്നാൽ വെളിപാടുകളുടെ വാതിലുകളെല്ലാം അടഞ്ഞുപോയി രിക്കുന്നുവെന്നും വിശ്വാസത്തിൽ പൂർണത പ്രാപിക്കുകയും ആ അനുഗൃഹീത വിശ്വാസത്താൽ സാത്വിക ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു മുസ്‌ലിമിന് പോലും ആ വാതിലുകൾ തുറക്കപ്പെടുക യില്ല എന്നും വാദിക്കുന്നു. ഈ ദിവ്യാനുഗ്രഹം കരഗതമാക്കി വിശ്വാസത്തെ പരിപൂർണമാക്കു കയും പിന്നീട് ആ വിശ്വാസത്തിന്റെ ആകർഷണത്തിൽ സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുക എന്നത് ഈ ഉമ്മത്തിന്റെ വിധിയിൽപ്പെട്ടതല്ല എന്നും അവർ അവകാശപ്പെടുന്നു.

ഇങ്ങനെ ചിന്തിക്കുന്ന ആളു കൾക്കുള്ള മറുപടി ഇതാണ്. അത്തരത്തിൽ മുസ്‌ലിംകൾ നിർഭാ ഗ്യവാന്മാരും അന്ധരും നികൃഷ്ടരു മായ ജനതയാണെങ്കിൽ എന്തിനാണ് പിന്നെ ദൈവം അവർക്ക് ഉത്കൃഷ്ട സമുദായം എന്ന പേരുവെച്ചത്. സത്യമിതാണ് അവരെക്കുറിച്ച് അവർ സ്വയം അങ്ങനെ കരുതുന്നു വെങ്കിൽ അവർ വിഡ്ഢികളും മൂഢന്മാരുമാണ്. സർവശക്തനായ അല്ലാഹു മുസ്‌ലിംകൾക്ക് പഠിപ്പിച്ച സൂറ: ഫാത്തിഹായിലെ പ്രാർഥന യിൽ പ്രവാചകന്മാർക്ക് നൽകിയ അനുഗ്രഹങ്ങൾ മുസ്‌ലിംകളുടെ മേലും ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതിൽ പറയ പ്പെടുന്നത്, ദിവ്യാത്മാക്കൾക്ക് അരു ളപ്പെട്ട ദിവ്യഭാഷണങ്ങളാകുന്ന അനുഗ്രഹങ്ങൾ മറ്റെല്ലാ അനുഗ്രഹ ങ്ങളുടെയും സ്രോതസ്സാണ് എന്നാ ണ്. ദൈവം നമ്മെ ഈ പ്രാർഥന പഠിപ്പിച്ചതു മുഖേന വഞ്ചിക്കുകയാ യിരുന്നോ? ഇസ്രായേൽ സ്ത്രീകളേ ക്കാൾ പ്രയോജനരഹിതരും പതിത രുമായ ഒരു ജനതക്ക് എന്ത് നന്മ യാണ് പിന്നെ അവശേഷിക്കുന്നത്?

മൂസാ നബി (അ) യുടെ മാതാവും ഈസാ നബി (അ) യുടെ മാതാവും പ്രവാചകന്മാരായിരുന്നില്ല എന്നത് സുവിദിതമാണല്ലോ. എന്നിട്ടും അവർ ദൈവത്തിൽ നിന്നുള്ള ഭാഷണങ്ങളാൽ അനുഗൃ ഹീതരായിരുന്നു. ഒരു മുസ്‌ലിം അയാൾ ഇബ്രാഹിം നബി (അ) യെപ്പോലെ പരിശുദ്ധാത്മാവായാ ലും, അല്ലാഹുവിനോടുള്ള അനുസ രണത്താൽ തന്റെ അഹംബോധ ത്തിൽ നിന്ന് സമ്പൂർണമായി മോചി തനായാലും, ദൈവത്തോടുള്ള അനുരക്തിയിൽ ദൈവത്തിൽ സമ്പൂർണനായി ലയിച്ചാലും മൂസാ നബി (അ) യുടെ മാതാവിനെ പ്പോലെ ദിവ്യഭാഷണങ്ങളുടെ സ്വീകർത്താവാകാൻ കഴിയില്ല എന്ന് ഒരു മുസ്‌ലിമിന് സങ്കൽപ്പിക്കാനാവു മോ? ഏതെങ്കിലും യുക്തിബോധ മുള്ള മനുഷ്യൻ ഇത്തരത്തിലുള്ള ലുബ്ധ് ദൈവത്തിൽ ആരോപിക്കു മോ? ലഅ്നത്തുല്ലാഹി അലൽ കാദിബീൻ എന്നല്ലാതെ ഞങ്ങ ളെന്തു പറയുവാനാണ്.

സത്യമിതാണ്. ഈ ആളുകൾ ഭൂമിയുടെ കീടങ്ങളായി മാറുമ്പോൾ ഇസ്‌ലാമിന്റെ ചിഹ്നങ്ങളായി അവ ശേഷിക്കുന്നത് അവരുടെ തലപ്പാ വും താടിയും ചേലാകർമ്മവും ചില വാഗ്ധാടിയും ബാഹ്യമാത്രമായ നമ സ്കാരങ്ങളും വ്രതാനുഷ്ഠാനവും മാത്രമാണ്. ദൈവം അവരുടെ ഹൃദ യചൈതന്യം കെടുത്തിക്കളഞ്ഞിരി ക്കുന്നു. ആയിരക്കണക്കിന് അന്ധ കാരത്തിന്റെ തിരസ്കരണി കൾകൊണ്ട് അവരുടെ നയനങ്ങൾ ആവൃതമാണ്. ആത്മീയ ജീവിത ത്തിന്റെ വിചാരങ്ങൾ അവർക്ക് വിന ഷ്ടമായി. അതുകൊണ്ട് അവർ ദൈവഭാഷണത്തിന്റെ സാധ്യതയെ നിഷേധിക്കുന്നു. സത്യത്തിന്റെ ഈ നിഷേധം വാസ്തവത്തിൽ ഇസ്‌ലാ മിന്റെ നിഷേധവുമാണ്. അവരുടെ ഹൃദയം മൃതപ്പെട്ട നിലയിൽ അവർക്ക് അവരുടെ ഹൃദയത്തിന്റെ യഥാർഥ അവസ്ഥ സാക്ഷാൽക്കരി ക്കാൻ സാധ്യമല്ല. (സമീമ ബറാ ഹീനെ അഹ്മദിയയാ, ഭാഗം 5 പേജ് 142-143)

അല്ലയോ മുസ്‌ലിംകളെ, ജാഗ രൂഗരാകുവിൻ, അത്തരം ചിന്തകൾ തികച്ചും അജ്ഞതയും വിഡ്ഢിത്ത വുമാണ്. ഇസ്‌ലാം അത്തരത്തി ലുള്ള ഒരു മൃതിപ്പെട്ട മതമാണെ ങ്കിൽ ഏതൊരു സമുദായത്തെ യാണ് നിങ്ങൾക്ക് അതിലേക്ക് ക്ഷണിക്കാൻ കഴിയുക. ഈ മത ത്തിന്റെ മൃതശരീരം നിങ്ങൾ ജപ്പാ നിലേക്ക് കൊണ്ടുവരുമോ. അത് നിങ്ങൾ യൂറോപ്പിൽ സമർപ്പിക്കു മോ. അനുഗ്രഹങ്ങളും ആത്മീയ തയും അപഹൃതമായ ഭൂതകാല ത്തിലെ മറ്റു മതങ്ങളെപ്പോലെ മൃതി പ്പെട്ട ഒരു മതത്തോട് അനുരക്തി കാട്ടാൻ മാത്രം വിഡ്ഢിത്തം ആർക്കാണുള്ളത്. അത്തരം മതങ്ങ ളിൽ സ്ത്രീകൾക്കുപോലും ദിവ്യഭാ ഷണങ്ങൾ ലഭിച്ചിരുന്നു. അതായത് മൂസാനബി (അ) യുടെ മാതാവിനും ഈസാനബി (അ) യുടെ മാതാ വിനും വെളിപാടുകൾ ലഭിച്ചിരുന്നു. പക്ഷേ നിങ്ങൾ പുരുഷന്മാരായിരു ന്നിട്ടുപോലും ആ സ്ത്രീകൾക്ക് തുല്യരല്ല. അല്ലയോ മൂഢന്മാരും അന്ധന്മാരുമായവരേ, നമ്മുടെ യജ മാനനും, പ്രഭുവുമായ പരിശുദ്ധ നബിയുടെ (സ) അധ്യാത്മിക പ്രഭാവം മറ്റെല്ലാ പ്രവാചകന്മാരേ ക്കാളും ഉയർന്നുനിൽക്കുന്നു. മറ്റു പ്രവാചകന്മാരുടെ അധ്യാത്മിക പ്രഭാവം ഒരു പരിധി കഴിഞ്ഞാൽ അസ്തമിക്കുന്നു. ഇപ്പോൾ ആ മത ങ്ങളും ആ സമുദായങ്ങളും മൃതപ്രാ യരാണ്. ആ മതങ്ങളിൽ ജീവചൈ തന്യമില്ല. പക്ഷേ, പരിശുദ്ധ നബി (സ) യുടെ ആത്മീയ പ്രഭാവം വിധി നാൾ വരെ നിലനിൽക്കുന്നതാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ജന തക്ക് പുറമെ നിന്നും മസീഹ് വരേണ്ട ആവശ്യമില്ല. പരിശുദ്ധ നബി (സ) യുടെ ഛായയിൽ വളർത്തപ്പെട്ടാൽ വിനീതനായ ഒരാ ളെപ്പോലും മസീഹായി പരിവർത്തി പ്പിക്കാൻ സാധിക്കും. ഈ വിനീതന് സംഭവിച്ചത് അതാണ്. (ചശ്മെ മസീഹി പേജ് 75)

www.alislam.org

# ജീൻ എഡിറ്റിങ്ങ്

ജീനുകളെ മുറിച്ചു മാറ്റിയും കൂട്ടിചേർത്തും ജീവിരൂപങ്ങളിൽ മനുഷ്യൻ വരുത്തുന്ന മാറ്റങ്ങളാണ് ജീൻ എഡിറ്റിങ്ങ്. ദൈവം സൃഷ്ടിച്ച സൂക്ഷ്മ ജീവിയായ ഒരു ബാക്ടീരിയക്കുള്ളിൽ പ്രവർത്തിക്കുന്ന അത്ഭുകരമായ ജൈവ പ്രക്രിയയാണ് മനുഷ്യൻ ഇതിനായി ഉപയോഗപ്പെടുത്തുന്നത്. ജീൻ എഡിറ്റിങ്ങ് നന്മക്കും തിന്മക്കും ഉപയോഗിക്കാം. ദിവ്യമായ മാർഗ നിർദേശങ്ങൾ മനുഷ്യൻ ഇക്കാര്യത്തിൽ പാലിച്ചില്ലെങ്കിൽ ഫലം വിനാശകരമായിരിക്കും.

**സിൻവാൻ ബശാറത്ത്**

എഞ്ചിനിയറിങ്ങ് വൈദഗ്ധ്യം വൻകുതിച്ചു ചാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യന്റെ കണ്ടുപിടുത്ത ശേഷിയോർത്ത് ആരും അത്ഭുതപെട്ടുപോകും. സുപ്രധാനവും അമ്പരപ്പിക്കുന്നതുമായ മനുഷ്യന്റെ ഈ കണ്ടുപിടുത്തങ്ങൾ പരമ സ്രഷ്ടാവായ ദൈവത്തിന്റെ അപാരമായ സൃഷ്ടി വൈഭവവുമായി താരതമ്യം ചെയ്യുമ്പോൾ മനുഷ്യൻ ആർജിച്ച ഈ സാങ്കേതികവിദ്യകളെല്ലാം മങ്ങിപോവുമെന്ന് ഖുർആൻ പറഞ്ഞ യാഥാർഥ്യം നാം മറക്കരുത്. ഒരു ഖുർആൻ വചനം നോക്കു.

***ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാകുന്നു.* (23: 15)**

ബയോടെക്നോളജിയുടെ മേഖല കെട്ടിപ്പടുത്തിരിക്കുന്നത് ഖുർആൻ പറഞ്ഞ ഈ തത്ത്വത്തിലാണ്. മനുഷ്യന്റെ ഏറ്റവും മഹത്തായ കണ്ടുപിടുത്തങ്ങൾ പ്രകൃതിയുടെ ഉള്ളടങ്ങിയതാണ്. മനുഷ്യൻ അത് കണ്ടെത്തുകയും തങ്ങൾക്ക് അത് ഗുണകരമാക്കി മാറ്റുകയുമാണ് ചെയ്യുന്നത്. ഒരു ജീവിയുടെ ജീവവ്യവസ്ഥ എങ്ങനെ കൃത്യവും സമ്പൂർണമായും പ്രവർത്തിക്കുന്നു എന്ന കണ്ടെത്തലാണ് മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി. ബാക്ടീരിയയേ പോലുള്ള സൂക്ഷ്മ ജീവികളിൽ പോലും ഈ ജീവവ്യവസ്ഥയുടെ സങ്കീർണതകൾ അളവറ്റ തോതിലുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രജ്ഞന്മാരാണ് ഈ സങ്കീർണതകളെ മനുഷ്യന് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് കണ്ടെത്തിയത്.

1928ൽ ആയിരുന്നു ആദ്യത്തെ ആന്റി ബയോട്ടിക്കായ പെൻസിലിൻ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയത്. മറ്റു സൂക്ഷ്മ ജീവികൾക്കെതിരെ പൊരുതാൻ ബാക്ടീരിയയും ഫംങ്കിയും ഉപയോഗിക്കുന്ന രാസവസ്തുക്കളാണ് ആന്റി ബയോട്ടിക്കുകൾ എന്ന് പറയുന്നത്. ആന്റിബയോട്ടിക്കുകളുടെ കണ്ടുപിടുത്തം ശാസ്ത്രജ്ഞന്മാർ ചികിത്സക്കുള്ള മരുന്നായി മാറ്റി. അത് ലോകത്തുടനീളം പകർച്ച വ്യാധികളെ അഭൂതപൂർവമായ രീതിയിൽ കുറച്ചു. കോടിക്കണക്കിന് മനുഷ്യ ജീവനുകൾ അങ്ങനെ രക്ഷപ്പെടുകയുണ്ടായി. മറ്റു ജീവികളേയും സസ്യങ്ങളെയും അപേക്ഷിച്ച് ബാക്ടീരിയകളുടെ ജീനുകളിലെ ലാളിത്യം കാരണം അതിൽ മാറ്റം വരുത്താനും പരിഷ്ക്കരിക്കാനും ശാസ്ത്രജ്ഞന്മാർക്ക് എളുപ്പം സാദ്ധ്യമാണ്. ജീനുകളിലെ ഈ മാറ്റത്തിരുത്തൽ പ്രക്രിയയെയാണ് റീ കോമ്പിനേഷൻ (Recombination) പുനസംയോജനം എന്ന് പറയുന്നത്. ഈ ഒരു കണ്ടു പിടുത്തം മൂലം ഡി.എൻ.എ എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയാനും സാധിച്ചു എന്ന്മാത്രമല്ല ജനിറ്റിക്ക് എൻഞ്ചിനിയറിങ്ങ് എന്ന ശാസ്ത്ര ശാഖക്ക് നാന്ദിക്കുറിക്കാൻ സാദ്ധ്യമാകുകയും ചെയ്തു. ഈയൊരു സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ നിരവധി വൈദ്യചികിത്സകൾ ഇന്ന് ലഭ്യമാണ്.

ഉദാഹരണത്തിന് രക്തത്തിൽ



ഉയർന്ന അളവിൽ പഞ്ചസാരയുള്ള പ്രമേയ രോഗികളുടെ രോഗത്തിന് കാരണം ഇൻസുലിൻ ഉദ്പാദിപ്പിക്കുന്ന ഹോർമോണുകളുടെ കുറവാണ്. രോഗികൾക്ക് ഇൻസുലിൻ കുത്തിവെക്കുന്നു. ഇൻസുലിൻ എങ്ങനെ ഉദ്പാദിപ്പിക്കപ്പെടുന്നു എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? മനുഷ്യനിലെ ഇൻസുലിൻ ഹോർമോൺ പുനക്രമീകരിച്ച് ശരിയാക്കുന്ന അതിസങ്കീർണമായ പ്രക്രിയകളിലേക്ക് പോകുന്നതിന് പകരം ശാസ്ത്രജ്ഞന്മാർ എളുപ്പത്തിൽ മനുഷ്യനിലെ ഇൻസുലിൻ ഉദ്പ്പാദനത്തിന് കാരണമാകുന്ന ജീൻ എടുത്ത് അത് ഒരു ബാക്ടീയയുടെ ജീനിൽ കൂട്ടി യോജിപ്പിക്കുന്നു. ഇങ്ങിനെ ജീൻ കൂട്ടി യോജിപ്പിച്ച ബാക്ടീയ ധാരാളമായി ഇൻസുലിൻ ഉദ്പ്പാദിപ്പിക്കുന്നു. അത് ശേഖരിച്ചാണ് പ്രമേഹ ചികിത്സക്ക് ഉപയോഗിക്കുന്നത്. അങ്ങനെ സൂക്ഷ്മ ജീവിയായ ബാക്ടീരിയകളെ ജനിതക ഫാക്റ്ററികളായി നമുക്ക് പരിവർത്തിപ്പിക്കാൻ സാധിക്കുന്നു.

സൂക്ഷ്മ ജീവികളുടെ കഴിവുകൾ നമുക്ക് ഉപകരിക്കുന്ന വിധത്തിൽ പരി വർത്തിപ്പിക്കാൻ കഴിഞ്ഞത് പരമകാരുണികനായ ദൈവത്തിന്റെ സൃഷ്ടിവൈഭവം അനുകരിച്ച് കൊണ്ടാണ്. ഇങ്ങനെ നിരവധി മരുന്നുകൾ ബാക്ടീയകളുടെ ജീൻ പരിഷ്ക്കരണത്തിലൂടെ നമുക്ക് നിർമിക്കാൻ സാധിക്കും. സങ്കീർണമായ മനുഷ്യ സൃഷ്ടിയേക്കൾ സങ്കീർണമാണ് ഒരു ബാക്ടീരിയയുടെ സൃഷ്ടി. മനുഷ്യന് അതിൽ നിന്ന് നന്മകൾ കൊയ്തെടുക്കാനുള്ള അവസരമാണ് ദൈവം നൽകിയിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു.

***ആകാശ ഭൂമികളിലുള്ളതെല്ലാം അവനിൽ നിന്ന് നിങ്ങൾക്കായി അവൻ അധീന പ്പെടുത്തിതന്നിരിക്കുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. (45: 14)***

ദശാബ്ദങ്ങൾ കൊണ്ട് ജെനിറ്റിക്ക് എഞ്ചീനിയറിങ്ങിന്റെ മേഖല ക്രമികമായി വികസിച്ചു. ജനിതകമാറ്റം വരുത്തിയ സസ്യങ്ങളേയും പ്രാണികളേയും, മനുഷ്യന്റെ രോഗചികിത്സക്കുള്ള പ്രാഥമിക പരീക്ഷണ മാതൃകയായി ഉപയോഗിക്കുന്ന എലി മുതലായ ജീവികളെപ്പോലും സൃഷ്ടിക്കാമെന്നായി. ഈ ജീവികളെല്ലാം തന്നെ എന്തായാലും ബാക്ടീരിയയേക്കാൾ സങ്കീർണമാണ്. അത്തരം ജീവരൂപങ്ങളുടെ നിർമാണം പ്രയാസകരവും പണചിലവുള്ളതും സമയ ചിലവുള്ളതുമാണെന്ന് തെളിയിക്കപ്പെട്ടതാണ്.3 പ്രത്യേക സൗകര്യങ്ങളോടു കൂടിയതും ആവശ്യമായി ക്രമീകരിക്കപ്പെട്ടതും ശാസ്ത്രീയവും വ്യാവസായികവുമായി സജ്ജമാക്കപ്പെട്ടതുമായ ലാബുകളിൽ മാത്രമായിരുന്നു അത്തരം ജീവിരൂപങ്ങൾ ഉദ്പാദിപ്പിക്കപ്പെട്ടിരുന്നത്.4 ഇന്ന് ലോക വ്യാപകമായി ലാബുകളിൽ നടത്താൻ സാദ്ധ്യമാവുന്ന ജീൻ എഡിറ്റിങ്ങ് എന്ന ലളിതവും ക്രമാനുഗതമായ പ്രവർത്തനത്തിലൂടെ സദ്ധ്യമാവുന്ന വിപ്ലവകരമായ സാങ്കേതിക വിദ്യയുടെ മദ്ധ്യത്തിലാണ് നാമുള്ളത്.

പല രീതിയിലുള്ള ജീൻ എഡിറ്റിങ്ങ് സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രശസ്തമായത് CRISPR (pronounced as *crisper*, short for **C**lustered **R**egularly-**I**nterspaced **S**hort **P**alindromic **R**epeats) എന്ന ടെക്നിക്കാണ്. 1980 കളിലാണ് CRISPR (ക്രിസ്പർ) എന്ന ഈ സാങ്കേതിക വിദ്യ യഥാർഥത്തിൽ കണ്ടെത്തിയത് പക്ഷേ അത് ബക്ടീരിയയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഇന്ന്വരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.5. 2000 ലാണ് ഗവേഷകന്മാർ ബാക്ടീരിയയിൽ പ്രതിരോധത്തിനായി പ്രവർത്തിക്കുന്നതായി ബാക്ടീരിയയിലെ ക്രിസ്പർ ജീൻ സം വിധാനം കണ്ടെത്തിയത്. അടുത്തകാലത്ത് മാത്രമാണ് ക്രിസ്പർ (CRISPR) സംവിധാനത്തെ ഫലപ്രദമായ രീതിയിൽ ജീൻ മാറ്റത്തിരുത്തലുകൾക്ക് ഉപയോഗപ്പെടുത്താമെന്ന് കണ്ടെത്തിയത്.6 എങ്ങനെയാണ് ക്രിസ്പർ പ്രവർത്തിക്കുന്നതെന്നും അത് ജനിതക മാറ്റത്തിരുത്തലുകൾക്ക് ഉപയോഗിക്കുന്നതെന്നും നോക്കാം.

എല്ലാ ജീവികളെയും പോലെ തുളച്ച് അകത്ത് കയറുന്ന വൈറസിന്റെ ഭീഷണി ബാക്ടീരിയയും അഭിമുഖീകരിക്കുന്നുണ്ട്. ബാക്ടീരിയ ഒരു ഏകകോശ ജീവിയാണല്ലോ, അത് കൊണ്ട് ബാക്ടീരിയെ ഏളുപ്പത്തിൽ ഭേദിച്ച് അകത്ത് കടക്കാൻ വൈറസിന് സാദ്ധ്യമാണ്. ബാക്ടീരിയക്ക്, അതിനെ കടന്നു ആക്രമിക്കുന്ന

വൈറസിനെ തിരിച്ചറിയാനും പ്രതിരോധിക്കാനും പ്രത്യേകം കോശങ്ങളില്ല. മറ്റു ജീവികളെ പോലെ ശ്വേത രക്താണു ക്കളോ പ്രതിരോധകോശങ്ങളോ ഇല്ല. ബാക്ടീരിയക്ക് ഈ വിധത്തിലുള്ള വൈറസ് അക്രമണങ്ങളെ ചെറുക്കാൻ ബാക്ടീരിയക്കകത്തെത്തുന്ന വൈറൽ ജീനുകളുടെ ഒരു ലഘു പകർപ്പ് ബാക്ടീരിയക്കുള്ളിലെ ഡി എൻ എ നിർമിച്ച് പ്രതിരോധിക്കുന്ന രീതിയാണുള്ളത്. ഇതിനെയാണ് ക്രിസ്പർ (CRISPR) എന്ന് പറയുന്നത്.2 ക്രിസ്പർ ജീനുകൾക്ക് എപ്പോഴും ഒരു ജാഗ്രതാ ദൗത്യമാണുള്ളത്. എപ്പോഴെങ്കിലും ഒരു ബാക്ടീരിയ ഒരു വൈറസിനാൽ ആക്രമിക്കപ്പെടുകയാണെങ്കിൽ ബാക്ടീയയിൽ പ്രവേശിക്കുന്ന ആ വൈറസിന്റെ ഡി എൻ എ യുമായി ബാക്ടീരിയയുടെ ജീനുകൾ താദാത്മ്യം പ്രാപിക്കുന്നു. അതായത് ബാക്ടീരിയയുടെ അകത്തേക്ക് കടക്കുന്ന വൈറസി ന്റെ ഡി എൻ എ യെ യുടെ ഒരു പകർപ്പ് ബാക്ടീരിയക്കകത്തുള്ള ഡി എൻ എ ക്ക് നിർമിക്കാൻ കഴിയുന്നു. ബാക്ടീരിയക്കകത്ത് പ്രവേശിച്ച വൈറസിന്റെ ഡി എൻ എ യും വൈറസിന്റെ ഡി എൻ എ യുമായി ഇങ്ങനെ താദാദ്മ്യം പ്രാപിക്കുന്നു. പ്രത്യേക സ്ഥലത്ത് വെച്ച് ആക്രമണകാരിയായ വൈറസിന്റെ ഡി എൻ എ യെ മുറിച്ച് നശിപ്പിക്കാരൻ ബാജ്കീരിയക്കകത്തെ കാസ് പ്രോട്ടീന് (Cas protein) കഴിയുന്നു.7 രസകരമായ കാര്യം കടന്നു കയറുന്ന വൈറസിന്റെ ആക്രമണത്തിന്ന് വിധേയമാവുന്ന ബാക്ടീരിയ ഭാവിയിൽ നടക്കുന്ന വൈറസുകളുടെ അക്രമണങ്ങളെ തിരിച്ചറിയാനും പ്രതിരോധ നിര കെട്ടിപ്പടുക്കാനും അതിന്റെ ക്രിസ്പർ ജീൻ ശേഖരം വിപുലമാക്കുന്നു. 8

ബാക്ടീരിയക്കകത്ത് ഒരു വൈറസ് കടന്ന് ഒരു പ്രതിരോധ സംവിധാനം സൃഷ്ടിച്ച് ആ വൈറസിന്റെ ജീനുകൾ സ്ഥാപിക്കപ്പെടുന്നത് പോലെ മറ്റു ജീനുകളിലെ ഏതെങ്കിലും ഒരു ഭാഗം ബാക്ടീരിയയിലേക്ക് പ്രവേശിപ്പിച്ച് ക്രിസ്പർ ശേഖര ത്തിലെ ഡി എൻ എ യിൽ അതിനെ കൂട്ടി ചേർക്കാൻ കഴിയുമെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തി. ഒരിക്കൽ ഒരു കോശം ഒരു പ്രത്യേക ജീനുമായി ഏറ്റുമുട്ടുമ്പോൾ ഏറ്റുമുട്ടുന്ന ജീനിനെ പ്രതിരോധിക്കാൻ ക്രിസ്പർ വ്യവസ്ഥ അതിന്റേതായ ഡി എൻ എ പകർപ്പുമായി അണിനിരക്കുകയും കടന്നു വന്നു ഏറ്റുമുട്ടുന്ന വിദേശ ഡിഎൻഎയെ സൂക്ഷ്മമായി വെട്ടിമാറ്റുകയും ചെയ്യുന്നു. അങ്ങനെ ആ പ്രത്യേക ജീനിനെ വെട്ടിമാറ്റി പകരം മറ്റൊരു ജീനിനെ ആ സ്ഥാനത്ത് ഒട്ടിച്ച് ചേർക്കുകയും ചെയ്യുന്നു.9 ഇതിൽ നിന്നും മാറ്റം വരുത്തിയ പുറമേനിന്നുള്ള ഡിഎൻഎ മറ്റു പല കോശങ്ങളുമായി വിവിധ തരത്തിലുള്ള ജീവിരൂപങ്ങളും സസ്യങ്ങളും പ്രാണികളുമായി മനുഷ്യ കോശങ്ങളായി പോലും രൂപാന്തരപ്പെടുത്താവുന്നതാണ്. 10,11. അതിന്റെ ലാളിത്യം, ചെലവ്, കുറവ്, ഉന്നതമായ കാര്യക്ഷമത എന്നീ ഗുണങ്ങൾ കാരണം അത് വളരെ പ്രചാരം നേടിക്കഴിഞ്ഞു. ക്രിസ്പർ ടെക്നോളജി അങ്ങനെ ഈ മേഖലയെ വിപ്ലവകരമായി പരിവർത്തനങ്ങളുണ്ടാക്കുകയും ജീൻ എഡിറ്റിങ്ങ് രംഗത്തെ ജനാധിപത്യവത്ക്കരിക്കയും ചെയ്തിരിക്കുന്നു. ഇന്ന് ജീൻ എഡിറ്റിങ്ങ് എന്നത് ഒരു സാധാരണ ലാബിൽ പോലും ചെയ്യാൻ കഴിയുന്നയത്ര ലളിതമാണ്. 12

വിവിധ മേഖലകളിലുള്ള ശാസ്ത്രജ്ഞന്മാർ ജീനുകളെ വെട്ടിമാറ്റാനും കൂട്ടി ചേർക്കാനും ചില പ്രത്യേക തരത്തിലുള്ള ജീൻ പരിവർത്തനങ്ങളെ (മ്യൂട്ടേഷൻ) കുറിച്ച് പഠിക്കാനും പാരമ്പര്യമായുള്ള ജനിതക രോഗങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്നത് എങ്ങനെയെന്ന് പഠിക്കാനും ജീവികളുടെ മോഡലുകൾ സൃഷ്ടിക്കാനും ക്രിസ്പർ ടെക്നോളജി ഉപയോഗിക്കുന്നു. 13,14 അതിനേക്കാളുപരി ക്രിസ്പർ വളരെ ആകർഷകമായ ഒരു ഉപകരണമായി മാറിയിരിക്കുന്നു. കാരണം വൈകല്യങ്ങൾ ബാധിച്ച ജീനുകളെ മാറ്റി പകരം ആ രോഗ്യമുള്ള ജീനുകളെ ശരിയാക്കാൻ ജീൻ തെറാപ്പി ഒരു ഫല പ്രദമായ ഉപകരണമായി ഉപയോഗിക്കാൻ കഴിയുന്നു.15 ഈ മഹത്തായ കണ്ടു പിടുത്തത്തോടൊപ്പം തന്നെ വിവാദങ്ങളുമുണ്ട്.

ഒരു വന്ധ്യതാ ക്ലിനിക്കിൽ നിന്ന് ചൈനീസ് ശാസ്ത്രജ്ഞന്മാർ ശേഖരിച്ച മനുഷ്യ ഭ്രൂണത്തിൽ ക്രിസ്പർ ഉപയോഗിച്ച വിവരം അറിഞ്ഞ് ശാസ്ത്ര സമൂഹം ഞെട്ടുകയുണ്ടായി. രക്തസംബന്ധിയായ ബി തലാസീമിയ (B-Thalassemia) എന്ന രോഗം ബാധിച്ച ഒരാളുടെ രോഗത്തിന് കാരണമയ ജീനിനെ മാറ്റുന്നതിൽ ശാസ്ത്രജ്ഞന്മാർ ഈ ഏഡിറ്റിങ്ങ് ഉപകരണം ഉപയോഗിക്കുകയുണ്ടായി. ഒരു ഭ്രൂണത്തിനകത്തെ ഉപവ്യവസ്ഥ (subset) അവർക്ക് വിജയകരമായി ശരിയാക്കാൻ കഴിഞ്ഞു എന്നാൽ ചില സങ്കീർണതകളും സംഭവിച്ചു. അതായത് അവരുടെ ലക്ഷ്യം തെറ്റി മറ്റു ചില ജീനുകളേയും അത് ബാധിക്കുകയുണ്ടായി.16. മാത്രമല്ല അവർ മാറ്റത്തിരുത്തലുകൾക്ക് ഉപയോഗിച്ച ഭ്രൂണം ജനിക്കാതെ പോകുകയും ചെയ്തു. എന്നിരുന്നാലും അവരുടെ ഈ പ്രവർത്തനം ക്രിസ്പർ ടെക്നോളജിയുടെ നൈതികതക്കെ തിരെ ചോദ്യം ഉയർത്തുകയുണ്ടായി.

മലമ്പനി കൊതുകുകളാണല്ലോ പരത്തുന്നത്. 2015 ഒക്ടോബറിൽ മലമ്പനി രോഗാണുക്കൾക്കെതിരെ പ്രതിരോധ ശേഷിയുള്ള ജനിതക മാറ്റം വരുത്തിയ കൊതുകുകളെ തന്നെ നിർമിക്കുകയുണ്ടായി.17 ജനിതകമായി മാറ്റം വരുത്തിയ കൊതുകുകളെ പരിസ്ഥിതിൽ തുറന്നു വിട്ടു കൊണ്ട് മല

മ്പനിയെ നിയന്ത്രിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഇങ്ങനെ മാറ്റം വരുത്തിയ കൊതുകുകളുടെ തൽസമങ്ങളുണ്ടാക്കി ഒരു ഭൂമേഖലയിൽ അവയെ പരത്തി വിടുകയും അത്തരം കൊതുകുകളുടെ കൂട്ടത്തിന് പ്രാബല്യം വർധിക്കുന്നതിലൂടെ മലമ്പനി പകരുന്നത് തടയാൻ കഴിയും എന്ന് തെളിയിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. മാത്രമല്ല ശാസ്ത്രജ്ഞന്മാരുടെ ഇക്കാര്യത്തിലുള്ള വിജയം അത്തരം ജീൻ എഡിറ്റിങ്ങ് എളുപ്പത്തിൽ സാദ്ധ്യമാണെന്നു വരുത്തുക എന്ന ഉദ്ദേശ്യവും അവർക്കുണ്ടായിരുന്നു. എന്നാൽ മുഴുവൻ പ്രാണികളെയും ഇത്തരത്തിൽ ജനിതക പരമായി മാറ്റത്തിന്നും പരിഷ്ക്കരണത്തിനും വിധേയമാക്കിയാൽ അതൊരു ദുരന്തമായിരിക്കും. നമ്മുടെ ആവാസ വ്യവസ്ഥയിൽ അതുണ്ടാണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമായിരിക്കും.

ക്രിസ്പറിന്റെ ഉപയോഗം കൂടുന്നതനുസരിച്ച് അത്തരം വിവാദാത്മകമായ പരീക്ഷണങ്ങളും തുടർന്നുകൊണ്ടിരിക്കും. 2015 ഡിസംബറിൽ ജനിറ്റിക്കൽ എഞ്ചിനിയറിംങ്ങിന്റെ നൈതികമായ ആശങ്കകൾ ചർച്ചചെയ്യാൻ വാഷിംങ്ങ്ടണിൽ ഒരു ഉച്ചകോടി ചേരുകയുണ്ടായി. അവർ പ്രധാനമായും ചർച്ചചെയ്തത് ജീൻ എഡിറ്റിങ്ങ് മനുഷ്യൻ എങ്ങനെയാണ് ഉപയോഗിക്കുക എന്നതായിരുന്നു ഉച്ച കോടിയിൽ ഇതോടനുബന്ധിച്ച് വളരെ ഗൗരവതരമായ ചോദ്യങ്ങൾ ഉയർന്നു വരികയുമുണ്ടായി.18 മനുഷ്യനിൽ രോഗാതുരമായി പ്രവർത്തനം നിലച്ച ജീനുകളെ അതിന്റെ യഥാർഥമായ ആരോഗ്യാവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുവരുവാനോ, അതല്ല ജീവികളുടെ സ്വഭാവഗുണവും രൂപവും മാറ്റുന്നതിലാണോ ജീൻ എഡിറ്റിങ്ങ് പ്രാധാന്യം കൊടുക്കുക? രോഗികൾക്ക് ജീൻ ചികിത്സ നൽകുന്ന ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും എന്തൊക്കെ നിയന്ത്രണങ്ങളും സുരക്ഷാ മുൻകരുതലുകളുമാണ് ഇക്കാര്യത്തിൽ കൊണ്ട് വരേണ്ടത്? എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് ഈ ഉച്ചകോടി വളരെ നിർണായകമായിരുന്നു. പക്ഷെ ഇക്കാര്യത്തിൽ ഒരു അന്താരാഷ്ട്ര നിയമമോ മാതൃകയോ നിലവിൽ വന്നിട്ടില്ല.19 ആധുനിക കാലത്തെ ഈ ആശങ്കക്ക് വിശുദ്ധ ഖുർആൻ ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ മഹത്തായ ഒരു ഉൾക്കാഴ്ച്ച നൽകിയിട്ടുണ്ട്.

***തീർച്ചയായും ഞാൻ അവരെ വഴി തെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറുകയും പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു (4:120) 20***

അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) അല്ലാഹുവിന്റെ സൃഷ്ടികളെ വികൃതമാക്കും എന്ന ഈ വചനത്തെ വിശദീകരിച്ചു കൊണ്ട് ഒരു ശിശുവിന്റെ ശരീരത്തെ വികൃതമാക്കുകയും രൂപമാറ്റം വരുത്തുകയും ചെയ്യുന്നതിനെ പറ്റിയാണെന്ന് വിശദീകരിക്കുകയുണ്ടായി. ദൈവം നമ്മക്ക് വേണ്ടി ഉപയോഗിക്കുന്നതിനെ തിന്മക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ചാണ് ഈ പ്രതിപാദനം.21 അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്), ഇത് സംബന്ധിച്ച് കൂടുതലായി വിശദീകരിക്കുന്നു. അതായത് ജനിതക ശാസ്ത്രത്തിന്റെ ആവിർഭാവം ഈ വചനത്തിലൂടെ പൂർത്തീകരിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലത്ത് ഇത് ഊഹിക്കുക പോലും സാദ്ധ്യമല്ലായിരുന്നു. അല്ലാഹുവിന്റെ സൃഷ്ടികളെ സംരക്ഷിക്കാൻ വേണ്ടി മാത്രമേ ജീൻ എഡിറ്റിങ്ങ് പോലെയുള്ള ടെക്നോളജികൾ ഉപയോഗിക്കാൻ പാടുള്ളൂ. 22. രോഗാതുരമായ അവസ്ഥയിൽ നിന്ന് ആരോഗ്യകരമായ അവസ്ഥയിലേക്ക് മാറ്റുവാനാണ് അവർ ഈ ടെക്നോളജിയെ ഉപയോഗിക്കേണ്ടത്. പ്രകൃതിക്ക് വിരുദ്ധമായ രീതിയിൽ അവർ സൃഷ്ടികളെ മാറ്റുകയാണെങ്കിൽ അത് വിനാശകരമായ ഫലങ്ങളായിക്കും ഉണ്ടാക്കുക. അത്തരം ദുരുപയോഗങ്ങൾ അല്ലാഹുവിന്റെ അദ്ധ്യാപനങ്ങൾക്കെതിരാണ്. അത് മനുഷ്യനിൽ വ്യർഥമായ ആഗ്രഹങ്ങൾ ജനിപ്പിക്കുന്ന ശൈത്വാന്റെ പ്രേരണയാണ്. 23.

ക്രിസ്പർ ഉപയോഗിച്ചുള്ള ജീൻ എഡിറ്റിങ്ങ് എന്നത് ദൈവം സൃഷ്ടിച്ച ഒരു ബാക്ടീരിയക്കുള്ളിലെ പ്രകൃതി ശക്തിയെ മനോഹരായി മെരുക്കി യെടുക്കലാണ്. മനുഷ്യ വംശം ലോകവ്യാപകമായി സഹിക്കുന്ന വേദനകളെ കുറക്കാനും അസമാന്യമായ കഴിവ് അവക്കുണ്ട്. മാറാരോഗങ്ങൾക്ക് ഫലവത്തായചികിത്സ നൽകുകയും അങ്ങനെ കോടിക്കണക്കിന് ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനും സാദ്ധ്യമാകുന്നു. പുതിയ തരംഗം സൃഷ്ടിച്ചുകൊണ്ട് മുന്നേറുന്ന ജീൻ എഡിറ്റിങ്ങിന്റെ കാര്യത്തിൽ പരമ സ്രഷ്ടാവായ ദൈവത്തിന്റെ മാർഗനിർദേശം അനുസരിച്ചു നിയന്ത്രണങ്ങളും നിയമങ്ങളും കൊണ്ടു വരാൻ ബാദ്ധ്യസ്ഥമാണ്. അതിന് ശേഷം മാത്രമേ നമുക്ക് ഇത്തരം സാങ്കേതിക വിദ്യയിൽ നിന്നും ശരിയായ ഫലം ലഭ്യമായി കൊണ്ട് ദൈവത്തിന്റെ യഥാർഥ അനുഗ്രഹങ്ങൾ ലഭ്യമാകൂ.

മനുഷ്യ ഭാഷ ഒരു നിഗൂഢ യാഥാർഥ്യം – 5

# പ്രഥമ ഭാഷ ഏതാണ്?

സംസ്കൃതമാണ് പ്രഥമ ഭാഷയെന്ന അവകാശ വാദം നിലനിൽക്കുന്നു. എന്നാൽ സംസ്കൃതത്തിന് മുമ്പ് ഒരു പൂർവിക ഭാഷ ഉണ്ടായിരിക്കണമെന്ന് ഇൻഡോളജിസ്റ്റുകളായ ഭാഷാ പണ്ഡിതന്മാർ തന്നെ അഭിപ്രായപ്പെടുന്നു. യുക്തിസഹമായ നിഗമനങ്ങൾ ഭാഷയുടെ പ്രാഥമ്യം മറ്റൊരു ഭാഷയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അത് അറബി ഭാഷയാണ്.

## എ. എം. മുഹമ്മദ് സലിം

ഭാഷകളുടെ സ്രഷ്ടാവും ബോധകനും ദൈവമാണെങ്കിൽ ദൈവത്താൽ ബോധനം ചെയ്യപ്പെട്ട പ്രഥമഭാഷ ഏതാണ്? ഭാഷ ദേശീയ സത്തയുടെ പ്രകാശനമാണ് എന്ന നിലക്ക് ഭാഷയെ സംബന്ധിച്ച ഏതൊരു അവകാശ വാദത്തിനും വൈകാരിക ഭാവമുണ്ട്. അതുകൊണ്ട് പ്രഥമ ഭാഷയെ സംബന്ധിച്ച നിലപാടുകൾ ശാസ്ത്രീയവും യുക്തിപരവുമായ വിശകലനങ്ങളിലൂടെ അവധാന പൂർവം എടുക്കേണ്ട ഒന്നാണ്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ഇത് സംബന്ധിച്ച വാദമുഖങ്ങൾ അനിഷേധ്യവും യുക്തി ഭദ്രവുമാണ്. അദ്ദേഹം എഴുതുന്നു:

***അറബി വാക്കുകൾ ദൈവത്തിന്റെ തിരുവായിൽ നിന്ന് പുറപ്പെട്ട ഗീരുക്കളാണെന്നും ദൈവവാണിയെന്ന് പറയപ്പെടാവുന്ന ഏക ഭാഷ അതു മാത്രമാണെന്നും സർവജ്ഞാനങ്ങളുടെ ജനനിയും ദൈവ വചനത്തിന്റെ വെളി പാടിനുള്ള ആദ്യത്തെ വാഹകവും അതുതന്നെയാണെന്നും ഞാൻ 'മിനന്നുർറഹ്മാൻ' എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട്. അറബി ഭാഷ ദൈവത്തിന്റെ വെളിപാടിനുള്ള ആദ്യത്തെ വാഹകമാണെന്ന് പറഞ്ഞതു അത് അല്ലാഹുവിനാൽ സംസാരിക്കപ്പെട്ടതും അവനോടുകൂടിയതുമായ ഭാഷയും ഇതര ഭാഷകളുടെ മൂലവും ആയിരിക്കുന്നതുകൊണ്ടാണ്. അല്ലാഹുവിന്റെ അന്തിമ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ അറബി ഭാഷയിൽ വെളിപ്പെട്ടതുകൊണ്ടാണ് ആ ഭാഷ ദൈവത്തിന്റെ വെളിപാടിനുള്ള അവസാനത്തെ വാഹകമെന്ന് പറഞ്ഞിരിക്കുന്നത്. (ഇസ്ലാം മത തത്ത്വജ്ഞാനം. ഇസ്ലാം ഉസൂൽ കീ ഫിലോസഫി - ഹദ്റത്ത് അഹ്മദ് (അ))***

ഭാഷ ദൈവത്തിൽ നിന്നും വെളിപാട് മുഖേന അവതരിച്ചതാണെന്ന വാദത്തിലെ ആത്മീയ പ്രതിഭാസം ആധുനിക ഭാഷാ ശാസ്ത്രത്തിന് സംഗതമാവില്ല. കാരണം അത് ഭൗതിക നിരീക്ഷണത്തിന് വിധേയമാക്കാൻ കഴിയുന്ന ഒരു പ്രതിഭാസമല്ല. എന്നാൽ ഭാഷ എന്നത് ഒരു മൂർത്ത യാഥാർഥ്യമാണ്. അറബി ഭാഷയെ ഉപജീവിച്ചു കൊണ്ടു തന്നെ ഹദ്റത്ത് അഹ്മദ് (അ) മുന്നോട്ട് വെക്കുന്ന വാദ മുഖങ്ങൾ വസ്തുനിഷ്ഠ യാഥാർഥ്യം കൂടിയാണ് എന്ന സത്യത്തിന് മുമ്പിൽ ആർക്കും ഒഴിഞ്ഞു മാറാനാവില്ല. ലോകത്ത് സംസാരിക്കപ്പെടുന്ന ഭാഷകളിൽ കാണുന്ന പൊതു സാധർമ്മങ്ങളെ അവലോകനം ചെയ്തു കൊണ്ട് ഹദ്റത്ത് അഹ്മദ്(അ) പറയുകയുണ്ടായി:

ഈ വാദമുഖത്തിന്റെ വിവക്ഷ ഹ്രസ്വമായി പറയുകയാണെങ്കിൽ ലോകത്തിലെ വിവിധ ഭാഷകകൾ പരിശോധിച്ചാൽ അവയെല്ലാം ചില പൊതുവായ പ്രത്യേകതകൾ ഉള്ളതായി കാണാം. കൂടുതൽ ആഴ്ത്തിൽ പരിശോധിക്കുമ്പോൾ പൊതുവായ പ്രത്യേകതകളുള്ള ഈ ഭാഷകളുടെ മാതാവ് അറബി ഭാഷയാണെന്നും മറ്റു ഭാഷകളെല്ലാം ഉരുവം കൊണ്ടത് അറബി ഭാഷയിൽ നിന്നാണെന്ന വസ്തുതയും സ്ഥാപിക്കപ്പെടുന്നു. അതിന് ശേഷം അറബിയുടെ അസാധാരണമായ സവിശേഷതകൾ മനസ്സിലാക്കിക്കൊണ്ട് സമ്പൂർണവും സമഗ്രവുമായ ഗവേഷണങ്ങൾ നടത്തുമ്പോൾ ഇത് ഭാഷാ ജനനി യാണെന്നും സർവശക്തനായ ദൈവത്തിന്റെ പ്രത്യേക ഉദ്ദേശ്യം മുഖേന ആരംഭത്തിൽ തന്നെ മനുഷ്യന്

പഠിപ്പിച്ചു കൊടുത്ത ദിവ്യഭാഷണം മനുഷ്യൻ കണ്ടുപിടിച്ച ഭാഷയെല്ലന്നും ഉള്ള നിഗമനത്തിൽ നാം സംശയലേശമന്യേ എത്തിച്ചേരുന്നു. എല്ലാ ഭാഷകളിലും വെച്ച് വെളിപാട് ഭാഷയായിരുക്കുന്നത് അറബി ഭാഷയാണെന്ന വസ്തുത കുറ്റമറ്റതും അവികലവുമായ ദിവ്യ ബോധനങ്ങളുടെ വാഹകമായിരിക്കുവാൻ അറബി ഭാഷ മാത്രമാണെന്ന തീരുമാനത്തിൽ അവശ്യമായും എത്തിച്ചേരാൻ സഹായിക്കും. ദിവ്യബോധിതമായ ഭാഷയിലൂടെയാണ് സകല ജനങ്ങൾക്കുമുള്ള മാർഗദർശനം ആവശ്യപ്പെട്ട ദിവ്യ ഗ്രന്ഥം വെളിപ്പെടുത്തപ്പെടേണ്ടിയിരുന്നത്. അത് ഭാഷയുടെ മാതാവായിരിക്കുന്ന മൂലഭാഷ തന്നെയുമായിരിക്കണം. എല്ലാ ഓരോ ഭാഷക്കും ആ ഭാഷ സംസാരിക്കുന്നവരുമായി ഒരു സ്വഭാവിക ബന്ധം ഉണ്ടായിരിക്കേണ്ട താണെന്നും ദിവ്യബോധന ഭാഷയായിരിക്കകൊണ്ട് സർവ ശക്തനായ ദൈവത്തിന്റെ ദിവ്യ കരങ്ങളിൽ നിന്നുള്ളവയിൽ കാണപ്പെടുന്ന എല്ലാ അനുഗൃഹീത ഗുണഭാവങ്ങളും അതിനും ഉണ്ടായിരിക്കണമെന്ന് സിദ്ധിക്കുന്നു. അതിനാൽ മറ്റു ഭാഷകളും മനുഷ്യന്റെ ബോധപൂർവമായ പരിശ്രമം കൊണ്ട് നിർമിച്ചതല്ലെന്നതിനാലും ഒരു ദിവ്യഭാഷയിൽ നിന്നും ദൈവിക വിധിപ്രകാരം ഉരുത്തിരിഞ്ഞ വ്യതിരുപങ്ങൾ മാത്രമായിരിക്കയാലും അതിന്റെ തന്നെ സന്താനങ്ങളായിരിക്കയാലും പ്രത്യേക ദേശീയ സമൂഹങ്ങളുടെ നന്മയെ മുൻ നിർത്തി ആ ഭാഷകളിലും ദിവ്യബോധനങ്ങൾ ഇറങ്ങുക എന്നതിൽ അസാംഗത്യം ഒന്നുമില്ല. എന്നാലും ഭാഷകളുടെ ജനനിയും അല്ലാഹുവിന്റെ തിരുവായിൽ നിന്ന് നിർഗളിച്ച യാഥാർഥ്യവും സ്വച്ഛവുമായ ദിവ്യബോധന ഭാഷയും അറബി ഭാഷയായിരിക്കയാൽ അത് അതീവ ശക്തവും ഏറ്റവും ഉന്നതവുമായ ദിവ്യഗ്രന്ഥം അറബിയിൽ തന്നെയാണ് അവതരിക്കേണ്ടതെന്നത് പരമ പ്രധാനമായിരുന്നു. ഈ വാദമുഖം ഖുർആനിൽ ഉന്നയിച്ചിരിക്കുന്നതിലും ഈ അവകാശവാദം ഖുർആൻ മാത്രമാണ് മുന്നോട്ട് വെക്കുന്നത് എന്നതിനാലും അറബി ഭാഷയിലെ മറ്റൊരു ഗ്രന്ഥവും ഈ അവകാശവാദം ഉന്നയിച്ചിട്ടില്ലെന്നതിനാലും ഖുർആൻ ദൈവത്തിൽ നിന്നുള്ളത് തന്നെയെന്നും മറ്റെല്ലാ ഗ്രന്ഥങ്ങളുടെയും രക്ഷകർത്താവു കൂടിയാണെന്നും അങ്ങനെയെല്ലാത്ത പക്ഷം മറ്റെല്ലാ ഗ്രന്ഥങ്ങളും ദുർബലപ്പെടുമാറാകുന്നതാണെന്നും സമ്മതിക്കാതെ തരമില്ല. (മിനനുർ റഹ്മാൻ, Favours of the Beneneficent p.,4,5)

## സംസ്കൃതത്തിന്റെ പ്രശസ്തി

ലോകത്തിലെ ഭാഷകൾ ഒരു പൊതു മൂലത്തിൽ നിന്ന് ഉദ്ഭവിച്ചതാണെന്ന ചർച്ചയിൽ ഭാഷാ ശാസ്ത്രജ്ഞന്മാർ മുൻധാരണകളുടെയും ചില പക്ഷപാതിത്വങ്ങളുടെയും അടിസ്ഥാനത്തിൽ അറബി ഭാഷയെ ഒഴിവാക്കുകയായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഓറിയന്റലിസം പ്രത്യേകിച്ച് ഇൻഡോളജി വളർച്ചയോടെ സംസ്കൃത ഭാഷയിലേക്ക് പണ്ഡിതന്മാരുടെ ശ്രദ്ധ തിരിഞ്ഞു. പുരാതന ഭാരതത്തിലെ പാണിനി, കാർത്യായനൻ, പതഞ്ജലി, ഭൃത്യൂഹരി, സായണൻ മുതലായ വൈയാകരണന്മാരുടേയും നിരുക്തകാരന്മാരുടേയും ഭാഷാ പടുക്കളുടെയും രചനകളും അതുപോലെ സംസ്കൃത ഭാഷയുടെ ഗരിമയും ഉന്നതിയും വിളിച്ചോതുന്നവയാണ്. സർ വില്യം ജോൺസ്, മാക്സ് മുള്ളർ, ഹെർമൻ ജെക്കോബി, ബോപ്പ്, ടി. ജെ മുയിൻ, ബുഹ്ലർ മുതലായ നിരവധി പ്രതിഭാശാലികളായ ഇൻഡോളജിസ്റ്റുകൾ സംസ്കൃതത്തിന്റെ മഹത്വം ലോകത്ത് എടുത്ത് കാട്ടുകയുണ്ടായി. ക്രിസ്തുവിന് രണ്ടായിരം വർഷം മുമ്പ് ജീവിച്ച യാസ്ക്കന്റെ സംസ്കൃത ധാതു പദങ്ങളുടെ നിരുക്ത കോശം വാസ്തവത്തിൽ അവരെ അത്ഭുതപ്പെടുത്തുകയുണ്ടായി. യാസ്ക്കൻ പോലും തന്റെ നിരുക്ത കോശത്തിൽ തനിക്കു മുമ്പുള്ള നിരുക്തകാരന്മാരെ ഉദ്ധരിച്ചിരിക്കുന്നു. ***യാസ്ക നിരുക്തം ആദ്യ നിരുക്തശാസ്ത്ര ഗ്രന്ഥമാണെങ്കിലും യാസ്കൻ ആദ്യത്തെ നൈരുക്തികനല്ല. അഗ്രായണൻ, ഔദുംബരായണൻ, ഔപമന്യവൻ, ഔർണ്ണഭാവൻ, കൗത്സ്യൻ, ഗാർഗ്യൻ, കാത്ഥ്യകൻ കൗത്സൻ, ക്രൗഷ്ടുകി, ഗാലവൻ, ചർമ്മ ശിരസ്, തൈടീകി... എന്നീ പതിനേഴ് പൂർവാചാര്യന്മാരെ പറ്റി യാസ്ക നിരുക്തത്തിൽ പരാമർശമുണ്ട്. (സംസ്കൃത നിരുക്ത കോശം, എം. കെ. രാജഗോപാൽ)*** സംസ്കൃതത്തിലെ മുഴുവൻ പദങ്ങളും ആ ഭാഷയുടെ സ്വന്തം പദങ്ങളിൽ നിന്ന് നിഷ്പാദിച്ചവയല്ല. സംസ്കൃതമായി ഉപയോഗിക്കുന്ന പല പരകീയ പദങ്ങളും സംസ്കൃതത്തിലെ തനത് പദങ്ങളാണെന്ന് പണ്ഡിതന്മാർ വരെ ധരിച്ച് വശായിട്ടുണ്ട്. ഈ കൃത്രിമ സംസ്കൃത പദങ്ങൾക്ക് അവർ സംസ്കൃതമെന്ന വ്യാജ്യേന നിരുക്തികൾ നിർമിക്കുകയും ചെയ്തിട്ടുണ്ട്. ***സംസ്കൃത ഭാഷയിലെ എല്ലാ പദങ്ങളും സ്വന്തം ധാതുക്കളിൽ നിന്ന് നിഷ്പാദിച്ചവയല്ല. പ്രാദേശിക ഭാഷകളിൽ നിന്നും പരദേശ ഭാഷകളിൽ നിന്നും ആദാനം ചെയ്ത പദങ്ങളുണ്ട് ഒട്ടനേകം. എങ്കിലും ആ ദത്ത പദങ്ങൾക്ക് ചിലർ സ്വകീയ പദങ്ങളായി കരുതി നിരുക്തികൾ നിർമിച്ചിട്ടുണ്ട്. കേരളം എന്ന ദ്രാവിഡ പദത്തിനും സിന്ധുവിന്റെ പേർഷ്യൻ ഉച്ചാരണ ഭേദമായ ഹിന്ദുവിനും 'ഇയോണിയ' എന്ന ഗ്രീക്കു പദത്തിന്റെ രൂപാന്തരമായ യവന ശബ്ദത്തിനും സംസ്കൃതത്തിന്റെ നിരുക്തികൾ കാണാം. ഈ പദങ്ങളുടെയെല്ലാം പ്രഭവം താരതമ്യേന സുവിദമാകയാൽ നിരുക്തികൾ കൃത്രിമമെന്ന് വ്യക്തമാണ്. (സംസ്കൃത നിരുക്ത കോശം, ആമുഖം, എം. കെ. രാജഗോപാൽ)***

## അറബിയും സംസ്കൃതവും

സംസ്കൃതത്തിന്റെ ഈ പ്രശസ്തിയെ യുക്തിപൂർവം വിശകലനം ചെയ്തു കൊണ്ട് പ്രശസ്ത അഹ്മമിയ്യാ ഭാഷാ ശാസ്ത്ര പണ്ഡിതൻ ഹദ്റത്ത് അഹ്മദ് (അ) മിന്റെ മിനനുർറഹ്മാന്റെ ഭാഷ്യകാരനായ മുഹമ്മദ് അഹ്മദ് മദ്ഹർ സാഹിബിന്റെ ഇത് സം ബന്ധിച്ചുള്ള സുദീർഘമായ ഒരു ഉദ്ധരണി താഴെ ചേർക്കുന്നു.

ക്രിസ്തുവിന് മുമ്പ് നാലാം നൂറ്റാണ്ടിൽ തന്നെ ഭാരതീയർ ഭാഷാ ശാസ്ത്ര വിഷയത്തിൽ പുരോഗതി നേടിക്കഴിഞ്ഞിരുന്നു. സംസ്കൃതം അതിവിപുലവും മനോഹരവുമായ ഒരു ഭാഷയാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ രണ്ടു കാര്യങ്ങളും യൂറോപ്യൻ പണ്ഡിതന്മാർക്ക് ആ ഭാഷയോടുള്ള ആദരവിനെ ന്യായീകരിക്കുന്നു. സംസ്കൃത ഭാഷക്കുള്ള ഭംഗി ഭാഗികമായി സ്വകീയവും ഭാഗികമായി മനുഷ്യാദ്ധ്വാനത്തിന്റെ ഫലവുമാണ്. വളരെ പഴക്കമുള്ള ഭാഷയായ സംസ്കൃതം ഇതര ഭാഷകളെ അപേക്ഷിച്ച് അറബി ഭാഷയോട് അടുത്ത് നിൽക്കുന്നതായി വ്യക്തമാവും. സംസ്കൃതത്തിന്റെ സ്വകീയ ഭംഗികൊണ്ട് അത് അറബി ഭാഷയോട് വിധേയത്വം പുലർത്തുന്നുണ്ട്. എന്നാൽ അറബി ഭാഷയുടെ അതിവിപുലമായ സമൃദ്ധിയുടെയും ഭാവ സൗന്ദര്യത്തിന്റേയും വളരെ ക്കുറഞ്ഞ ഭാഗമേ സംസ്കൃതത്തിനുള്ളൂ. മനുഷ്യാദ്ധ്വാനത്തോട് അഥവാ യാസ്കൻ, പാണിനി, മുതലായ ഗ്രന്ഥകാരന്മാരുടെ പ്രയത്നങ്ങളോട് സംസ്കൃതത്തിന് കടപ്പാടുള്ളപ്പോൾ അറബി ഭാഷയാകട്ടെ അനാദി കാലം മുതൽ മനുഷ്യരുടെ കരസ്പർശനമേൽക്കാതെ നിലകൊള്ളുകയാണ്. അറബി ഭാഷയുടെ മനോഹാരിത സ്വതസിദ്ധവും ദൈവദത്തവുമാണെന്നർഥം. അറബിയും സംസ്കൃതവും തമ്മിലുള്ള അന്തരം താരതമ്യപ്പെടുത്തുകയാണെങ്കിൽ സ്വാഭാവികമായ ഒരു വസ്തു വിനേയും കൃത്രിമമായ ഒരു വസ്തുവിനേയും ദർശിക്കുന്നത് പോലെയായിരിക്കുമത്.

യൂറോപ്യൻ പണ്ഡിതന്മാർ സംസ്കൃത ഭാഷയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരാവുകയും അതിന്റെ ഫലമായി ഇന്തോ യുറോപ്യൻ ഭാഷകളുടെ മാതാവാണ് സംസ്കൃതം എന്ന സിദ്ധാന്തം ബലപ്പെടുകയും ചെയ്തു. എന്നാൽ പുതിയ അറിവിന്റേയും പരിജ്ഞാനത്തിന്റേയും വെളിച്ചത്തിൽ ഈ സിദ്ധാന്തം യുക്തി സഹമല്ലെന്ന് ഏറെ താമസിയാതെ വ്യക്തമാക്കപ്പെട്ടു. താഴെ നൽകുന്ന തെളിവുകൾ അത് വ്യക്തമാക്കുന്നു.

സർ വില്യം ജോൺസ് (1746–1794) അസാധാരണ പ്രതിഭയുള്ള ഒരു ഭാഷാ പണ്ഡിതനായിരുന്നു. ബ്രിട്ടീഷിന്ത്യയിലെ കൽക്കത്താ സുപ്രിം കോടതി ജഡ്ജിയായി പ്രവർത്തിച്ച് അദ്ദേഹം അറബി, പേർസ്യൻ, സംസ്കൃതം, ഗ്രീക്ക് മുതലായ പത്ത് ഭാഷകളിൽ അഗാധ പണ്ഡിതനും പുരാതന ഇന്ത്യയെക്കുറിച്ച് ആഴത്തിൽ അറിവുള്ള ചരിത്രകാരനും കൂടിയായിരുന്നു. ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാളിന്റെ സ്ഥാപകനുമായിരുന്നു. അദ്ദേഹത്തിന് 28 ഭാഷകൾ വശമായിരുന്നു. ഇസ്ലാമിന് മുമ്പുണ്ടായിരുന്ന ജാഹിലിയ്യാ കാലഘട്ടത്തിലെ മൊഅല്ലക്കാത്ത് ഇംഗ്ലീഷിലേക്ക് ആദ്യമായി വിവർത്തനം ചെയ്തത് അദ്ദേഹമായിരുന്നു. 1786-ൽ ബംഗാളിൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ ഉദ്ഘാടന വേളയിൽ അദ്ദേഹം നിർവഹിച്ച ഒരു പ്രസംഗത്തിൽ സംസ്കൃത ഭാഷകൾക്കും അതുപോലെ ഗ്രീക്ക് ലത്തീൻ ഭാഷകൾക്കെല്ലാം പൂർവഗാമിയായി ഒരു ഭാഷ തീർച്ചയായും ഉണ്ടായിരിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്.

സംസ്കൃത ഭാഷയിലെ ആദ്യത്തെ മഹാനായ യൂറോപ്യൻ പണ്ഡിതനെന്ന് ഗണിക്കപ്പെടുന്ന സർ വില്യം ജോൺസ് 1786 ലാണ് സംസ്കൃതത്തേയും താരതമ്യ ഭാഷാശാസ്ത്ര പഠനത്തേയും യൂറോപ്പിലേക്ക് കൊണ്ട് വന്നത്. അദ്ദേഹത്തിന്ന് 24 വയസ്സുള്ളപ്പോൾ തന്നെയാണ് ഈ വിദേശ ഭാഷാ പരിജ്ഞാനം അദ്ദേഹം ആർജിച്ചത്. 1773-ലാണ് കൽക്കത്തയിൽ സുപ്രിം കോടതി ജഡ്ജിയായി അദ്ദേഹം നിയമിതനായത്. 1786 ൽ സർ വില്യം ജോൺസ് ഒരു പ്രസംഗ മദ്ധ്യേ ഇപ്രകാരം പറഞ്ഞു:

സംസ്കൃത ഭാഷയുടെ പഴമ എന്തുമായിക്കൊള്ളട്ടെ അതിന്റെ ഘടന അത്ഭുതകരമാണ്. ക്രിയാ പദങ്ങളുടെ മൂലം, വ്യാകരണത്തിന്റെ ഘടന എന്നിവകളിൽ ലാറ്റിൻ, ഗ്രീക്ക് ഭാഷകളുമായി സംസ്കൃതത്തിന് കൂടുതൽ ചേർച്ചയുള്ളതായി കാണാം. ഈ മൂന്നു ഭാഷകളും ഏതോ ഒരു പൊതു ഉറവിടത്തിൽ നിന്നുണ്ടായതാണെന്ന് അവ പരിശോധിക്കുന്ന ഏത് ഭാഷശാസ്ത്രജ്ഞനും വിശ്വസിക്കാതിരിക്കില്ല. ആ പൊതു ഉറവിടമാകട്ടെ നിലവിലില്ലതാനും.

വളരെ പ്രധാനപ്പെട്ട രണ്ട് ഉപാധികൾക്ക് ശ്രദ്ധാപൂർവം വിധേയമാക്കിക്കൊണ്ടാണ് സർ വില്ല്യം ഈ പ്രസ്താവന ചെയ്തതെന്ന് ഓർക്കേണ്ടതുണ്ട്.

**(എ)** സംസ്കൃത ഭാഷയുടെ പഴമ എന്തുമാകട്ടെ സർ വില്ലമിന്റെ അഭിപ്രായമനുസരിച്ച് സംസ്കൃതം ആദ്യഭാഷയാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

**(ബി)** പൊതുവായ ഉറവിടമാകട്ടെ ഒരു പക്ഷേ നിലവിലില്ലതാനും ഇതിലടങ്ങിയിരിക്കുന്ന ധ്വനി, പൊതുവായ ഉറവിടം പിന്നീട് കണ്ടെത്തിയേക്കും എന്നാണ്.

സർ വില്യമിന്റെ മേലുദ്ധരിച്ച അഭിപ്രായത്തോട് പിന്നീട് ബോപ്പ് (1791 1887) എന്ന് പേരായ ജർമ്മൻ സംസ്കൃത പണ്ഡിതനും യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്കൃത വ്യാകരണ ഗ്രന്ഥം പോലും

രചിച്ചിട്ടുള്ള മഹാ പണ്ഡി തനാണ് ബോപ്പ്. അദ്ദേഹം പറയുന്നു:

*ഒരു മൂല ഭാഷയിൽ നിന്നുണ്ടായ വ്യതിയാനങ്ങളാണ് ലാറ്റിൻ, ഗ്രീക്ക്, സംസ് കൃതം, എന്നീ ഭാഷകളെന്നു കരുതാൻ ഞാൻ ഏറെക്കുറെ പ്രേരിതനാവുന്നു. സംസ്കൃതം അതിന്റെ ബന്ധു ഭാഷകളെ അപേക്ഷിച്ച് കൂടുതൽ ഭദ്രമായി മൂലത്തെ സംരക്ഷിച്ചു. (ജസ്പേഴസൺ പേജ് 48)*

ഭാഷയെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ ബ്ലൂംഫീൽഡും ഇപ്രകാരം എഴുതുന്നു:

*സംസ്കൃതത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതാണ് യൂറോപ്യൻ ഭാഷകൾ എന്ന അഭിപ്രായത്തിൽ ഭാഷാപരമായ ബന്ധങ്ങളെക്കുറിച്ചുള്ള പഴയ അവ്യക്താശയങ്ങൾ കുറച്ചു കാലം നിലനിന്നു. എങ്കിലും ഈ അഭിപ്രായം സ്വാഭാവികമായും ശരിയായ വിശദീകരണത്തിന് വഴി മാറിക്കൊടുത്തു. ഒരു ചരിത്രാതീത ഭാഷക്ക് പിന്നീടുണ്ടായ വൈവിധ്യമാർന്ന രൂപങ്ങളാണ് സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക് എന്നത്രെ ഇത് സംബന്ധിച്ച് ശരിയായ വിശദീകരണം. (ഇൻട്രഡൊക്ഷൻ ഓഫ് ദ സ്റ്റ്ഡി ഓഫ് ലാംഗ്വേജസ് പേ 12)*

സംസകൃതം ആദ്യത്തെ ഭാഷയല്ലെന്നുള്ള സർ വില്യമിന്റേയും ബോപ്പിന്റേയും വീക്ഷണത്തോട് നിരക്കുന്നതാണ് മുകളിലുദ്ധരിച്ച അഭിപ്രായം എന്ന് വ്യക്തമാണ്.

മാക്സ്മുള്ളർ ഇപ്രകാരം എഴുതി: ഗ്രീക്കിലോ ലാറ്റിനിലോ ഉള്ള ഏതെങ്കിലും വാക്കിനെ സംസ്കൃതത്തിൽ നിന്ന് ഉരുത്തിരിഞ്ഞ നിലക്ക് ചിന്തിക്കാൻ പോലും കാര്യജ്ഞാനമുള്ള ഒരു പണ്ഡിതനും തയ്യാറാവില്ല. ഫ്രഞ്ച് ഇറ്റാലിയൻ ഭാഷകൾക്ക് ലാറ്റിൻ ഏപ്രകാരം മാതാവായിരിക്കുന്നുവോ അത് പ്രകാരം സംസ്കൃതം ഗ്രീക്കിന്റേയോ ലാറ്റിന്റേയോ മാതാവല്ല. സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ എന്നിവ സഹോദരിമാരാകുന്നു. (സയിൻസ് ഓഫ് ലാംഗ്വേജ്. പേ 426)

ഉടനെ ഉയർന്ന് വരുന്ന ഒരു ചോദ്യമുണ്ട്. ഈ മൂന്ന് സഹോദരിമാരുടേയും മാതാവ് എവിടെ? അമ്മ കുറഞ്ഞ കാലം ജീവിച്ചവളും ആകർഷണമില്ലാത്തവളുമായിരുന്നുവോ? പെൺകുട്ടികളാകട്ടെ സ്ഥിരമായ ജീവിത ദൈർഘ്യമുള്ളവരും ലോകത്തിന്റെ പകുതി ഭാഗത്തെ സ്വാധീനിച്ചവളുമായിരുന്നുവോ? സമീപ കാലത്ത് ജീവിച്ച പണ്ഡിറ്റ് ബ്രഹ്മാനന്ദ സരസ്വതി പറയുന്നു:

*വൈദിക ഭാഷയും സംസ്കൃതം എന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന ഭാഷയും ഒന്നു തന്നെയാണെന്ന് വിചാരിച്ചു കൂടാ. വൈദിക ഭാഷയുടെ നേരിട്ടുള്ള തുടർച്ച സംസ് കൃതത്തിനുണ്ടെങ്കിലും രണ്ടും രണ്ടാണ്. വൈദിക ഭാഷക്ക് പല പ്രത്യേകതകളുമുണ്ട്. സംസ്കൃതത്തിൽ നല്ല അറിവ് ലഭിച്ച ഒരാൾക്ക്, വൈദിക ഗ്രന്ഥങ്ങൾ ഭാഷ്യത്തിന്റെ സഹായം കൂടാതെ മനസ്സിലാക്കാൻ കഴിയുകയില്ല. (വോയ്സ് ഓഫ് വേദാസ് പേ 94)*

ഈ വസ്തുതയും സംസ്കൃതം ആദ്യഭാഷയല്ലെന്ന് സമ്മതിക്കുന്നതിന് തുല്യമാണ്. സംസ്കൃതം എന്ന വാക്കു തന്നെ അതിന് തെളിവാണ്. സംസ്കൃതം എന്ന വാക്കിന്റെ അർഥം സംസ്ക്കരിക്കപ്പെട്ടത്, പലതിൽ നിന്നും നല്ലത് എടുത്ത് സമാഹ രിക്കപ്പെട്ടത് എന്നൊക്കെയാണ്. ഒരു വേള യാസ്ക്കൻ, പാണിനി എന്നീ പണ്ഡിത ശ്രേഷ്ഠരുടെ ശ്രമഫലമായി വിവിധ വാമൊഴികൾ സമാഹരിച്ച് ചിട്ടപ്പെടുത്തിയാണ് സംസ്കൃതത്തിന് അന്തിമ രൂപവും വ്യാകരണവും ലഭ്യമായതെന്നു കരുതാം. സംസ്കൃതത്തിന് ധാരാളം സമാന പദങ്ങൾ ഉള്ളതായി കാണുന്നു. അവ വിവിധ വാമൊഴികളിൽ നിന്നും സമാഹരിച്ചതാണ് എന്നതിന് മറ്റൊരു തെളിവാണ്. ഇങ്ങനെയുള്ള സമാഹരണ ഫലമായിട്ടുള്ളതാണ് സംസ്കൃതം.

ഇത്വരെയുള്ള പഠനത്തിൽ നിന്ന് വ്യക്തമാവുന്നത് സർ വില്യം ജോൺസ്, ബോപ്പ്, ബ്ലൂംസ് ഫീൽഡ്, മാക്സ്മുള്ളർ പണ്ഡിറ്റ് ബ്രഹ്മാനന്ദ് എന്നിവരുടെ പ്രസ്താവനകളിൽ സംസ്കൃതം എന്ന വാക്കുതന്നെ നമ്മെ സംശയരഹിതമായി ഒരു തീരുമാനത്തിലെത്തിക്കുന്നു. ഇൻഡോ യൂറോപ്യൻ ഭാഷകൾക്ക് മുമ്പ് അഥവാ സംസ്കൃതത്തിന് മുമ്പ് ഒരു ഭാഷ നിലവിലുണ്ടായിരുന്നുവെന്ന വസ്തുതയാണ്. അതിന് എന്ത് പേർ വേണമെങ്കിലും വിളിച്ചു കൊള്ളുക. പ്രോട്ടോ ആര്യൻ എന്നോ സംസ്കൃതത്തിന് മുമ്പുണ്ടായിരുന്ന ഭാഷയെന്നോ വൈദിക ഭാഷയെന്നോ ചരിത്രാതീത ഭാഷയെന്നോ എങ്ങനെ വേണമെങ്കിലും സംബോധന ചെയ്തുകൊള്ളുക. പേരിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ചരിത്രാതീത കാലത്തെ ആ ഭാഷ ഇപ്പോഴും ഭൂമയിൽ നിലനിൽക്കുന്നുണ്ടോ ഇല്ലയോ? ആര്യൻ സെമിറ്റിക്ക് ഗ്രൂപ്പുകൾക്കിടയിൽ നഷ്ടപ്പെട്ട കണ്ണി ഏതെന്ന് നിശ്ചയിക്കാൻ കഴിയുമോ ഇല്ലയോ എന്നത് മറ്റൊരു പ്രശ്നമാണ്.

സംസ്കൃതത്തെ കുറിച്ച് മേൽ പറഞ്ഞ സിദ്ധാന്തങ്ങൾ ഉണ്ടാകുവാൻ കാരണ മന്വേഷിച്ച് വളരെ ദൂരം പോകേണ്ടതില്ല. സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളുടെ മൂലങ്ങളിൽ പരസ്പരം ചേർച്ച തോന്നിപ്പിക്കുന്ന വശങ്ങളുണ്ട്. ഇവയിൽ കൂടുതൽ പഴക്കവും വിപുലവുമായ ഭാഷ സംസ്കൃതമായത് കൊണ്ട് അതിനെ ജനക ഭാഷയെന്ന് കരുതാനിടയായി എന്ന് മാത്രമേയുള്ളൂ. എന്നാൽ ഈ ഭാഷകളുടെ മൂല ശബ്ദങ്ങളിൽ കൂടുതലായും പരസ്പരം ചേർച്ചയില്ലാത്തതാണ്. അഭിപ്രായ ഗതി

**ശേഷം പേജ് 39 ൽ**

# അന്ത്യകാലത്തെ ചില അടയാളങ്ങൾ

യുഗാന്ത്യത്തിൽ സംഭവിക്കുമെന്ന് അല്ലാഹുവും റസൂൽ തിരുമേനി (സ) യും പറഞ്ഞ നാശകരമായ അടയാളങ്ങൾ നിരന്തരം ലോകത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷക്കുള്ള പ്രവചന സുവിശേഷമായ വാഗ്ദത്ത മഹ്ദി മസീഹിനെക്കുറിച്ചുള്ള പ്രവചനവും പൂർത്തിയായിരിക്കുന്നു. അദ്ദേഹം ആഗതനായിരിക്കുന്നു. വിശ്വാസികൾക്കായി അല്ലാഹു തുറന്നു വെച്ച ഈ രക്ഷാ കവാടത്തെ പറ്റി ജനങ്ങൾ അശ്രദ്ധരാണ്.

**മുഹമ്മദ് ഉമർ കോഴിക്കോട്**

അന്ത്യകാലവുമായി ബന്ധപ്പെട്ട ചില അടയാളങ്ങളെ കുറിച്ച് വിശുദ്ധ ഖുർആനിൽ വിവിധ അധ്യായങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത അധ്യായങ്ങൾ വാഗ്ദത്ത മഹ്ദി മസീഹിന്റെ ആഗമനവുമായി ബന്ധപ്പെട്ടവയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കാലത്ത് ഈ അടയാളങ്ങൾ പുലർന്നു കൊണ്ടിരിക്കുന്നതായി നാം കണ്ടു കൊണ്ടിരിക്കുന്നു.

അൽഫലഖ് എന്ന അധ്യായത്തിൽ സൂചിപ്പിക്കപ്പെട്ട അടയാളങ്ങൾ സംക്ഷിപ്തമായി ഇവിടെ വിവരിക്കുകയാണ്.

*'അഊദു ബി റബ്ബിൽ ഫലഖി മിൻ ശർറി മാ ഖലഖ്'*

അതായത് അൽ ഖലഖിന്റെ സ്രഷ്ടാവും രക്ഷകനുമായ റബ്ബിൽ, ഞാൻ സൃഷ്ടികളുടെ ദ്രോഹങ്ങളിൽ നിന്ന് അഭയം പ്രാപിക്കുന്നു. ഇവിടെ **'ഫലഖ്'** എന്ന പദത്തിന് പല അർഥങ്ങളുമുണ്ട്. അതായത്

1. പ്രഭാതം പൊട്ടിവിടരുക.
2. പിളർപ്പ്
3. സ്ഫോടനം
4. മനുഷ്യകുലം
5. ബീജം അഥവാ വിത്ത്

അല്ലാഹു വിശുദ്ധ ഖുർആനിൽ തന്റെ ഒരു ഗുണമായി പ്രസ്താവിക്കുന്നത് 'ഫാലിക്കുൽ ഹബ്ബി വത്തവ' എന്നാണ്. അതായത് അവൻ ധാന്യമണികളേയും കുരുക്കളേയും (മുളപ്പിക്കുന്നതിനായി) പിളർക്കുന്നവനാണ്. (6:96)

ഇവിടെ ഫാലിഖ് എന്ന വാക്കിന് പിളർക്കുന്നവൻ എന്നാണ് അർഥം. അങ്ങനെ ചെറിയ ബീജം വിതക്കപ്പെടുന്നു. അതിനുശേഷം ആ ധാന്യത്തിൽ ഉണ്ടാകുന്ന പിളർപ്പ് അഥവാ സ്ഫോടനത്തിൽ നിന്ന് ആ വിത്ത് ചെടിയായും അത് വളർന്ന് ഒരു വൃക്ഷമായും പിരിഞ്ഞിരിക്കുന്നു.

മിൻ ശർറി മാ ഖലക്ക അതായത് റബ്ബിന്റെ സൃഷ്ടികളിൽ നിന്നും ഉണ്ടാകുന്ന ദ്രോഹങ്ങളിൽ നിന്നും സർവ സൃഷ്ടികളുടെ രക്ഷിതാവും പരിപാലകനുമായ റബ്ബിനെ ഞാൻ അഭയം പ്രാപിക്കുന്നു എന്ന് പറയുക.

ഇവിടെ അവസാന കാലത്തുണ്ടാകുന്ന ശാസ്ത്രീയമായ പുരോഗതികളുടെ ഫലമായി ലോകത്ത് സംഭവിച്ച് കൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായ അന്തരീക്ഷത്തിൽ നിന്ന് മനുഷ്യകുലത്തെ രക്ഷിക്കുവാനായി അല്ലാഹുവിനെ അഭയം തേടുന്നതിന്റെ ആവശ്യകതയെ ഊന്നി പറയുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*'വമാ കുന്നാ മുഅദ്ദിബീന ഹത്താ നബ് അൻ റസൂലാ'* *(17:16)* നാം ഒരു പ്രവാചകനെ അയക്കാതെ കണ്ടു ഭൂമിയിൽ ശിക്ഷ ഇറക്കുന്നതല്ല.

ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഭയാനകമായ അവസ്ഥയിൽ നിന്നും മോചനം നല്കുവാനായി അല്ലാഹു തന്റെ വാഗ്ദാനം അനുസരിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വാഗ്ദ

ത്ത മഹ്ദി മസീഹായി നിയോഗിക്കുകയുണ്ടായി. അദ്ദേഹം തന്റെ ദൗത്യനിർവഹണത്തിനായി ഒരു ആത്മീയ ജമാഅത്തിനെ രൂപീകരിച്ചു.

ഈ പ്രസ്ഥാനം ഇന്നു ആഗോളാടിസ്ഥാനത്തിൽ അതിന്റെ പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടേയിരിക്കുന്നു. ഇത് സംബന്ധിച്ച് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പ്രസ്താവിക്കുന്നു.

*അല്ലാഹു എനിക്ക് പൊതുവിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങളെ കുറിച്ച് മുന്നറിയിപ്പുകൾ നല്കിയിരിക്കുന്നു. അതനുസരിച്ച് അമേരിക്കയിൽ ഭൂകമ്പം ഉണ്ടായി. അതേ പ്രകാരം യൂറോപ്പിലും ഉണ്ടായി. ഏഷ്യയിലെ വിവിധ സ്ഥലങ്ങളിൽ ഭൂകമ്പം ഉണ്ടാകുന്നതാണ്. അവയിൽ ചിലത് ഖിയാമത്തിന്റെ മാതൃകയിൽ ഉള്ളതായിരിക്കും രക്തപുഴകൾ ഒഴുകും വണ്ണം മരണങ്ങൾ സംഭവിക്കുന്നതാണ്. ഇത്തരം മരണത്തിൽ നിന്നും പക്ഷിമൃഗാദികൾ കൂടി രക്ഷപ്പെടുന്നതല്ല. മനുഷ്യൻ ഭൂജാതനായത് മുതൽ സംഭവിച്ചിട്ടില്ലാത്ത രീതിയിൽ ഭൂമിയിൽ നാശം ഉണ്ടാകുന്നതാണ്. അധിക സ്ഥലങ്ങളും ജനവാസമില്ലാത്തത് പോലെ അടിമേൽ മറിഞ്ഞു പോകും. അതോടൊപ്പം ഭൂമിയിലും ആകാശത്തും വിവിധ രീതിയിലുള്ള ആപത്തുകൾ ഉണ്ടാകുന്നതാണ്. ആ നാളുകൾ സമീപസ്ഥമായിരിക്കുന്നു. മാത്രമല്ല അത് പടിവാതിക്കൽ എത്തിയിരിക്കുന്നു. ലോകം ഒരു ഖിലാഫത്തിന്റെ ദൃശ്യം കാണുകയായിരിക്കും. ഭൂകമ്പം മാത്രമല്ല, വേറെയും പേടിപ്പെടുത്തുന്ന ആപത്തുകൾ ചിലത് ഭൂമിയിലും മറ്റു ചിലത് ആകാശത്തും സംഭവിക്കുന്നതാണ്. ഇങ്ങനെ സംഭവിക്കുന്നത് മനുഷ്യൻ തന്റെ ദൈവത്തിന്റെ ആരാധന ഉപേക്ഷിച്ചത് കൊണ്ടാണ്. മുഴുഹൃദയവും മുഴുശക്തികളും മുഴു ചിന്തകളും ദുനിയാവിന് വേണ്ടി മാത്രമുള്ളത് ആയത് കൊണ്ടാണ്.*

*ഞാൻ വന്നിരുന്നില്ലെങ്കിൽ ചില ആപത്തുകൾക്ക് കാലതാമസം വന്നേനെ. എന്നാൽ ഞാൻ വന്നതോടെ ദൈവ ക്രോധത്തിന്റെ വിശുദ്ധമായ ഉദ്ദേശ്യങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. എപ്രകാരമെന്നാൽ അല്ലാഹു അരുൾ ചെയ്യുന്നു. ഒരു പ്രവാചകനെ അയക്കാതെ കണ്ടു നാം ശിക്ഷ ഇറക്കാറില്ല എന്ന്. തൗബ ചെയ്യുന്നവർ സമാധാനത്തിലായിരിക്കും. പരീക്ഷണങ്ങൾ വരുന്നതിന് മുൻപ് ഭയപ്പെടുന്നവർക്ക് മീതെ കരുണ കാണിക്കപ്പെടും. ഈ ഭൂകമ്പങ്ങളിൽ നിന്ന് നിങ്ങൾ സുരക്ഷിതരാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? തങ്ങളുടെ തന്ത്രങ്ങളാൽ തങ്ങളെ രക്ഷപ്പെടുത്താമെന്ന് നിങ്ങൾ കരുതുന്നുവോ? അമേരിക്ക മുതലായ നാടുകളിൽ കഠിനമായ ഭൂകമ്പങ്ങൾ ഉണ്ടായി. നിങ്ങളുടെ നാടും സുരക്ഷിതമാണെന്നു നിങ്ങൾ കരുതേണ്ട. ഒരു പക്ഷേ അവയെക്കാൾ കഠിനമായ ആപത്തുകളുടെ മുഖം നിങ്ങൾക്ക് കാണേണ്ടിവരുമെന്ന് ഞാൻ കാണുന്നു.*

*അല്ലയോ യൂറോപ്പേ നീയും സുരക്ഷിതമല്ല, അല്ലയോ ഏഷ്യാ നീയും സുരക്ഷിതമല്ല, അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരെ! ഒരു കൃത്രിമ ദൈവവും നിങ്ങളെ സഹായിക്കുന്നതല്ല. ഞാൻ പട്ടണങ്ങൾ ഇടിഞ്ഞു വീഴുന്നതായി കാണുന്നു. ജന ബാഹുല്യമുള്ള സ്ഥലങ്ങൾ വിജനങ്ങളായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം ഒരു നീണ്ട കാലം വരെ മൗനം അവലംബിച്ചു. അവന്റെ കണ്ണുകൾക്ക് മുമ്പാകെ വെറുക്കത്തക്ക കാര്യങ്ങൾ ചെയ്തു. അവൻ മിണ്ടാതെയിരുന്നു. എന്നാൽ ഭയാനകമായ രീതിയിൽ അവൻ തന്റെ മുഖം ഇപ്പോൾ കാണിക്കുന്നതാണ്. വിധിയുടെ പ്രവചനങ്ങൾ പൂർത്തിയാക്കുന്നതാണ്. ആ കാര്യം കാതുള്ളവർ കേട്ടുകൊള്ളട്ടെ. ആ കാലം വിദൂരമല്ല. ദൈവത്തിന്റെ സംരക്ഷണത്തിൻ കീഴിൽ സർവരേയും ഒത്തു ചേർക്കാൻ ഞാൻ അങ്ങേയറ്റം പരിശ്രമിച്ചു. ഞാൻ സത്യമാണ് പറയുന്നത്. ഈ രാജ്യത്തിന്റെ കഷ്ടകാലവും സമീപസ്ഥമായിരിക്കുന്നു. നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺ മുമ്പാകെ വരുന്നതാണ്. ലൂത്തിന്റെ നാട്ടിൽ സംഭവിച്ച കാര്യം നിങ്ങൾ സ്വന്തം കണ്ണുകളാൽ കാണുന്നതാണ്. എന്നാൽ ദൈവം കോപം പ്രകടിപ്പിക്കുന്നതിൽ സാവധാനിയാണ്. നിങ്ങളുടെ മേൽ കാരുണ്യം ഉണ്ടാകുന്നതിനായി തൗബ ചെയ്യുക. ദൈവത്തെ ഉപേക്ഷിക്കുന്നവൻ ഒരു കീടമാകുന്നു. മനുഷ്യനല്ല, അവനെ ഭയപ്പെടാത്തവൻ നിർജീവനാണ്. ജീവനുള്ളവനല്ല.* (ഹഖീഖത്തുൽ വഹ്യ്, ഭാഗം: 263,264)

ഹദ്റത്ത് മസീഹ് മൗഊദ്

ഞാൻ വന്നിരുന്നില്ലെങ്കിൽ ചില ആപത്തുകൾക്ക് കാലതാമസം വന്നേനെ. എന്നാൽ ഞാൻ വന്നതോടെ ദൈവ ക്രോധത്തിന്റെ വിശുദ്ധമായ ഉദ്ദേശ്യങ്ങൾ പ്രത്യ ക്ഷപ്പെട്ടു തുടങ്ങി. എപ്രകാരമെന്നാൽ അല്ലാഹു അരുൾ ചെയ്യുന്നു. ഒരു പ്രവാചകനെ അയക്കാതെ കണ്ടു നാം ശിക്ഷ ഇറക്കാറില്ല എന്ന്. തൗബ ചെയ്യുന്നവർ സമാധാനത്തിലായിരിക്കും.

(അ) തുടർന്ന് അരുൾ ചെയ്യുന്നു അവസാന കാലത്ത് ഭൂമിയിലും ആകാശത്തും വിവിധ തരത്തിലുള്ള ഭയാനകമായ സംഭവങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ്. മറുഭാഗത്ത് അല്ലാഹു പറയുന്നു: ***നാം ഒരു ദൂതനെ അയക്കാതെ കണ്ടു (ഭൂമിയിൽ) ശിക്ഷ ഇറക്കുന്നതല്ല (17:6)***

ഇതിൽ വാഗ്ദത്ത മസീഹിനെ കുറിച്ചുള്ള പ്രവചനം വ്യക്തമായ രീതിയിൽ വിശുദ്ധ ഖുർആനിൽ നിന്ന് സ്ഥാപിതമാണെന്നു മനസ്സിലാവുന്നു. കാരണം ഏതൊരാൾ ശ്രദ്ധയോടും വിശ്വസ്തതയോടും കൂടി ഖുർആൻ പാരായണം ചെയ്യുന്നുവോ അവർക്ക് അവസാന കാലത്ത് ഉണ്ടാകുന്ന കഠിനമായ ദൈവിക ശിക്ഷകളുടെ അവസരത്തിൽ അതായത് ഭൂമിയിൽ പലഭാഗങ്ങളും അടിമേൽ മറിഞ്ഞു പോകുകയും നാനാ ഭാഗങ്ങളിലും മരണം താണ്ഡവമാടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ ഒരു പ്രവാചകന്റെ ആഗമനം *അത്യന്താപേക്ഷിതമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു: ഒരു ദൂതനെ അയക്കാതെ കണ്ട് നാം ശിക്ഷ ഇറക്കുന്നതല്ല എന്ന്. ഭൂതകാലത്ത് നടന്ന സംഭവങ്ങളിൽ നിന്ന് മനസ്സിലാവുന്നത് ചെറിയ തോതിലുള്ള ദൈവിക ശിക്ഷ ഇറങ്ങുമ്പോഴല്ല അതിനു മുമ്പ് ഒരു പ്രവാചകനെ തന്റെ ദൂതനെ അയച്ചു കൊണ്ടിരുന്നു എന്നാണ്. ഈ സ്ഥിതിക്ക് അവസാന കാലത്ത് ഉണ്ടാകുന്നതും ഭൂമി മുഴുവൻ ബാധിക്കുന്നതും മുൻ പ്രവാചകന്മാർ അറിയിച്ചു തന്നതുമായ ദൈവിക ശിക്ഷകളിറങ്ങുന്ന അവസരത്തിൽ ദൈവത്തിങ്കൽ നിന്ന് ഒരു ദൂതനും ഇറങ്ങുന്നില്ല എങ്കിൽ അത് ദൈവിക വചനത്തെ വ്യാജപ്പെടുത്തുന്നതിനു തുല്യമായിരിക്കും. ചുരുക്കത്തിൽ അദ്ദേഹം തന്നെയായിരിക്കും വാഗ്ദത്ത മസീഹായി വന്നിരിക്കുന്നയാൾ.* (ഹഖീഖത്തുൽ വഹ്‌യ് ഭാഗം: 499)

പ്രസ്തുത അധ്യായത്തിൽ ശാസ്ത്ര പുരോഗതി മൂലം ഉണ്ടാകുന്ന ഭയാനകമായ വിപത്തുകളിൽ നിന്നും ആപത്തുകളിൽ നിന്നും മോചനവും മോക്ഷവും ലഭ്യമാവാൻ മിൻ ശർറി മാ ഖലക്ക എന്ന വചനത്തിൽ പറഞ്ഞത് പോലെ സൃഷ്ടികർത്താവായ റബ്ബിനെ ഭയപ്പെടുന്നു എന്ന് പറയുകയും അതിനുത്തരമായി 'വമാ കുന്നാ മുഅദിബീന ഹത്താ നബ് അസ റസൂലാ' ഒരു മുന്നറിയിപ്പുകാരനെ അയക്കാതെ കണ്ട് ലോകത്ത് നാം അദാബ് (ദൈവ ശിക്ഷ) ഇറക്കുന്നതല്ല എന്ന് അല്ലാഹു പറയുന്നു. ചുരുക്കത്തിൽ സ്ഫോടനാത്മകമായ അന്തരീക്ഷത്തിൽ നിന്ന് ലോകം രക്ഷിക്കപ്പെടണമെങ്കിൽ ദൈവ നിയുക്തനായ വാഗ്ദത്ത മസീഹിന്റെ ജമാഅത്തുമായി ബന്ധപ്പെടേണ്ടത് ആവശ്യമാകുന്നു.

**'വമിൻ ശർറി ഖാസിഖിൻ ഇദാ വഖബ്'** രാത്രി സർവത്ര അന്ധകാര നിബിഡമാകുമ്പോൾ ഉണ്ടാകുന്ന ദോഷത്തിൽ നിന്നും ഞാൻ റബ്ബിനെ അഭയം തേടുന്നു. അതായത് അന്ധകാരം നിറഞ്ഞ രാത്രികളിൽ മനുഷ്യന്റെ അശ്രദ്ധ കാരണം അവനുണ്ടാകുന്ന ദ്രോഹങ്ങളിൽ നിന്നും റബ്ബിനെ അഭയം പ്രാപിക്കുന്നു. 'വഖബ' എന്നാൽ സൂര്യ ചന്ദ്ര ഗ്രഹണം ബാധിക്കുക എന്നും അർഥമുണ്ട്. (അഖറബ്)

ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്യുന്നു. നമ്മുടെ ഇമാം മഹ്ദിക്കും രണ്ടു അടയാളങ്ങളാണ് ഉള്ളത്.

ആകാശഭൂമികൾ ഉണ്ടായത് മുതൽ ഇത്തരത്തിലുള്ള അടയാളങ്ങൾ ഉണ്ടായിട്ടില്ല. ഒരേ റമദാൻ മാസത്തിൽ ചന്ദ്രഗ്രഹണത്തിനായി നിശ്ചയിക്കപ്പെട്ട രാവുകളിൽ (13,14,15) അതായത് റമദാൻ മാസം 13-ാം രാവിൽ ചന്ദ്രനും സൂര്യഗ്രഹണത്തിനായി നിശ്ചയിക്കപ്പെട്ട രാവുകളിൽ '27,28,29' മധ്യപകലിൽ 28-ാം തീയതി സൂര്യഗ്രഹണവും ഉണ്ടാകുന്നതാണ്. ആകാശ ഭൂമികൾ ഉണ്ടായത് മുതൽ ഇത്തരത്തിലുള്ള ഒരു സംഭവം ഉണ്ടായിട്ടില്ല. (ദാറുൽ ഖുത്നി, വാള്യം:2, ഭാഗം:61)

ഈ പ്രവചനമനുസരിച്ച് ഹിജ്റ വർഷം 1311 റമദാൻ മാസത്തിൽ 1894 13 ാം രാവിൽ ചന്ദ്രനും അതേ മാസത്തിൽ 28 ാം പകലിൽ സൂര്യനും ഗ്രഹണം സംഭവിച്ചു. ഈ അടയാളങ്ങൾ തന്റെ സത്യത്തിന് സാക്ഷ്യങ്ങളാ

ശാസ്ത്ര പുരോഗതി മൂലം ഉണ്ടാകുന്ന ഭയാനകമായ വിപത്തുകളിൽ നിന്നും ആപത്തുകളിൽ നിന്നും മോചനവും മോക്ഷവും ലഭ്യമാവാൻ മിൻ ശർറി മാ ഖലക്ക എന്ന വചനത്തിൽ പറഞ്ഞത് പോലെ സൃഷ്ടികർത്താവായ റബ്ബിനെ ഭയപ്പെടുന്നു എന്ന് പറയുകയും അതിനുത്തരമായി 'വമാ കുന്നാ മുഅദിബീന ഹത്താ നബ് അസ റസൂലാ' ഒരു മുന്നറിയിപ്പുകാരനെ അയക്കാതെ കണ്ട് ലോകത്ത് നാം അദാബ് (ദൈവ ശിക്ഷ) ഇറക്കുന്നതല്ല എന്ന് അല്ലാഹു പറയുന്നു.

ണെന്നും ഹദ്റത്ത് വാഗ്ദത്ത മസീഹ് അരുൾ ചെയ്യുകയുണ്ടായി. ആകാശത്ത് ദൃശ്യമായ ഈ അടയാളങ്ങൾ തന്റെ സത്യത്തിനു ള്ള സാക്ഷ്യ പത്രങ്ങളാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു

***'എന്റെ സത്യത ബലപ്പെടു ത്തുവാൻ അല്ലാഹുവിൽ നിന്ന് അനേകം തെളിവുകൾ വെളിപ്പെട്ടി ട്ടുണ്ട്. എങ്കിലും ലക്ഷക്കണക്കിന് ജനങ്ങൾ സാക്ഷ്യം വഹിച്ച നൂറിലേറെ പ്രവചനങ്ങൾ പുലരു കയുണ്ടായെങ്കിലും ആദം നബി തൊട്ടുള്ള മറ്റാർക്കും ഇത്തരം അടയാളം നൽകപ്പെട്ടിട്ടില്ല എന്ന് ഈ വെളിപാടിൽ പ്രത്യേക നിലയിൽ പരാമർശിക്കപ്പെട്ടിരിക്ക യാണെന്നും ഓർക്കേണ്ടതാണ്. പരിശുദ്ധ കഅബയുടെ മുമ്പിൽ വെച്ച് പോലും ഈ അടയാളം എന്റെ സത്യത്തെ സാക്ഷ്യപ്പെടു ത്തുന്നതാണെന്നു സത്യം ചെയ്ത് പറയാൻ ഞാൻ സന്നദ്ധനാണ്. (ദാഫി ഉൽ ബലാ)***

*'വമിൻ ശർറി നഫാസാത്തി ഫിൽ ഉഖദ്'* കെട്ടുകളിൽ ഊത പ്പെടുന്നവരുടെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ റബ്ബിനെ അഭയം തേടുന്നു.

അതായത് പരസ്പര ബന്ധ ങ്ങളിലെ കെട്ടുകളിൽ ഊതുന്ന വരുടെ ആ കെട്ടുകളെ ഛിന്നഭിന്ന മാക്കുന്നവരുടെ പരിശ്രമങ്ങളിൽ നിന്നും അവരുടെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ അല്ലാഹുവിനെ അഭയം തേടുന്നു.

നഫാസാത്തി എന്നാൽ വിഷം വമിക്കുന്നവരുടേയും മനുഷ്യ ഹൃദയങ്ങളിൽ ആശാസ്യ മല്ലാത്ത ദുഷ്ടചിന്തകൾ സൃഷ്ടി ക്കുന്നവരുടെ അക്രമണങ്ങൾ, അതായത് ഇവിടെ മുസ്‌ലിംകളുടെ പരസ്പരമുള്ള ഐക്യദാർഢ്യത്തെ നശിപ്പിക്കുകയും ഛിന്നഭിന്നമാക്കു കയും ചെയ്യുന്ന തീയ്യ ശക്തികളിൽ നിന്നും തങ്ങളെ രക്ഷിക്കുന്നതി നായി ദൈവിക സഹായം ആർജി ച്ചുകൊണ്ടുള്ള ഒരു പ്രാർഥനയാ ണിത്.

ഹദ്റത്ത് റസൂൽ കരീം (സ) ന്റെ കാലത്ത് ഏക സമുദായമായി സുദൃഢമായ ഐക്യത്തിൽ വർത്തിച്ചിരുന്ന മുസ്‌ലിം സമുദായം 73 കക്ഷികളും പ്രതികക്ഷികളു മായി ചിന്നിച്ചിതറി പോകുന്നതാണ്. തിരുനബിയുടെ പ്രവചനമനുസരി ച്ച് തന്റെ സമുദായം 73 കക്ഷികളായി പിരിഞ്ഞു പോകണ മെന്നും അവയിൽ 72 കക്ഷികളും നരകാവകാശികളും ഒരു കക്ഷി മാത്രം മോക്ഷാർഹരായിരിക്കും ഒരേ ഒരു നേതാവിന്റെ കീഴിൽ വർത്തിക്കുന്ന ആ ആഗോള ജമാഅത്ത് തന്റെയും തന്റെ അനുചരന്മാരുടെയും പ്രവർത്തന പാനലവും സ്വീകരിക്കുകയും ചരിക്കുകയും ചെയ്യുന്നവരായി യിരിക്കും. (പ്രസ്തുത ഹദീസിന്റെ വ്യാഖ്യാനമായ മിർഖാത്ത്, വാള്യം:1, ഭാഗം:204)

അതായത് 72 കൂട്ടരും നരക ത്തിൽ പതിക്കുന്നവരായിരിക്കും. മോക്ഷാർഹമായ ജമാ അത്ത് മുഹമ്മദിയ്യ സുന്നത്തിൽ ചരിക്കുന്ന പരിശുദ്ധ അഹ്മദിയ്യാ തരീഖത്തിൽ (പ്രസ്ഥാനത്തിൽ) പെടുന്നവരു മായിരിക്കും. പ്രസ്തുത പ്രവചന മനുസരിച്ച് ജമാ അത്ത് അഹ്മദിയ്യ സ്ഥാപിതമായി. ആ പ്രസ്ഥാനം ഇന്ന് ലോകത്തുള്ള 207 രാജ്യ ങ്ങളിൽ കാലൂന്നി പ്രവർത്തന നിരതരായിരിക്കുകയാണ്. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപനത്തോടു കൂടി അതിനെ നശിപ്പിക്കുവാൻ ഭയാനമായ രീതിയിൽ എതിർപ്പു കൾ അഴിച്ചു വിടാൻ തുടങ്ങി. ഭരണകൂടങ്ങളുടെയും മത സംഘട നകളുടെയും ആനുകൂല്യം കരസ്ഥ മാക്കിക്കൊണ്ടു ഈ ജമാഅത്തി നെതിരിൽ സത്യനിഷേധികൾ അഹോരാത്രം പരിശ്രമിച്ചുകൊണ്ടി രിക്കുന്നു. എന്നാൽ ഇവരുടെ എല്ലാ പ്രവർത്തനങ്ങളും പരാജയമടയുക യാണ്. മറുഭാഗത്ത് ഈ ദൈവിക പ്രസ്ഥാനത്തിന് നാൾക്കു നാൾ ആഗോള തലത്തിൽ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ അഭിവൃദ്ധിയും പുരോഗതിയും കണ്ടു സത്യവിശ്വാസികൾ തങ്ങളു ടെ അസൂയ പ്രകടിപ്പിച്ചുകൊണ്ടി രിക്കുന്നു. സൂറത്തുന്നാസ് എന്ന ആയത്തിലൂടെ ഇതും പ്രകടമാവു ന്നുണ്ട്.

*'മിൻ ശർറി ഹാസിദിൻ ഇദാ ഹസദ്'*

അസൂയാലുക്കൾ അസൂയ പ്രകടിപ്പിക്കുമ്പോൾ നിങ്ങൾ അല്ലാഹുവിലേക്ക് അഭയം തേടുക എന്ന് കല്പിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിലെ പല അധ്യായങ്ങളി ലും വാഗ്ദത്ത മഹ്ദി മസീഹിന്റെ ആഗമനത്തെ സംബന്ധിച്ചു പ്രതിപാദിച്ചിട്ടുണ്ട്.

സാഫ് ദിൽകൊ കസ്റത്തെ ഇഅ്ജാസ്കി ഹാജത്ത് നഹി.

ഏക് നിശാൻ കാഫി കഹ ഹർദിൽമെ ഹോ ഖൌ കിർദുഗാർ

ശുദ്ധ ഹൃദയമുള്ളവർക്ക് ധാരാളം അടയാളങ്ങൾ ആവശ്യം വരുന്നില്ല. ഹൃദയത്തിൽ ദൈവ ഭയം ഉണ്ടെങ്കിൽ ഒരേയൊരു അടയാളം മാത്രം മതിയാകുന്നതാ ണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**ആകാശങ്ങളിലും ഭൂമിയി ലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ അവയുടെ അരികിൽ കൂടി (അവ കണ്ടു കൊണ്ട്) അശ്രദ്ധരായി അവർ കടന്നു പോകുന്നു.** (12:16) അല്ലാഹു നമ്മെ അവരിൽ പ്പെടുത്താതിരിക്കട്ടെ.

www.alislam.org

# സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും

എല്ലാ മത-വിശ്വാസങ്ങളിലും സ്വർഗ്ഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്

ഫസൽ അഹ്മദ്

വിശുദ്ധഖുർആനിൽ സ്വർഗ്ഗനരകങ്ങളെ സംബന്ധിച്ചും മനുഷ്യന്റെ ഭൗതികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കുള്ള പരിണാമത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. മതപ്രമാണങ്ങളിലുള്ള ഏറ്റവും വിശദമായ വിവരണം ഒരുപക്ഷെ ഖുർആനിലുള്ളതായിരിക്കാം. താഴെ കൊടുത്ത ഖുർആനിക സൂക്തങ്ങൾ അടിസ്ഥാനപരമായ വീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

"എന്നാൽ ദൗർഭാഗ്യവാന്മാരാവട്ടെ അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണ് ഉണ്ടായിരിക്കുക.

ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലം ഒഴിച്ച്. നിന്റെ നാഥൻ അവനുദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവൻ തന്നെയാണ്.

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗ്ഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന (കാല)മൊഴിച്ച്. നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന സമ്മാനമായി (അവർക്കതുണ്ടാകും)" *(സൂറ ഹൂദ്: 107-109)*

നരകത്തിന്റെ ദൈർഘ്യം പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ദൈവേച്ഛക്ക് വിധേയമായിരിക്കും അതിന്റെ കാലപരിധി. അങ്ങനെ നോക്കുമ്പോൾ നരകത്തിൽ പ്രവേശിക്കുന്നതോടെ ശാശ്വതമായ നാശമാണ് എന്ന് ഇതിനർത്ഥമില്ല. ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രക്രിയ ആരംഭിക്കുന്നത് മുതൽ സ്വർഗ്ഗപ്രവേശനത്തിന് സന്നദ്ധമാകുന്നത് വരെയുള്ള കാലമായിരിക്കും അത്. നരകം ഒരു ചികിത്സാ പ്രക്രിയയോ താൽക്കാലികമോ അല്ലെന്ന് ചിത്രീകരിക്കുന്ന മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണമാണിത്.

മരണത്തിനും വിധിന്യായദിവസത്തിനും ഇടയിൽ എന്ത് സംഭവിക്കുന്നു എന്ന ഒരു ചെറിയ കാര്യവും ഉണ്ട്. അതിന് ശേഷം ആത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നു.

ഇസ്‌ലാമിക തത്വശാസ്ത്രമനുസരിച്ച് ആത്മാവ് ശരീരത്തിൽ നിന്നും വേർപ്പെട്ട് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുന്നു. പക്ഷെ ഇത് പെട്ടെന്ന് സംഭവിക്കുന്നില്ല. ഭൗതികലോകവുമായി വളരെയധികം ഒട്ടിച്ചേർന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ കഴിയേണ്ടി വരും. എന്നാൽ തന്റെ സ്രഷ്ടാവിനു വേണ്ടി എല്ലാം ത്യാഗം ചെയ്ത ഒരു ആത്മീയ മനുഷ്യന്റെ കാര്യത്തിൽ ആത്മാവ് ശരീരത്തെ കൈവെടിയുന്നത് താരതമ്യേന വേഗത്തിലായിരിക്കും. എന്നാലും അത് പെട്ടെന്നുണ്ടാവില്ല. (ഒരു പ്രവാചകന്റെ കാര്യത്തിൽ ഇത് തന്നെയാണ് സംഭവിക്കുക)

വിധിന്യായ ദിവസം ഒരു മനുഷ്യന് തന്റെ ഭൗതികജീവിതത്തിലെ പ്രവൃത്തികൾ ഗോപ്യമാക്കി വെക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ അയാളുടെ പ്രവൃത്തികളെക്കുറിച്ച് ശരീരം തന്നെ സാക്ഷ്യം വഹിക്കുന്നു.

താഴെക്കൊടുത്ത ഖുർആൻ സൂക്തങ്ങൾ ഇക്കാര്യം വിവരിക്കുന്നു.

"അല്ലാഹുവിന്റെ ശത്രുക്കളെ ഒരുമിച്ചു കൂട്ടി നരകത്തിലേക്ക് നയിക്കുകയും അങ്ങനെ അവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന നാളിൽ. അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദി

ക്കും. 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്.?" ആ ചർമ്മങ്ങൾ പറയും "സർവ്വ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല, പക്ഷെ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു (സൂറ ഹാമീം സജദ 20-23)

ന്യായപൂർണ്ണമായ വിചാരണക്ക് ശേഷം ആത്മാവിന്റെ അവസ്ഥയുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിധി കൽപ്പിക്കപ്പെടുന്നു എന്ന് വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

അതിനാൽ മനുഷ്യന്റെ മരണ ശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഇതാണ്. ഈ സംഭവങ്ങൾ ജീവിക്കുന്ന മനുഷ്യന് ഫലപ്രദമായ അതിർത്തികൾ നിർണ്ണ യിക്കപ്പെടാത്തതാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുന്നറിവു കൊണ്ടോ അനുഭവം കൊണ്ടോ അത്തരം ഒരു പദ്ധതി അനുഭവഗോചരമാണ് എന്നത് ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചടത്തോളം വിഷമകരമാണ്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു കഴിയാത്ത വ്യക്തികൾക്ക് ഇത്തരമൊരു പദ്ധതി സ്വതന്ത്രമായി കെട്ടിച്ചമക്കാൻ കഴിയുകയെന്നത് അതിനേക്കാളേറെ അസാദ്ധ്യമാണ്. ലോകത്തെങ്ങുമുള്ള പൗരാണികമായ വിവരങ്ങൾ നമുക്ക് മുമ്പിൽ വെക്കുന്ന മരണാനന്തരാവസ്ഥയെ സംബന്ധിച്ച് പരിശോധിക്കാം.

### പുരാണം

പുരാണങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ഇപ്പോഴും വേർതിരിച്ചെടുക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ അതിനെ ആവരണം ചെയ്തതായി കാണാം. പലപ്പോഴും അത്തരം പാരമ്പര്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നതും അവ ഭാവി തലമുറയിലേക്ക് കൈമാറുന്നതും ലിഖിതരൂപത്തിലല്ല, വായ്മൊഴി മുഖേനയാണ്. ഇന്ത്യയിൽ ഹിന്ദുവേദങ്ങൾ പോലെ ചിലപ്പോൾ അവ ലിഖിതരൂപത്തിൽ നിലനിൽക്കുന്നു.

ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്താൻ വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പൊതുവായ ധാരണയിലെത്താൻ ഈ വിവരങ്ങൾ താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മതതാരതമ്യപഠനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ജോസഫ് കാമ്പൽ, മിർസിയ ഇല്ല്യാസ് എന്നീ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങൾ സൽഫലമുളവാക്കിയിട്ടുണ്ട്. മരണാന്തര ജീവിതത്തെക്കുറിച്ചുള്ള പൗരാണിക വിവരണങ്ങളുടെ ഈ പഠന സംഗ്രഹം എല്ലാം ഉൾക്കൊള്ളുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല.

ഈ വിഷയകമായി പൗരാണികമായ എല്ലാ വിവരങ്ങളും അത് ഉൾക്കൊള്ളണമെന്നില്ല. ഒരു മത ചർച്ചയിൽ അതെല്ലാം പുരാണകഥകൾ എന്ന് പറഞ്ഞ് തള്ളിക്കളയപ്പെട്ടില്ല. അത് പൗരാണിക മതങ്ങളെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

വ്യത്യസ്തമായ വിവരണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം അവ ബി. സി. 3000 മുതൽ ആധുനിക കാലം വരെ വിശാലമായ ഒരു കാലം ഉൾ ക്കൊള്ളുന്നുവെന്നതാണ്. കാലപ്പഴക്കം കൊണ്ട് ബൈബിൾ പോലെയുള്ള ഗ്രന്ഥങ്ങളിൽ കൃത്യതയില്ലായ്മ വന്നെങ്കിൽ വായ്മൊഴിയായുള്ള പാരമ്പര്യ അദ്ധ്യാപനങ്ങളിൽ താരതമ്യേന കലർപ്പുകൾ ചേർന്നിട്ടുണ്ടാകുമെന്ന് സുനിശ്ചിതമാണ്. എങ്കിലും ആ വിവരണങ്ങളിൽ അദ്ധ്യാപനങ്ങളുടെയും കഥകളുടെയും അന്തസ്സത്ത ഉണ്ട്. യഥാർത്ഥമായ അദ്ധ്യാപനം എന്തായിരിക്കണം എന്നതിന്റെ സൂചനയും അതിൽ കാണാം. അങ്ങിനെയുള്ള വിവരണങ്ങൾ കൂടുതൽ പഠന വിധേയമാക്കിയാൽ അതുല്യമായ പൊതു സന്ദേശം അവ ഉൾക്കൊള്ളുന്നതായിക്കാണാം.

### ആത്മാവിന്റെ യാത്ര

ആത്മാവിനെ മനസ്സിലാക്കുകയെന്നതാണ് പ്രഥമപ്രശ്നം. മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ കാര്യങ്ങൾ അറിയാൻ പഞ്ചേന്ദ്രിയങ്ങളും ശാരീരികമായ പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തുന്നു. എന്തെന്നാൽ അവ വളരെ എളുപ്പത്തിൽ ഗ്രാഹ്യമാണ്. ശരീരത്തിന് സമാന്തരമായി നിലകൊള്ളുന്ന ആത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തിക ധാരണ പുരാതനസംസ്കാരങ്ങളിൽ വളരെ കുറഞ്ഞ നിലയിലാണ്, പ്രത്യേകിച്ചും മതപരമായ ധാരണകൾ വേണ്ടത്ര പക്വമാവാത്ത പുരാതനമതങ്ങളിൽ. എങ്കിലും മരണാനന്തരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായ ശരീരത്തെ സംബന്ധിച്ചല്ല ആത്മാവിനെക്കുറിച്ചാണ് ചർച്ച. ആത്മാവ് വിദൂരമായ സ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു, നശ്വരതയുടെ കൈയ്യെത്താത്തിടത്തേക്ക്.

ജർമ്മൻ നാടോടിക്കഥകളിൽ ഒരു നിഴൽ അഥവാ 'ഡോപ്പൽ ഗാൻഗർ' (റീുലഹ ഴമിഴലൃ) ഉണ്ട്. അതിന് ശരീരത്തിൽ നിന്ന് വിദൂരമായി പ്രത്യക്ഷപ്പെടാൻ കഴിയുന്നു. ആഫ്രിക്കക്കാരുടെ വിശ്വാരപ്രകാരം ആത്മാവിനെ അഥവാ നിഴലിനെ ആക്രമിക്കാൻ സാധിക്കും. ഇതിന്റെ ഫലമായി ശരിക്കും ശരീരത്തിന് തന്നെ ക്ഷതം വരുത്താൻ സാധ്യമാകും. കുപ്രസിദ്ധമായ അടിമക്കച്ചവ

ടത്തിലൂടെ ഈ ആശയം അമേരിക്കയിലെത്തി. അവിടെ 'വുദൂ' (ഢീഊീ) സമ്പ്രദായം നിലവിൽ വന്നു. അതിൽ വ്യക്തിയുടെ ഒരു കോലമുണ്ടാക്കി അതിനെ സൂചി കൊണ്ടും മറ്റായുധങ്ങൾ കൊണ്ടും ആക്രമിക്കുന്നു. അത് മുഖേന യാഥാർത്ഥവ്യക്തിക്ക് മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

മറ്റു ചില സംസ്കാരങ്ങളിൽ ആത്മാവ് മനുഷ്യന്റെ തലയിൽ സ്ഥിതി ചെയ്യുന്നു. ഒരാളുടെ തലയെടുക്കുന്നത് വഴി അയാളുടെ ആത്മാവിന്റെ അനന്തരാവകാശം കിട്ടുന്നു എന്നാണ് വിശ്വാസം. അതുകൊ ണ്ടാണ് പോളിനേഷ്യയിലും ആഫ്രിക്കയിലെ ചില സ്ഥലങ്ങളിലും തല വെട്ടുന്ന സമ്പ്രദായം വന്നത്.

എന്നിരിക്കിലും പല ആചാരങ്ങളിലും പൊതുവായ ഒരു ധാരണയുണ്ട്. അതായത് ആത്മാവ് ജീവിതകാലത്ത് ശരീരത്തോടൊപ്പം വസിക്കുന്നത് കൊണ്ടു തന്നെ ആത്മാവ് ഭൂതകാല സ്വഭാവത്തിന്റെ രേഖയുമായി പരലോകത്തെത്തുന്നു.

ആഫ്രിക്കയിലെ ചില വിശ്വാസപ്രകാരം കുറേക്കാലത്തിനുശേഷം ആത്മാവ് അധോലോകത്ത് നിന്ന് മടങ്ങിവരുന്നു. പുനർജനിക്കാൻ, ആത്മാവ് അതിന്റെ അടുത്ത ഘട്ടത്തിലെത്തുന്നതിന് കുറച്ച് കാലതാമസമുണ്ട് എന്നത് രസാവഹമാണ്. അത് ഇസ്ലാമിൽ വിവരിക്കപ്പെട്ടപോലെ തന്നെയാണ്.

### വിധിന്യായ ദിനം

വിധിന്യായദിനത്തെക്കുറിച്ചുള്ള വിശ്വാസം ഈജിപ്ഷ്യൻ പുരാണങ്ങളിൽ പൊതുവാണ്. അധോലോക ദൈവമായ ഒസിറിസന്റെ സിംഹാസനമുറിയിലേക്ക് ആത്മാവ് എടുക്കപ്പെടുന്നു. അവിടെ നാല്പത്തിരണ്ട് ജഡ്ജിമാർ അവയെ പരിശോധിക്കുന്നു. പാപികളെ ഒരു ഭീകരജന്തു ഭക്ഷിക്കുന്നു. സജ്ജനങ്ങൾ ദൈവവുമായി കൂടിച്ചേർത്ത് ആശയക്കുഴപ്പത്തിന്റെ പാമ്പായ അപാപി (അുമു) നെതിരെയുള്ള നിരന്തര സമരത്തിൽ പങ്കെടുക്കുന്നു. പുരാതന ഈജിപ്തുകാരുടെ ദൈനംദിന ജീവിതത്തിൽ ഈ വിധിന്യായ ദിവസത്തിനും അതിനുശേഷം മരണാനന്തര ജീവിതത്തിനുമുള്ള പങ്കിന്റെ സ്വാധീനം രസാവഹമാണ്. സത്യത്തിന്റ പ്രതീകമായ മാതിന്റെ തുവലുമായി ഓരോ വ്യക്തിയുടെയും ആത്മാവ് തൂക്കി നോക്കപ്പെടുന്നു. ഈ തൂക്കത്തിന്റെ താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധി നിർണ്ണയിക്കപ്പെടുന്നത്. വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്തമായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാരണയെക്കുറിച്ചുള്ള ഭയം ഈജിപ്തുകാരിലുണ്ടാക്കുന്നു. ഏകദേശം 3600 ബിസിയിൽ മെൻകൗറ (ങലി ഗമൗ ഞമ) ഭരണകാലത്തു തന്നെ വിധിന്യായത്തെപ്പറ്റി വിശദമായി വിവരിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അമൻടെറ്റിന്റെ നാഥനായ (ഠവല ഘീൃറ ീള അാലിലേ) മഹാനായ ദൈവത്തിന്റെ വിധി ന്യായദിവസത്തെ അതിജീവിക്കുവാൻ പരേതാത്മാക്കളെ സഹായിക്കാൻ ഉപയോഗിച്ചിരുന്ന ലിഖിതങ്ങൾ ഇരുമ്പ് ഫലകങ്ങളിൽ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സാമുദായികമായ പ്രവൃത്തി എന്നതിലുപരി വിധിന്യായം നടത്തിയിരുന്നത് ഓരോ വ്യക്തിക്കും വേണ്ടിയായിരുന്നു.

സ്വഭാവത്തിന്റെ വ്യത്യസ്ത വശങ്ങളിൽ തീരുമാനം കല്പിക്കുന്ന നാല്പത്തിരണ്ടു കീഴ് ദൈവങ്ങൾക്ക് മുമ്പിൽ പരേതർ കുറ്റസമ്മതം നടത്തേണ്ടിയിരുന്നു. വിധിയുടെ ഭാഗമായി വ്യത്യസ്ത പാപങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് പരേതൻ പ്രഖ്യാപിക്കണമായിരുന്നു. ഈ ലിഖിതത്തിന്റെ ഭാഗം പാപിറസ് വിവരിക്കുന്നതിന്റെഒരു ചുരുക്കമിതാ.

ഖരേരെഫിൽ നിന്ന് വരുന്ന ഹയ്ൽ ആം ഖയിഖിത്തു ഞാൻ മോഷണം നടത്തിയിട്ടില്ല.

സുതൻ ഹെനനിൽ നിന്ന് വരുന്ന ഹെയ്ൽ സെത് ഖെസ്, ഞാൻ വ്യാജം ഉച്ചരിച്ചിട്ടില്ല.

രണ്ടു മാതിയുടെ നഗരത്തിൽ നിന്ന് വരുന്ന ഹെയ്ൽ നെബ് മാത് ഞാൻ കുഴപ്പമുണ്ടാക്കാനുള്ള കാര്യങ്ങളിലൊന്നും ഏർപ്പെട്ടിട്ടില്ല.

അപ്രകാരം പുരാതന ഈജിപ് തുകാരൻ സമ്മതിക്കേണ്ടിയിരുന്നു, താൻ മോഷണം, കൊല, വ്യഭിചാരം, സ്വവർഗ്ഗരതി, എന്നിവ നടത്തിയിട്ടില്ലെന്ന്. താൻ അഹംഭാവിയോ, അത്യാർത്തിയുള്ളവനോ, അക്രമാസക്തനോ, ധൃതിപിടിപ്പെട്ടവനോ, കാപട്യക്കാരനോ, എന്തിന് പൊതു ജലപാതയിൽ വിഘ്നം വരുത്തിയില്ലെന്ന് പോലും സമ്മതിക്കേണ്ടിയിരുന്നു. അത്തരം വിശദമായ പാപങ്ങളുടെ വിവരണം പുരാതന ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു. പരേതൻ തന്റെ ഹൃദയത്തെ 'കാ' യുമായി അതായത് ഇരട്ടയുമായി ബന്ധിച്ചിരുന്നു. ശരീരത്തിലെ പ്രധാന അവയവങ്ങളെ ഭരിക്കുന്ന മെസ്ത, ഹാഖി, തുആമുട്ടെഫ്, ഖെബ്സെനുഫ് തുടങ്ങിയവരെ അഭിസംബോധന ചെയ്തിരുന്നു. ഇത് മനസ്സിലാക്കിത്തരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കു ബോധിപ്പിക്കാൻ ശരീരങ്ങൾ വിളിക്കപ്പെടുന്നുവെന്ന് ഈജ്പിതുകാർ വിശ്വസിച്ചിരുന്നുവെന്നാണ്.

### പരലോകത്തിന്റെ സ്ഥാനം

സ്വർഗ്ഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ സ്ഥാനം വളരെ വിദൂരമാണ്. ഭൂമിയിലെ ജനങ്ങൾക്ക് അപ്രാപ്യമാണ്. അല്ലായിരുന്നുവെങ്കിൽ ജീവിതകാലത്തു തന്നെ ഈ സ്ഥലത്തെത്താൻ അവർ പരിശ്രമിക്കുമായിരുന്നു. സ്വർഗ്ഗം ആകാശങ്ങളും അതിന്റെ ചുറ്റുമുള്ളതും മനുഷ്യർക്ക് അപ്രാപ്യവും ദൈവം അഥവാ ദൈവങ്ങൾ വസിക്കുന്നിട

വുമാണ്.

ജപ്പാനിലെ പുരാണങ്ങളിൽ പരലോകമായ അമർ (അാല്യൂ) സ്ഥിതി ചെയ്യുന്നത് ഭൂമിക്ക് മീതെയാണ്. ക്ഷീരപഥമാണ് അതിനു ജലസേചനം ചെയ്യുന്നത്. മറ്റു സംസ്ക്കാരങ്ങൾ പരേതാത്മാക്കൾ, ഭൂമിയിലെ വിദൂരസ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ് പറയുന്നത്. ഉദാഹരണമായെടുത്താൽ സ്ലാവ ജനതയുടെ പരമ്പരാഗത വിശ്വാസ പ്രകാരം സൂര്യോദയത്തിന്റെ കിഴക്ക് പരേതർക്ക് അനുഗ്രഹപൂർണ്ണമായ ഒരു ഭൂമിയുണ്ട്. എന്നാൽ സെൽറ്റിക്ക് പുരാണങ്ങൾ പരലോകം പശ്ചിമദേശത്തുള്ള ദ്വീപുകളിലാണെന്നാണ് സങ്കല്പിക്കുന്നത്. അതിലേക്കുള്ള പ്രവേശം ഗുഹകളിൽ കൂടിയാണ്. ഈജിപ്തുകാരുടെ വിശ്വാസപ്രകാരം സ്വർഗ്ഗം ഭൂമിക്കടിയിലാണ്. അപ്രകാരം മെലനേഷ്യൻ പുരാണങ്ങളിലും പാതാളത്തിൽ ആത്മാക്കളുടെ ഒരു ലോകമുണ്ട്. അത് നമ്മുടെ ഇഹലോകത്തെ പ്രതിബിംബിപ്പിക്കുന്നു.

**പുനർജന്മം**

എന്തുകൊണ്ടാണ് കിഴക്കൻ സംസ്ക്കാരങ്ങളിൽ പുനർജന്മ സിദ്ധാന്തം വന്നത്? അതെങ്ങനെ ക്രമികമായ ഒരു പദ്ധതിയുമായി യോജിച്ചു പോവുന്നതെന്ന് നോക്കാം. ആഫ്രിക്കക്കാരുടെ വിശ്വാസമനുസരിച്ച് ഏതൊരു ഗോത്രത്തിലാണോ ആത്മാവ് ആദ്യം ഉണ്ടായിരുന്നത് അവിടെത്തന്നെ അത് പുനർജനിക്കുന്നു.

എന്നാൽ ഈ സിദ്ധാന്തത്തിന്റെ സ്വാധീനം ഏറ്റവും അധികം കാണപ്പെടുന്നത് വിദൂര പൗരസ്ത്യദേശങ്ങളിൽ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തിലുള്ള സ്വഭാവത്തെക്കുറിച്ചുള്ള വിധിന്യായത്തിലാണ്. നല്ലവർ പുനർജനിക്കുന്നത് സാമൂഹ്യമായി ഔന്നത്യമുള്ള വിഭാഗങ്ങളിലും ജാതികളിലുമാണ്. ദുർജ്ജനങ്ങൾ താഴ്ന്ന പദവിയുള്ളവരിലേക്ക് മടങ്ങിവരുന്നു. മൃഗങ്ങളായിപ്പോലും അവർ വന്നേക്കാം. അപ്രകാരം നന്മ ചെയ്യുന്ന മൃഗങ്ങൾ മനുഷ്യരായി മടങ്ങിവന്നേക്കാം. എന്നിരിക്കിലും ഈ സിദ്ധാന്തം സ്വയം തന്നെ ചിലപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഈ സിദ്ധാന്ത പ്രകാരം പ്രകൃതിയിലെ മനുഷ്യന്റെയും മൃഗത്തിന്റെയും സന്തുലനവ്യവസ്ഥ എളുപ്പത്തിൽ വിശദീകരിക്കുന്നില്ല. മൃഗങ്ങളും മനുഷ്യരുമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ജിവി രൂപങ്ങൾ ഈ സിദ്ധാന്ത പ്രകാരം അവരുടെ സ്വഭാവത്തെ ആശ്രയിച്ചുള്ളതാണ്. ഇവിടെ മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച തോതിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാക്കുന്നു. ഇതിന് യാതൊരു യുക്തിപരമായ വിശദീകരണങ്ങളും ഈ സിദ്ധാന്തം നൽകുന്നില്ല. എന്നാൽ ഇപ്പോൾ ഇവ തമ്മിൽ നല്ല നിലയിലുള്ള സന്തുലിതാവസ്ഥയുണ്ട്. അതാവട്ടെ പരിസ്ഥിതിപരമായ പരിവൃത്തിയുടെ ഭാഗമാണ്. അന്തിമമായി പുനർജന്മം മുഖേന എല്ലാ ജന്തുക്കളും സാത്വികരായിത്തീരുകയാണെങ്കിൽ മനുഷ്യരല്ലാത്ത മറ്റൊരു ജീവിയും ഭൂമുഖത്തുണ്ടാവില്ല. അവയെല്ലാം മനുഷ്യരുടെ പദവിയിൽ എത്തുന്നതാണ്.

'ഭൂമിയിലെ സ്വർഗ്ഗം' എന്ന് ഒരു പദ പ്രയോഗമുണ്ട്. അത് അക്ഷരാർ ത്ഥത്തിൽ എടുത്താൽ ഈ സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിലവതരിപ്പിക്കുന്ന അവസ്ഥയെ അങ്ങിനെ വിവരിക്കാവുന്നതാണ്. വളരെ വ്യക്തമായ നിലയിൽ ഈ സിദ്ധാന്തം വിധിന്യായദിവസത്തെ അല്ലെങ്കിൽ സമാനമായ മറ്റൊന്നിനെ ആശ്രയിക്കുന്നു. എന്തെന്നാൽ മനുഷ്യന്റെ ആദ്യത്തിലുള്ള സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായത്തിന്റെ ഫലമായി അവൻ പുതിയൊരു ജീവിത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്ലാമിക ചിന്താഗതിയുമായി ഇത് ഒത്തുപോകുന്നു. എന്നാലും ഇസ്ലാമികമായ വീക്ഷണത്തിൽ ആത്മാവിന്റെ സ്വർഗ്ഗനരകങ്ങൾ വ്യത്യസ്തമായൊരു സ്ഥലമാണ്. എന്നാൽ പുനർജന്മത്തിൽ രണ്ടാമത്തെ ഘട്ടവും ഭൂമിയിൽ തന്നെയാണ്. ഇവിടെയാണ് കുഴപ്പം. എന്നിരിക്കിലും ഇസ്ലാമിലെ നരകത്തിന്റെ വിവക്ഷ ആത്മാവിന്റെ ശുദ്ധീകരണത്തിന്റെ ഘട്ടങ്ങളും പരിശുദ്ധിയിലേക്കും അതു വഴി സ്വർഗ്ഗത്തിലേക്കുള്ള പ്രയാണവുമാണെങ്കിൽ പുനർ ജന്മത്തിൽ നിർവ്വാണം അഥവാ സമാധാനത്തിലേക്കുള്ള യാ ത്രയുടെ വികാസ ഘട്ടങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ മരണാനന്തര ജീവിതത്തിന്റെ വിവക്ഷയിലേക്കുള്ള ഒരു വ്യത്യസ്ത സമീപനമാണ് ഈ പുതിയ സിദ്ധാന്തത്തിന് രൂപം കൊടുത്തിരിക്കുന്നത്.

**സ്വർഗ്ഗനരകങ്ങളുടെ പ്രകൃതി**

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വർഗ്ഗ നരകങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു മനോഭാവമാണെന്ന കഥയാണ് പറയപ്പെട്ടിരുന്നത്. ഈ കഥയിൽ പറയപ്പെട്ടിരുന്നത് ഒരു തീൻമേശക്ക് ചുറ്റും ഭക്ഷണം കഴിക്കാൻ ഇരുന്നിരുന്ന ആളുകളെ സംബന്ധിച്ചായിരുന്നു. അവരുടെ കയ്യിൽ ഏഴടി നീളമുള്ള തവി ഉണ്ടായിരുന്നു.

നരകത്തിലുള്ളവർ ഈ വിചിത്രമായ പാത്രങ്ങളിൽ നിന്ന് സ്വയം ഭക്ഷണം കഴിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ സ്വർഗ്ഗത്തിലുള്ളവർ അതേ ഉപകരണങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അവർ ആ തവി കൊണ്ട് ഏഴടി ദൂരെ ഇരുന്നിരുന്നവരെ തീറ്റിയിരുന്നു! ഈ കഥ ശിശു സഹജമായ ഒന്നാണെന്ന് തോ ന്നിയേക്കാം. എന്നാൽ അതിലടങ്ങിയ സിദ്ധാന്തം വളരെ രസാവഹമാണ്. നരകത്തിലുള്ളവർ പട്ടിണി കിടന്നപ്പോൾ സ്വർഗ്ഗവാസികൾ അവരുടെ നിസ്വാർത്ഥമായ മനോഭാവം കാരണം മറ്റുള്ളവരെ തീറ്റുകയും അതിനിടക്ക് തങ്ങൾക്ക്

ഭക്ഷണമുണ്ടാക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെപ്പറ്റി അന്യസംസ്ക്കാരങ്ങളിൽ നിന്നും വിശ്വാസങ്ങൾ സ്വീകരിച്ച ആതിഥേയ സംസ്ക്കാരങ്ങളിൽ അവരുടെ പ്രത്യേകതകളെ ആശ്രയിച്ച് വിവരണങ്ങളിൽ വ്യത്യാസമുണ്ടാവാം. എന്നിരിക്കിലും നരകത്തിന്റെ വിവരണം വളരെ ചീത്തയായിട്ടുള്ളതാണ്. അതിൽ പലപ്പോഴും അഗ്നിയുടെ അടിസ്ഥാനത്തിലുള്ള ചിത്രകൽപ്പനയുണ്ടാവും. സെൽറ്റിക് പുരാണത്തിൽ ഗുഹകളുടെ നീണ്ട സംവിധാനം ഒരു മാന്ത്രികവലയത്തിൽ കുഴച്ചതായിരിക്കും. ഈ സംസ്ക്കാരങ്ങളിൽ നരകത്തെക്കുറിച്ചുള്ള വിവരണമുണ്ടാകുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ വിധി വളരെ മോശമായിരിക്കും എന്നതിനാ ൽ അവരെ ഈ വിവരണം തിന്മയിൽ നിന്നകറ്റി നിർത്തുന്നു. തങ്ങളുടെ ഈ ജീവിതത്തിലുള്ള പ്രവൃത്തികൾ കാണപ്പെടാതെ പോകില്ലെന്നും തങ്ങൾ ചെയ്ത പ്രവൃത്തികൾക്ക് കണക്കുകൾ ബോധിപ്പിക്കണമെന്നുമുള്ള വിചാരം ദൈവ വിശ്വാസവും പരലോക വിശ്വാസവും ജനങ്ങളിലുണ്ടാക്കുന്നു. തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർ കാണാതെ ഇരുട്ടറയിൽ വെച്ച് ചെയ്താലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നവർ വിശ്വസിക്കുന്നു. മുൻ വിവരിച്ച ഖുർആൻ സൂക്തത്തിൽ പ്രസ്താവിക്കുന്നു: "പാപം ചെയ്യുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല, നിങ്ങളുടെ കണ്ണുകളും കാതുകളും ചർമ്മങ്ങളും നിങ്ങൾക്കെതിരിൽ സാക്ഷി പറയുമെന്ന്. നിങ്ങൾ ചെയ്യുന്നതിലധികവും അല്ലാഹു പോലും അറിയുന്നില്ല എന്ന് നിങ്ങൾ ധരിച്ചുകളഞ്ഞു. മരണശേഷം തങ്ങളെ കാത്തിരിക്കുന്ന ദൈവിക വിധികളിൽ നിന്ന് തങ്ങളുടെ പ്രവൃത്തികളെ മറച്ചുവെക്കാൻ ആർക്കും സാധ്യമല്ല എന്ന ഒരു താക്കീതാണിത്."

**പൊതുവായ ആശയങ്ങൾ**

ഈ വിവരണങ്ങളിൽ മുഴുവൻ പൊതുവായ ചില ആശയങ്ങളുണ്ട്. പരലോക ജീവിതാവസ്ഥക്ക് നിദാനം ഐഹിക ജീവിതത്തിലെ പ്രവൃത്തികളാണ്. സന്ദർഭവശാൽ ഇതിന്റെ ഫലമായി പറയപ്പെട്ടിരിക്കുന്നത് ഈ ലോകത്തിലേക്കുള്ള വ്യത്യസ്ത രൂപത്തിലുള്ള മടക്കമാണ്. ഇത് മരണാനന്തര ജീവിതത്തിന്റെ സ്ഥലത്തെക്കുറിച്ചുള്ള വെറുമൊരു ആശയക്കുഴപ്പമാണ്. അല്ലാതെ അതിന്റെ പ്രകൃതിയെക്കുറിച്ചല്ല. സൽസ്വഭാവിയായ ഒരു മനുഷ്യന് മരണാനന്തരം പ്രതിഫലം നൽകപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ശിക്ഷിക്കപ്പെടുന്നു. ഈ സംസ് കാരങ്ങളെല്ലാം പറയുന്നത് വിധിന്യായം ഐഹിക ജീവിതത്തിലെ സ്വഭാവത്തെ ആധാരമാക്കിയാണെന്നതാണ്.

മരണാനന്തര ജീവിതത്തിന്റെ രംഗം ഈ ജീവിതത്തിൽ കയ്യെത്താത്തത്ര വിദൂരത്താണ്. മനുഷ്യൻ കാണാത്ത കാര്യങ്ങളെക്കുറിച്ച് വിവരിച്ച് പൊതുജനത്തെ ആശയക്കുഴപ്പത്തിലാക്കാനാണിതെന്ന് ഒരു ദോഷൈകദൃക്ക് വാദിച്ചേക്കാം. എന്നിരിക്കിലും നാം മനസ്സിലാക്കേണ്ടത് ഐഹിക ജീവിതം ശരീരവും ആത്മാവും ചേർന്നതാണെങ്കിൽ പരലോക ജീവിതത്തിൽ ആത്മാവ് ആണെന്നാണ്. ഈ ജീവിതത്തിൽ തന്നെ നമുക്ക് അനുഭവവേദ്യമായ മറ്റു രംഗങ്ങളുണ്ട്. അത് നമുക്ക് ജീവിതത്തിന്റെ ആത്മീയ വശം കാണിച്ചുതരുന്നു. അതീന്ദ്രിയജ്ഞാനങ്ങളും സ്വപ്നങ്ങളും അവയിൽപ്പെടുന്നു. ആത്മീയമായ ഈ പ്രതിഭാസങ്ങളുടെ യുക്തി കണ്ടെത്താൻ ശാസ്ത്രം പരിശ്രമിക്കുന്നു. ഇക്കാര്യത്തിൽ സംസ് ക്കാരങ്ങൾ എത്രത്തോളം യോജിക്കുന്നുവെന്നത് അത്ഭുതമുളവാക്കുന്നതാണ്.

ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യ സ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ് കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധ ഖുർആൻ അനുകൂലിക്കുന്നു.

ദൈവവുമായി ബന്ധം സ്ഥാപിച്ച ആദ്യപ്രവാചകനായ ആദം നബിയെ സംബന്ധിച്ച് വിശുദ്ധഖുർആൻ പ്രസ് താവിക്കുന്നു.

"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർമ്മിക്കുക. അവർ പറ ഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിശ്ചയിക്കാൻ പോകുന്നത്? നാമാകട്ടെ നിന്റെ മഹത്വം കൊണ്ട് നിന്നെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ മറുപടി പറഞ്ഞു: 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം.' (സൂറഃ ബഖറ 31-ാം വാക്യം)"

മനുഷ്യകുലത്തിന് ആദ്യമായി നിയമസംഹിത കൊണ്ടുവന്നത് ആദമായിരുന്നു. ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. പുരാണങ്ങളിൽ കാണുന്ന അതേ രീതിയവലംബിച്ചുകൊണ്ട് ആദ്യമായി ജീവിച്ചത് ആദമായിരുന്നുവെന്നും അദ്ദേഹത്തിന് മുമ്പുള്ള മനുഷ്യർക്ക് മാർഗ്ഗദർശനമായി ദൈവിക നിയമം ഉണ്ടായിരുന്നില്ലെന്നും വാദിക്കാവുന്നതാണ്. ഒരിക്കൽ ഒരു നിയമം മനുഷ്യന്റെ മേൽ ചുമത്തിയാൽ സ്വാഭാവികമായും അവർ അതിനെ ലംഘിച്ച് പാപികളാവുമെന്നും അതിന് മുമ്പ് മനുഷ്യന് മനസ്സാക്ഷിയില്ലാതെയും പാപത്തെക്കുറിച്ചുള്ള ധാരണയില്ലാതെയും പ്രവർത്തിക്കുമായിരുന്നു എന്നത് കൊണ്ടായിരിക്കാം, ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിൽ മലക്കുകൾ പ്രകടിപ്പിച്ച ഭയം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു.

ഒരു ജനതക്കും അവരുടെ കഴിവിനപ്പുറമുള്ള ഭാരം ചുമത്തപ്പെടുന്നതല്ലെന്ന് വിശുദ്ധഖുർആൻ

ശേഷം പേജ് 39 ൽ

ലേഖനം

ഭാഗം – 4

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

## ഇബ്നു വഫ കോഴിക്കോട്

### താൽകാലിക പലായനം ഹബ്ശയിലേക്ക്

മുസ്ലിം സഹോദരന്മാർക്ക് നേരിട്ട് കൊണ്ടിരിക്കുന്ന ഈ യാതനകൾ കണ്ടിട്ട് റസൂൽ കരീം (സ) ന് അതിയായ ദു:ഖമുണ്ടായി. അതുകാരണം തൽക്കാലത്തേക്കെങ്കിലും മക്കയിൽ നിന്ന് മാറി നിൽക്കുന്നത് നല്ലതായിരിക്കുമെന്ന് തിരുമേനി അഭിപ്രായപ്പെട്ടു. ബിലാലിന്റെ സ്വദേശമായ 'ഹബ്ശ' യിലെ രാജാവ് നീതിമാനായ ഭരണാധികാരി ആണെന്നും ആ നിലക്ക് അവിടേക്ക് പലായനം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും തിരുമേനി(സ) അരുൾ ചെയ്തു. അങ്ങനെ ആദ്യമായി സ്ത്രീകളും പുരുഷന്മാരും കുട്ടികളും അടങ്ങുന്ന പതിനഞ്ച് പേരുടെ സംഘം രഹസ്യമായി ഹബ്ശയിലേക്ക് പുറപ്പെട്ടു. പലരും പോകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും എന്നെപോലെ സാമ്പത്തികമായി കഴിവില്ലാത്ത പാവപ്പെട്ടവരും അടിമകളും എങ്ങനെ പോകാനാണ്. ഇങ്ങനെ പലായനം ചെയ്തവരിൽ ഖുറൈശികളായ സമ്പന്നർ പോലും ഉണ്ടായിരുന്നു എന്ന് പറഞ്ഞാൽ ഇസ്ലാമിനോടുള്ള വിരോധവും പീഡനത്തിന്റെ വ്യാപ്തിയും എത്രയാണെന്ന് നിങ്ങൾക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഒരു വേള ഹദ്റത്ത് അബൂബക്കർ പോലും യാതനകൾ സഹിക്കാനാവാതെ ഹബ്ശയിലേക്ക് ഒരുങ്ങി പുറപ്പെട്ടിരുന്നു. അവിശ്വാസിയായ ഒരാളുടെ സ്നേഹസമ്പൂർണമായ നിർബന്ധത്തിന് വഴങ്ങിയാണ് അദ്ദേഹം ആ ഉദ്യമം ഉപേക്ഷിച്ചത്.

### ഖുറൈശി സംഘം രാജസദസ്സിൽ

ആദ്യസംഘം വളരെ രഹസ്യമായിട്ടാണ് മക്കയിൽനിന്ന് പുറപ്പെട്ടത്. അവർ കടൽക്കരയിലൂടെ ഓടിയും കിതച്ചും 'ശയീബിയാ' തുറമുഖത്തെത്തി. അവിടെ ഒരു ചെറു ചരക്ക് കപ്പൽ ഹബ്ശയിലേക്ക് പുറപ്പെടാൻ ഒരുങ്ങി ഇരിപ്പുണ്ടായിരുന്നു. വിവരമറിഞ്ഞ ഖുറൈശികൾ ഇവരെ പിൻതുടർന്നെത്തി. അപ്പോഴേക്കും കപ്പൽ പുറപ്പെട്ട് കഴിഞ്ഞിരുന്നു. പരാജയം സമ്മതിക്കാൻ ഖുറൈശികളും തയ്യാറല്ലായിരുന്നു. അവർ യോഗം ചേർന്നു. ഒരു സംഘത്തെ ഹബ്ശയിലേക്ക് അയക്കുവാനും അവിടുത്തെ രാജാവിനെ കണ്ട് മക്കയിൽനിന്ന് പോയവരെ തിരിച്ച് കൊണ്ടുവരാനും അവർ പദ്ധതി തയ്യാറാക്കി. രണ്ടുപേരടങ്ങിയ ആ ഖുറൈശി സംഘം ഹബ്ശയിൽ എത്തിയ ശേഷം രാജസദസ്സുമായി ബന്ധമുള്ള കുറച്ചുപേരേയും പാതിരിമാരേയും, സമ്മാനങ്ങളും പാരിതോഷികങ്ങളും നൽകികൊണ്ട് പാട്ടിലാക്കി. അവരുടെ സഹായത്തോടെ അവർ രാജസദസ്സിലുമെത്തി. രാജാവിനും വിലപിടിപ്പുള്ള ധാരാളം സമ്മാനങ്ങൾ സമർപ്പിച്ചു കൊണ്ട് രാജാവിനെ ഉണർത്തി.

'അല്ലയോ മഹാരാജാവേ, ഞങ്ങളുടെ രാജ്യത്തുള്ള ചിലർ നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുകയും പുതിയ മതം ഉണ്ടാക്കികൊണ്ട് ഞങ്ങളുടെ ദൈവങ്ങളെ അധിക്ഷേപിക്കുകയും ചീത്ത പറയുകയും ചെയ്യുന്നുണ്ട്. അവരിൽ ചിലർ ഇവിടെ അങ്ങയുടെ രാജ്യത്ത് രഹസ്യമായി അഭയം തേടിയിരിക്കുകയാണ്. അവരെ ഞങ്ങളോടൊപ്പം തിരിച്ചയക്കാൻ കനിവുണ്ടാകണം.

നീതിമാനായ രാജാവ് പറഞ്ഞു, 'ഈ രാജ്യത്ത് വസിക്കുന്നവർ ആരായാലും അവർ എന്റെ സംരക്ഷണ ത്തിലും അഭയത്തിലുമാണ്. അതുകൊണ്ട് ഇവിടെ അഭയം തേടിയിട്ടുള്ള നിങ്ങളുടെ നാട്ടുകാരെ കണ്ട് അവർക്ക് പറയുവാനുള്ളതുകൂടി എനിക്ക് കേൾക്കണം.' അങ്ങനെ അടുത്ത ദിവസം മുസ്ലിം സംഘത്തിൽപ്പെട്ടവരെ രാജസദസ്സിലേക്ക് വിളിപ്പിച്ചു. അവരോട് രാജാവ് കാര്യം അന്വേഷിച്ചു.

മുസ്ലിം സംഘത്തിൽപ്പെട്ട ജഅ്ഫർ ബിൻ അബീ ത്വാലിബ് പറഞ്ഞു, "അല്ലയോ രാജാവേ, ഞങ്ങൾ അറിവില്ലാത്തവരായിരുന്നു. ബിംബാരാധകരായ ഞങ്ങൾ സംസ്കാരശൂന്യരും എല്ലാ നീചപ്രവർത്തികളും ചെയ്യുന്നവരുമായിരുന്നു. ഞങ്ങൾ ചത്തമൃഗത്തിന്റെ മാംസം ഭക്ഷിക്കാറുണ്ട്.

ബന്ധുക്കളോടും അയൽക്കാരോടും ഞങ്ങൾ അതിക്രമം പ്രവർത്തിക്കാറുണ്ട്. ആ അവസരത്തിൽ ദൈവം ഞങ്ങളിൽ ഒരു പ്രവാചകനെ അയച്ചു. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും അവൻ ഏകനാണെന്നും അവനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ എന്നും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. അതോടൊപ്പം എല്ലാ അസാന്മാർഗിക പ്രവൃത്തികളും ബിംബാരാധനയും ഞങ്ങൾ ഉപേക്ഷിച്ചു. സൽകർമങ്ങൾ ചെയ്യാൻ ഞങ്ങൾ ശ്രമിച്ചു തുടങ്ങി. ഈ കാരണത്താൽ ഞങ്ങളുടെ സമുദായം ഞങ്ങളുടെ ശത്രുക്കളായി മാറി. അവരുടെ അതിക്രമങ്ങൾ സഹിക്കാനാവാതെ ഞങ്ങൾ അങ്ങയുടെ രാജ്യത്ത് അഭയം തേടിയിരിക്കുകയാണ്. പക്ഷേ ഇവിടേയും അവർ ഞങ്ങളെ പിൻതുടർന്നെത്തിയിരിക്കുന്നു.''

## ദൈവീക വചനങ്ങൾ രാജാവിനെ സ്വാധീനിച്ചു

രാജാവിന് കാര്യം മനസ്സിലായി. രാജാവ് പറഞ്ഞു, 'പേടിക്കേണ്ട, നിങ്ങൾ എന്റെ അഭയത്തിലും സംരക്ഷണത്തിലുമാണ്. നിങ്ങളുടെ മേൽ അതിക്രമം പ്രവർത്തിക്കാൻ ഞാൻ ആരേയും അനുവദിക്കുകയില്ല.' എന്നിട്ട് രാജാവ് ചോദിച്ചു, 'നിങ്ങളുടെ പ്രവാചകന് ഇറങ്ങിയിട്ടുള്ള ഏതെങ്കിലും ചില ദൈവിക വചനങ്ങൾ എനിക്ക് കേൾപ്പിച്ച് തരുമോ?' ഉടനെ തന്നെ ജഅ്ഫർ സൂറത്ത് മറിയമിൽ നിന്നുള്ള ആയത്തുകൾ വളരെ ആകർഷണീയമായ ശബ്ദത്തിൽ ഓതി കേൾപ്പിച്ചു. ആ വചനങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ സ്വാധീനിച്ചു. ആ ദൈവിക വചനങ്ങൾ രാജാവിന്റെ ഹൃദയത്തിലുണ്ടാക്കിയ ചലനങ്ങൾ കാരണം അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അദ്ദേഹം പറഞ്ഞു, 'ഞങ്ങളുടെ പ്രവാചകനായ ഹദ്റത്ത് ഈസാ മസീഹിന് ഇറങ്ങിയതുപോലുള്ള ദൈവിക വചനങ്ങൾ തന്നേയാണ് ഇതും.' ശേഷം ഖുറൈശി നേതാക്കളോട് ഉടൻ രാജ്യം വിട്ടുപോകാനും ഇവരെ നിങ്ങളോടൊപ്പം അയക്കാൻ പറ്റുകയില്ലെന്നും രാജാവ് അറിയിച്ചു. മാത്രവുമല്ല അവർ സമർപ്പിച്ച എല്ലാ സമ്മാനങ്ങളും അവരെ തിരിച്ചേൽപ്പിക്കുകയും ചെയ്തു.

## ഹംസ ബിൻ അബ്ദുൽ മുത്ത്ലിബ് ഇസ്ലാമിലേക്ക്:

മക്കയിൽ, ഞങ്ങൾ മുസ്ലിമീങ്ങളോടുള്ള അതിക്രമങ്ങളും ക്രൂരതയും നിർബാധം തുടർന്നുകൊണ്ടേ യിരുന്നു. ഒരു ദിവസം അല്ലാഹുവിന്റെ റസൂൽ സഫ കുന്നിൻ ചെരുവിൽ ഇരിക്കുകയായിരുന്നു. യാദൃച്ഛികമായി അബൂജഹൽ അതു വഴി വന്നു. തിരുമേനി(സ)യെ കണ്ടപ്പോൾ എന്തെന്നില്ലാതെ കുറെ തെറിവിളിക്കുകയും ചീത്ത പറയുകയും ചെയ്തു. അല്ലാഹുവിന്റെ റസൂൽ (സ) ഒരക്ഷരം മിണ്ടിയില്ല. ഇതെല്ലാം തന്നെ തിരുമേനിയുടെ എളാപ്പ ഹംസയുടെ ഒരു വേലക്കാരി കാണുന്നുണ്ടായിരുന്നു. നായാട്ടിന് പോയിരുന്ന ഹദ്റത്ത് ഹംസ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അവൾ ഈ സംഭവം വിശദമായിട്ട് തന്നെ അദ്ദേഹത്തോട് പറഞ്ഞു. ഇത് കേട്ട ഹംസക്ക് എന്തെന്നില്ലാത്ത ദേഷ്യമുണ്ടായി. കണ്ണുകൾ ചുവന്നു. അദ്ദേഹം വന്ന അതേ കാലിൽ തന്നെ നായാട്ട് വേഷത്തിൽ അമ്പും വില്ലുമായി അബൂജഹലിനെ അന്വേഷിച്ചിറങ്ങി. അബൂജഹൽ കഅബ അങ്കണത്തിൽ അയാളുടെ സ്നേഹിതരോടൊപ്പം സൊറ പറഞ്ഞിരിക്കുകയായിരുന്നു. ഹംസ അയാളെ കണ്ട ഉടനെ വില്ലു കൊണ്ട് തലക്കൊരു അടി കൊടുത്തു. എന്നിട്ട് പറഞ്ഞു, ''എടാ, നീ എന്റെ സഹോദര പുത്രൻ മുഹമ്മദിനെ തെറി വിളിച്ചെന്ന് കേട്ടു. എന്നിട്ടും ആ സാധു നിന്നോട് ഒന്നും പറഞ്ഞില്ല. ഇത് അതിനുള്ള മറുപടിയാണ്. എന്നിട്ട് പറഞ്ഞു, ഇതും കൂടി കേട്ടോളൂ, ഇന്ന് മുതൽ ഞാനവനോടൊപ്പമാണ്. അവന്റെ മതമാണ് എന്റെ മതം. അവന്റെ ദൈവം തന്നേയാണ് എന്റേതും. എന്താ, ഉണ്ടോ ധൈര്യം, എന്നോട് എതിരിടാൻ.''

അബൂജഹലിന്റെ കൂട്ടുക്കാർ അയാളുടെ സഹായത്തിനായി എഴുന്നേറ്റു. എന്നാൽ ധീരനായ ഹംസയെ നന്നായി അറിയാവുന്ന അബൂജഹൽ തന്നെ, അവരെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു, സാരമില്ല, സാരമില്ല, തെറ്റ് എന്റേതാണ്. ന്യായം ഹംസയുടെ ഭാഗത്താണ്. അങ്ങനെ ആ പ്രശ്നം അവിടെ തന്നെ അവസാനിച്ചു. ഹംസവീട്ടിൽ തിരിച്ചെത്തി. ആലോചിക്കാൻ തുടങ്ങി. ഞാനെന്താണ് അബൂജഹലിനോട് പറഞ്ഞത്? മുഹമ്മദിന്റെ മതവും അവന്റെ ദൈവവും എന്റേതുമാണെന്നോ? ആണോ? വീണ്ടും ചിന്തയിലാണ്ടു. ഇസ്ലാംമത സന്ദേശം ഹംസ ഏറെ കുറെ നന്നായി മനസ്സിലാക്കിയിരുന്നു. ഇഷ്ടമാണുതാനും. മനസ്സിനകത്തുള്ള സങ്കോചം നിമിത്തം തുറന്ന് സമ്മതിച്ചില്ല എന്ന് മാത്രം. അവസാനം ദേവീദേവന്മാരായ ഹുബ്ലിനേയും ഉസ്സയേയും മനാത്തിനേയും തള്ളിപ്പറഞ്ഞുകൊണ്ട് ഏകദൈവം മതി എന്ന് തീരുമാനിച്ചു.

പിന്നെ താമസിച്ചില്ല. ഹംസ ദാറുൽ അർക്കം എന്ന ദാറുസ്സലാമിനെ ലക്ഷ്യം വെച്ച് നടന്നു. അവിടെ ഉണ്ടായിരുന്ന അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ വന്ന് വിവരം പറഞ്ഞു. വിവരമറിഞ്ഞ ഞങ്ങൾക്ക് എന്തെന്നില്ലാത്ത സന്തോഷമായി. അബൂബക്കർ അടക്കമുള്ള ഞങ്ങളെല്ലാവരും എന്തെന്നില്ലാത്ത ആഹ്ലാദത്തിലും സന്തോഷത്തിലുമായി.അബൂബക്കർ ആ സന്തോഷ തിമിർപ്പിൽ പരിശുദ്ധ കഅബ അങ്കണത്തിൽ വെച്ച് അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്ന തക്ബീർ ധ്വനികൾ മുഴക്കുകയും അല്ലാഹു ഏകനാണെന്ന് വിളംബരപ്പെടുത്തികൊണ്ടിരിക്കുകയും ചെയ്തു. ഇത് കണ്ട് ഹാലിളകിയ മക്കക്കാർ ദേഷ്യം കൊണ്ട് വിറകൊള്ളുകയും എല്ലാ

വരും സംഘം ചേർന്ന് ഹദ്റത്ത് അബൂബക്കറിനെ വളരെ മാരകമായി മർദിക്കുകയും അസഭ്യം വിളിക്കുകയും ചെയ്തു. വിവരമറിഞ്ഞ ഞങ്ങൾ ബോധരഹിതനായ അദ്ദേഹത്തെ അവിടെ ചെന്ന് താങ്ങിയെടുത്ത് വീട്ടിലേക്ക് കൊണ്ടുവന്നു. ബോധം വന്നപ്പോൾ ആദ്യം അദ്ദേഹം ചോദിച്ചത് റസൂൽ തിരുമേനിയെ കുറിച്ചായിരുന്നു.

## ഉമറിബ്നു ഖത്താബ് ഇസ്ലാമിലേക്ക്:

ഹംസ ഇസ്‌ലാം സ്വീകരിച്ചതുകൊണ്ടുള്ള ഞങ്ങളുടെ സന്തോഷവും ആഹ്ലാദ പ്രകടനവും തണുക്കുന്നതിന്ന് മുമ്പ് മുസ്‌ലിമീങ്ങളായ ഞങ്ങൾക്ക് മറ്റൊരു മഹത്തായ സന്തോഷം അല്ലാഹു നൽകുകയുണ്ടായി. അല്ലാഹു നബി തിരുമേനിയുടെ ദുആ സ്വീകരിച്ചുകൊണ്ട് ഉമറിനെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചു. അല്ലാഹുവേ, ഇസ്ലാമിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് ഉമറിൽ ഒരാളെ നീ ഇസ്‌ലാമിൽ പ്രവേശിപ്പിക്കേണമേ എന്ന് അല്ലാഹുവിന്റെ റസൂൽ നിരന്തരം ദുആ ചെയ്യാറുണ്ടായിരുന്നു. ഒരാൾ 'ഉമറിബ്നു ഖത്താബ്' മറ്റൊരാൾ പിന്നീട് അബൂജഹൽ എന്ന അപരനാമത്തിൽ അറിയപ്പെട്ട 'ഉമറിബ്നു ഹിശ്ശാമു'മായിരുന്നു ആ രണ്ട് പേർ. ഉമറിബ്നു ഖത്താബിന്റെ ഇസ്‌ലാമിലേക്കുള്ള പ്രവേശനം വളരെ കൗതുകകരവും യാദൃച്ഛികവും രസകരവുമായ സംഭവമാണ്.

ഖത്താബ് ഇബ്നു നഫീൽ എന്ന ഉപ്പാന്റേയും, ഹിൻതമ ബിൻത് ഹിശ്ശാം എന്ന ഉമ്മാന്റേയും മകൻ ഉമർ, ഖുറൈശികളിൽപ്പെട്ട പേരും പെരുമയുമുള്ള ബനുഅദി ഗോത്രത്തലവൻ, പ്രായം മുപ്പത്തിമൂന്ന് വയസ്സ്, പൊക്കമുള്ള ശരീരം, വെളുത്ത നിറം, ഇടതൂർന്ന താടി, ഗാംഭീര്യം മുറ്റി നിൽക്കുന്ന മുഖം, ഉരുക്കു മുഷ്ടി, ആരേയും കൂസാത്ത പ്രകൃതം, കർക്കശ സ്വഭാവം, അമ്പെയ്ത്തിലും കുതിര സവാരിയിലും അഗ്രഗണ്യൻ, ഓടുന്ന ഒട്ടകപ്പുറത്ത് ചാടിക്കയറുന്ന സാഹസികൻ. ധീര വീര ശൂര പരാക്രമി, ഇസ്‌ലാമിന്റെ ഒന്നാം നമ്പർ ശത്രു, മുസ്ലിമീങ്ങളെ അതിക്രൂരമായി പീഡിപ്പിച്ച് കൊണ്ട് സുഖം കാണുന്ന വ്യക്തി, ആ കാലത്ത് എഴുത്തും വായനയും അറിയാവുന്ന ചുരുക്കം ചിലരിൽ ഒരാൾ, അല്ലാഹുവിന്റെ റസൂലിനേക്കാൾ പതിമൂന്ന് വയസ്സ് ചെറുപ്പം, അതാണ് ഉമർ ഇബ്നു ഖത്താബ്.

ഒരു ദിവസം ഉമർ ആലോചിച്ചു. ആറ് വർഷമായി ഞാൻ മുഹമ്മദി (സ) ന്റെ മതത്തിൽ പ്രവേശിക്കുന്ന വരെ ദ്രോഹിക്കുന്നു. മാനസികമായും ശാരീരികമായും ഉപദ്രവിക്കുന്നു. അവരെ എളിമയിലാക്കുന്നു. ഒരു ഫലവുമില്ല. ഒരാൾ പോലും മുഹമ്മദിന്റെ മതം ഉപേക്ഷിച്ച് തിരിച്ചു വന്നില്ല. എന്ന് മാത്രമല്ല ഓരോരുത്തരായി അതിൽ ചേക്കേറി കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ഇതാ ഹംസയും അതിൽ ചേർന്നിരിക്കുന്നു. മുഹമ്മദിന്റെ ഈ ദ്രോഹവും, നമ്മുടെ ദേവീദേവന്മാരായ ഹുബലിനോടും ലാത്ത, മനാത്ത്, ഉസ്സ എന്നിവരോടും കാണിക്കുന്ന ധിക്കാരവും അവസാനിക്കണമെങ്കിൽ ഒരുവഴി മാത്രമേ ഉള്ളൂ. അതായത് മുഹമ്മദിനെ ഇല്ലാതാക്കണം. അതിന് എന്ത് വില കൊടുക്കേണ്ടി വന്നാലും അത് ചെയ്തേ മതിയാകൂ. ആ ഉറച്ച തീരുമാനത്തിൽ മുഹമ്മദിനെ തേടി ഊരിപ്പിടിച്ച വാളുമായി ഉമർ വീട്ടിൽ നിന്നിറങ്ങി.

ഞങ്ങളെല്ലാവരും സാധാരണ നിലയിൽ അർഖമിന്റെ വീട്ടിലാണ് ഒത്തുചേരാറ്. അന്ന് അല്ലാഹുവിന്റെ റസൂൽ അർഖമിന്റെ വീട്ടിലുണ്ട്. ഭാഗ്യത്തിന് അപ്പോൾ ഞാൻ മറ്റൊരാവശ്യം കാരണം പുറത്തായിരുന്നു ഉണ്ടായിരുന്നത്. ഉമർ ഊരിപ്പിടിച്ച വാളുമായി അർഖമിന്റെ വീടിന്റെ ഭാഗത്തേക്ക് നീങ്ങുന്നത് യാദൃച്ഛികമായി ഞാൻ കണ്ടു. വിവരം മുസ്‌ലിം സഹോദരങ്ങളേയും അല്ലാഹുവിന്റെ റസൂലിനേയും അറിയിക്കാനായി ഞാൻ മറ്റൊരു വഴിയിലൂടെ ഓടിക്കിതച്ചുകൊണ്ട് ദാറുൽ അർഖമിലെത്തി. ഞാൻ എല്ലാവരേയും കാര്യം ധരിപ്പിച്ചു. ഹംസയും അവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, "പേടിക്കേണ്ട, അവന്റെ ഉദ്ദേശ്യം നല്ലതല്ല എങ്കിൽ അവന്റെ വാൾ കൊണ്ട് തന്നെ ഞാൻ അവന്റെ തല കൊയ്യും." ഞാൻ അർഖമിന്റെ വീട്ടിൽ എന്തെങ്കിലും ആയുധത്തിനായി പരതി, ഓടി നടന്നു. ഒന്നും കണ്ടില്ല. അപ്പോഴാണ് അടുപ്പിൽ തിളച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന്റെ ചെമ്പ് പാത്രം ഞാൻ കണ്ടത്. ഞാൻ അതെടുത്ത് വാതിലിനരികിൽ കൊണ്ട് വെച്ചു. ഉമർ അകത്ത് പ്രവേശിക്കുന്നതോടു കൂടി ഞൊടിയിടയിൽ അയാളുടെ ശരീരത്തിലേക്ക് ഈ തിളച്ചവെള്ളം ഒഴിക്കണം. അതാണ് എന്റെ ഉദ്ദേശ്യം. എല്ലാം ഓർക്കാപ്പുറത്തായിരിക്കണം. അല്ലെങ്കിൽ അതിശക്തനായ ഉമർ എന്നെ മലർത്തി അടിച്ച് തിളച്ച വെള്ളം എന്റെ തലയിൽ ഒഴിക്കും തീർച്ച.

ഇതെല്ലാം തന്നെ അല്ലാഹുവിന്റെ റസൂൽ(സ) കാണുന്നുണ്ടായിരുന്നു. ഞങ്ങൾ ജീവിച്ചിരിക്കെ അല്ലാഹുവിന്റെ റസൂലിന് ഒരു പോറൽപോലും ഏൽക്കാൻ പാടില്ല എന്നതാണ് എന്റെ ലക്ഷ്യം. അത് അല്ലാഹുവിന്റെ റസൂലിനും നന്നായി അറിയാം. തിരുമേനി എന്റെ അടുക്കൽ വന്നു, എന്നിട്ട് പറഞ്ഞു, "ബിലാൽ, എനിക്ക് നിന്നോട് നന്ദിയുണ്ട്. എന്റെ രക്ഷക്ക് വേണ്ടിയാണ് നീ ഇതൊക്കെ ചെയ്യുന്നത് എന്നെനിക്കറിയാം. എന്നാൽ എന്റെ സമയം ആസന്നമായിരിക്കുന്നുവെങ്കിൽ തിളച്ച വെള്ളത്തിന് പകരം, തിളച്ച എണ്ണ കൊണ്ട് പോലും നിനക്ക് എന്നെ രക്ഷിക്കാനാവുകയില്ല.

ഉമർ അർഖിന്റെ വീടിന്റെ അമ്പത് വാര അകലെ എത്തി. അവിടെ വഴിയിൽ വെച്ച് അബ്ദുല്ലാഹ് ബിൻ നഈം

ഫാത്തിമ ആ ഖുർആൻ വചനങ്ങൾ എഴുതിയ കടലാസ്സ് ഉമറിനെ ഏൽപിച്ചു. സൂറത്ത് ത്വാഹയിലെ ആയത്തുകളായിരുന്നു അത്. ഉമർ ഓതി,

''തീർച്ചയായും ഞാൻ തന്നേയാണ് അല്ലാഹു. ഞാനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നിലനിർത്തുകയും ചെയ്യുക. തീർച്ചയായും അന്ത്യനാൾ വരുന്നതാണ്. ഓരോ ആത്മാവിനും അത് പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നൽകുന്നതിനായി ഞാൻ അതിനെ (ആ സമയത്തെ) വെളിപ്പെടുത്തിയേക്കും."(20: 1516)

ഈ ദൈവിക വചനങ്ങൾ ഉമറിന്റെ ഹൃദയത്തെ വല്ലാതെ സ്വാധീനിച്ചു. ഏകദൈവ ചിന്ത ഉമറിന്റെ ഹൃദയത്തെ പിടിച്ച് കുലുക്കി. കോപം കൊണ്ട് ഹൃദയത്തിൽ താനുണ്ടാക്കിയ, വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും അഹംഭാവത്തിന്റേയും അഹങ്കാരത്തിന്റേയും മതിൽക്കെട്ടുകൾ തകർന്നു വീണു. ഇസ്‌ലാമിനോടുള്ള ശത്രുത കാരണം അന്ധത ബാധിച്ച് പോയ ഉമറിന് ഇപ്പോൾ പലതും കാണാമെന്നായി. പലതും കേൾക്കാമെന്നായി. ഉമർ ആ ഖുർആൻ വചനങ്ങൾ വീണ്ടും വായിച്ചു. ഒന്നു കൂടി വായിച്ചു. എന്നിട്ട് ഉറച്ച ശബ്ദത്തിൽ പറഞ്ഞു, 'ഞാൻ സാക്ഷ്യം വഹിക്കുന്നു, അല്ലാഹു ഏകനാണ്; ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് അവന്റെ റസൂലാകുന്നു.'

ഇത് കേൾക്കേണ്ട താമസം വളരെ നേരമായി അകത്ത് ഒളിച്ചിരിക്കുകയായിരുന്ന ഖുബാബ് ബിൻ അർത്ത്, അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ് എന്ന് പറഞ്ഞ് കൊണ്ട് പുറത്തെക്ക് വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു, "അല്ലാഹുവാണെ സത്യം, രണ്ട് ഉമറിൽ ഒരാളെ സഹായിയായി നീ എനിക്ക് നൽകേണമേ എന്ന് അല്ലാഹുവിന്റെ

ഊരിപ്പിടിച്ച വാളുമായി വളരെ ദേഷ്യത്തിൽ നടന്ന് നീങ്ങുന്ന ഉമറിനെ കണ്ടപ്പോൾ ചോദിച്ചു, ഉമർ, എവിടേക്കാണ് ഇത്ര ഗൗരവത്തിൽ. ഉമർ മറുപടി പറഞ്ഞില്ല. വീണ്ടും അബ്ദുല്ലാഹ് ചോദിച്ചു, ഓ ഉമർ, ഊരിപ്പിടിച്ച വാളുമായി ഇത്ര ദേഷ്യത്തിൽ എങ്ങോട്ടാണ് പോകുന്നത്? ഉമർ അയാളെ നോക്കാതെ തന്നെ മറുപടി പറഞ്ഞു, 'മുഹമ്മദിനെ കൊല്ലാൻ'. എന്നിട്ട് തിരക്കിട്ട് നടന്നു നീങ്ങി. വീണ്ടും അബ്ദു ല്ലാഹ് ബിൻ നഈം ചോദിച്ചു, 'മുഹമ്മദിനെ കൊല്ലാനോ? മുഹമ്മദിനെ കൊന്നാൽ അബ്ദുമനാഫിലെ മുഴുവൻ ഗോത്രങ്ങളും നിന്റെ ശത്രുവാകും. പക്ഷേ അത് പിന്നീടുള്ള കാര്യമാണ്. സ്വന്തം വീട്ടിലെ കാര്യം നീ അന്വേഷിച്ചിരുന്നോ? നിന്റെ സഹോദരിയും സഹോദരി ഭർത്താവും മുഹമ്മദിനോടൊപ്പം ചേർന്നിരിക്കുന്നു. ആദ്യം അത് പോയി അന്വേഷിക്ക്. എന്നിട്ട് പോരേ മുഹമ്മദിനെ കൊല്ലൽ.'

ഇത് കേൾക്കേണ്ട താമസം ഉമർ നേരെ തന്റെ സഹോദരി ഫാത്തിമയുടെ വീട്ടിലേക്ക് തിരിച്ചു. അവിടെ ഖുബാബ് ബിൻ അർത്ത് പുതുതായി ഇസ്‌ലാം മതം സ്വീകരിച്ച ഈ ദമ്പതികളെ ഖുർആൻ ഈണത്തിൽ ഓതാൻ പഠിപ്പിക്കുകയായിരുന്നു. ഉമർ വന്ന് വാതിൽ മുട്ടികൊണ്ട്, തുറക്കാൻ ആവശ്യപ്പെട്ടു. തന്റെ സഹോദരന്റെ ദേഷ്യം നന്നായി അറിയാവുന്ന ഫാത്തിമ ആദ്യം ഖുബാബ്(റ)നെ അകത്ത് ഒളിപ്പിച്ചു.പിന്നീട് അവർ ഓതിക്കൊണ്ടിരുന്ന ഖുർആൻ എഴുതിയ കടലാസ്സും മാറ്റിവെച്ചു. എന്നിട്ട് വാതിൽ തുറന്നു. ദേഷ്യം കൊണ്ട് വിറപൂണ്ട ഉമർ, നിങ്ങൾ സ്വന്തം ദീൻ ഉപേക്ഷിച്ച് പുതിയ മതം സ്വീകരിച്ചു അല്ലേ എന്ന് പറഞ്ഞു കൊണ്ട് സഹോദരിയുടെ ഭർത്താവ് സഈദ് ബിൻ സൈദിന്റെ മേൽ ചാടി വീണു. സഈദിനെ തറയിൽ തള്ളിയിട്ട് നെഞ്ചിൽ കയറി ഇടിക്കാൻ തുടങ്ങി. ഭർത്താവിനെ രക്ഷിക്കാനായി ഫാത്തിമ ഇടയിൽ വന്നു. ഇടി അബദ്ധത്തിൽ ഫാത്തിമക്കും കൊണ്ടു. രണ്ടുപേർക്കും മുറിവേറ്റു. രക്തം ധാരധാരയായി ഒഴുകാൻ തുടങ്ങി. ഫാത്തിമക്കും നല്ല മുറിവുപറ്റി.

മുറിവേറ്റ് രക്തം ചിന്തികൊണ്ടിരിക്കുന്ന ഫാത്തിമ പറഞ്ഞു, 'ഉമർ, ഞങ്ങൾ ഇസ്‌ലാം മതം സ്വീകരിച്ചിരിക്കുകയാണ്. നിങ്ങൾക്കാവുന്നത് ചെയ്തോളൂ. ഇസ്‌ലാം ഞങ്ങൾ ഉപേക്ഷിക്കുമെന്ന് നിങ്ങൾ കരുതേണ്ട.' ഉമർ തന്റെ സഹോദരിയെ ഒന്നു നോക്കി. അപ്പോഴും അവരുടെ മുഖത്തേറ്റ മുറിവിൽ നിന്നും രക്തം ഒഴുകികൊണ്ടിരിക്കുകയാണ്. ഞാൻ കാരണം എന്റെ സഹോദരിക്ക് പരിക്ക് പറ്റിയല്ലോ എന്ന ദു:ഖവും ഞാൻ ആക്രമിച്ചത് ഒരു സ്ത്രീയെ ആയിപ്പോയല്ലോ എന്ന ജാള്യതയും ഉമറിനെ വല്ലാതെ വിഷമിപ്പിച്ചു. അൽപസമയം ഉമർ നിശ്ശബ്ദനായിരുന്നു. പലതും ആലോചിച്ച് കൊണ്ടിരുന്നു. എന്നിട്ട് സഹോദരിയോട് പറഞ്ഞു, ''ഞാൻ വരുമ്പോൾ നിങ്ങൾ എന്തോ ഒന്ന് പാരായണം ചെയ്യുന്നുണ്ടായിരുന്നുവല്ലോ. അതെന്നെ ഒന്ന് കാണിക്കാമോ?"

ഫാത്തിമ പറഞ്ഞു, 'ഇല്ല, നിങ്ങളത് കീറിക്കളഞ്ഞേക്കും.' ഉമർ പറഞ്ഞു, 'ഇല്ല, ഞാനൊന്നും ചെയ്യുകയില്ല. അത് എന്നെ ഒന്നു കാണിക്കൂ.' ഫാത്തിമ പറഞ്ഞു, " അത് അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങളാണ്. നിങ്ങൾ കുളിച്ച് പരിശുദ്ധി കൈവരിച്ച് വന്നാൽ കാണിക്കാം." ഉമർ ഫാത്തിമയുടെ വീട്ടിൽ കയറി വരുമ്പോൾ അവർ ഓതുന്നത് കേട്ടിരുന്നു. പക്ഷേ ദേഷ്യം കാരണം ആ ഖുർആനിക വചനങ്ങൾ ഉമറിന്റെ ഹൃദയത്തിനകത്ത് പ്രവേശിച്ചില്ല. ഇപ്പോൾ ഉമർ പോയി കുളിച്ച് വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ മനസ്സും ശരീരവും തണുത്തിരിക്കുന്നു.

റസൂൽ ഇന്നലെയും ദുആ ചെയ്യുന്നത് ഞാൻ കണ്ടതാണ്."

ഉമർ ആളാകെ മാറിപ്പോയി. വളരെ ശാന്തനായിക്കൊണ്ട് ഖുബാബ് (റ) നോട് ചോദിച്ചു, "അല്ലാഹുവിന്റെ റസൂൽ എവിടെ കാണും.'' അർഖമിന്റെ വീട്ടിലുണ്ടാകുമെന്ന് ഖുബാബ് മറുപടി കൊടുത്തു. ഉറയിൽനിന്നും ഊരിയ വാൾ ഉറയിലിടാൻ പോലും നിൽക്കാതെ അതേപടി വാളുമായി അർഖമിന്റെ വീട് ലക്ഷ്യമാക്കി ഉമർ വേഗം വേഗം നടന്നു.

ഉമർ വന്ന് അർഖമിന്റെ വീടിന്റെ വാതിലിൽ ശക്തിയായി മുട്ടി. വാതിലിന്റെ വിടവിലൂടെ ഊരിപ്പിടിച്ച വാളുമായി നിൽക്കുന്ന ഉമറിനെ ഞങ്ങൾ കണ്ടു. ഞങ്ങൾ എല്ലാവരും ഉമറിന്റെ വരവും കാത്ത് നേരത്തെ തന്നെ ഇരിപ്പുണ്ടായിരുന്നുവല്ലോ. വഴിയിൽ എന്ത് സംഭവിച്ചു എന്ന കാര്യം അറിയാതെ, തിളച്ച വെള്ളവുമായി കാത്തിരുന്ന എന്റെ വെള്ളം തണുത്തു. അതോടൊപ്പം തന്നെ ഇസ്‌ലാമിനോടുള്ള വിദ്വേഷം കാരണം തിളച്ച് പൊങ്ങിയിരുന്ന ഉമറിന്റെ ചുടുരക്തം ദൈവീക വചനങ്ങളുടെ മാസ്മരികതയിൽ തണുത്തു റഞ്ഞു പോയ കാര്യം ഞങ്ങളുണ്ടോ അറിയുന്നു? ഞങ്ങൾ ഇസ്‌ലാമിനെ ഇല്ലാതാക്കാൻ പുറപ്പെട്ട ഉമറിനേയാണ് പ്രതീക്ഷിക്കുന്നത്. വഴിയിൽ ആ ഉമറിനെയാണ് ഞാൻ കണ്ടതും, വിവരം പറയാൻ ഓടി വന്നതും. എന്നാൽ ഇവിടെ ഇസ്‌ലാമിന്റെ രക്ഷകനായ ഉമറാണ് വാതിലിൽ മുട്ടുന്നത്. എല്ലാം പിന്നീടാണ് ഞങ്ങൾ അറിയുന്നത്.

ഉമർ വാതിലിൽ വീണ്ടും മുട്ടി. അല്ലാഹുവിന്റെ റസൂൽ വാതിൽ തുറക്കാൻ കൽപിച്ചു. വാതിൽ തുറക്കപ്പെട്ടു. ഉമർ വളരെ ശാന്തനായിക്കൊണ്ട് പതുക്കെ അകത്ത് പ്രവേശിച്ചു. വാതിലിന്റെ അരികിൽ നിന്നിരുന്ന അല്ലാഹുവിന്റെ റസൂൽ, ഉമറിന്റെ വസ്ത്രത്തിൽ പിടിച്ച് വലിച്ചു. എന്നിട്ട് ചോദിച്ചു, "ഉമർ, ഇവിടെ എന്ത് ഉദ്ദേശ്യത്തിലാണ് വന്നിരിക്കുന്നത്? ശത്രുതയും വെറുപ്പും ഉപേക്ഷിക്കാൻ നീ തയ്യാറാവുകയില്ലെങ്കിൽ ദൈവിക ശിക്ഷ നിന്റെ മേൽ പതിയുന്നത് കാത്തിരുന്നോളൂ. ഉമർ വളരെ വിനയത്തോടെ അല്ലാഹുവിന്റെ റസൂലിന്റെ മുന്നിൽ വന്ന് നിന്നു. എന്നിട്ട് പറഞ്ഞു, "ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു ഏകനാണ്. ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവന്റെ പ്രവാചകനാണ്."

അവിടെ കൂടിയിരുന്ന ഞങ്ങളുടെ ഹൃദയാവസ്ഥ എന്തായിരിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കുമോ? അല്ലാഹുവിന്റെ റസൂലിന്റെ ദുആ പെട്ടെന്ന് തന്നെ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിശ്വസിക്കാനാവുന്നില്ല. ഞങ്ങളുടെ സന്തോഷം എങ്ങനെ പ്രകടിപ്പിക്കണമെന്ന് മനസ്സിലാകുന്നില്ലായിരുന്നു. സഫ കുന്നിൻ ചെരുവിലുള്ള അർഖമിന്റെ വീട്ടിൽ നിന്ന് ഉയർന്ന തക്ബീർ ധ്വനികൾ ആ കുന്നിൽ അലയടിച്ച് കൊണ്ടിരുന്നു. അതിന്റെ മാറ്റൊലികൾ അങ്ങ് ദൂരെ കേൾക്കാമായിരുന്നു.

അങ്ങനെ ആറ് വർഷം ഇസ്‌ലാമിന്റെ മുൻനിര ശത്രുക്കളിൽ ഒരാളായ ഉമർ ഇസ്‌ലാമിന്റെ ഏറ്റവും വലിയ സഹായിയായി. ഒരുവേള അല്ലാഹുവിന്റെ റസൂലിന്റെ രക്തത്തിനായി ദാഹിച്ച് നടന്ന ഉമർ അല്ലാഹുവിന്റെ റസൂലിനായി സ്വന്തം രക്തം ഒഴുക്കാൻ തയ്യാറായി. റസൂലിന്റെ രക്ഷകനും എല്ലാ കാര്യങ്ങളിലും ഉപദേഷ്ടാവുമായി മാറി. കച്ചവടം ഉപജീവന മാർഗമായി സ്വീകരിച്ചിരുന്ന ഉമർ അതിന്നായി പല രാജ്യങ്ങളും ആ കാലത്ത് സന്ദർശിച്ചിട്ടുണ്ടായിരുന്നു. അതിലൂടെ പല അറിവുകളും അദ്ദേഹം കരസ്ഥമാക്കിയിരുന്നു. ഉമർ ഇസ്‌ലാം സ്വീകരിച്ച വാർത്ത മക്കയിൽ കാട്ടിതീ പോലെ പരന്നു. അതവിടെ കോളിളക്കം സൃഷ്ടിച്ചു. എന്നാൽ ഉമർ ആ എല്ലാ എതിർപ്പുകളേയും നെഞ്ച് വിരിച്ച് കൊണ്ട് അവയെ തനിച്ച് നേരിട്ടു. പല സമയത്തും മക്ക ഗോത്രനേതാക്കൾ ഉമറിനെ ആക്രമിക്കാനും അപകടപ്പെടുത്തുവാനും ശ്രമിച്ചു. പലപ്പോഴും മൽപിടുത്തം തന്നെ ഉണ്ടായിട്ടുണ്ട്. ഒറ്റക്ക് ദിവസം മുഴുവനും തനിച്ച് നേരിട്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ അദ്ദേഹം അവരെ കീഴ്പെടുത്തിക്കൊണ്ട് വേണ്ടവിധം കൈകാര്യം ചെയ്തിരുന്നു. അത്തരം അവസരങ്ങളിൽ സധൈര്യം മക്കാമുശ്‌രിക്കുകളോട്, ഓ മുശ്‌രിക്കുകളെ, നിങ്ങൾ ഓർത്തുകൊള്ളുക, ഞങ്ങൾ എണ്ണത്തിൽ മുന്നൂറ് പേരായാൽ ഒന്നുകിൽ നിങ്ങൾക്ക് മക്ക ഉപേക്ഷിക്കേണ്ടിവരും അല്ലെങ്കിൽ ഞങ്ങൾ മക്ക ഉപേക്ഷിച്ചിരിക്കും തീർച്ച എന്ന് പറയുമായിരുന്നു.

മക്കക്കാർ അദ്ദേഹത്തിനെ തിരിൽ ഒന്നടങ്കം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ അമ്മാവൻ ആസ് ബിൻവായിൽ ഉമറിന് അഭയം നൽകാൻ തീരുമാനിച്ചു. പക്ഷേ ഉമർ, എന്റെ മറ്റ് മുസ്‌ലിം സഹോദരങ്ങൾ ഇസ്‌ലാം വിരോധികളുടെ പീഡനത്തിന് ഇരയാവുകയും ഞാൻ അതിൽ നിന്നെല്ലാം സുരക്ഷിതനായിക്കൊണ്ട് ജീവിക്കുവാൻ ഇഷ്ടപ്പെടുന്നില്ല എന്ന് പറയുകയും അമ്മാവനോട് സ്നേഹപൂർവം അഭയം സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ഉമർ ഇസ്‌ലാം സ്വീകരിച്ച ശേഷം അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചു, ''അല്ലാഹുവിന്റെ റസൂലേ, നാം സത്യമതത്തിൽ തന്നെയല്ലേ വിശ്വസിക്കുകയും നിലകൊള്ളുകയും ചെയ്യുന്നത്?" റസൂൽ പറഞ്ഞു, ''അതേ, തീർച്ചയായും സത്യമതത്തിൽ തന്നെയാണ് നിലകൊള്ളുന്നത്.'' ഉമർ വീണ്ടും ചോദിച്ചു, "പിന്നെ ഒളിച്ചും പാത്തും അല്ലാഹുവിനെ ആരാധിക്കുന്നതെന്തിനാണ്?" ആ സമയങ്ങളിൽ ഞങ്ങൾ ഒന്നും രണ്ടും പേർ ചേർന്ന് കുന്നിൻ ചെരുവിലും വീട്ടിനകത്തും വളരെ

രഹസ്യമായിട്ടായിരുന്നു നമസ്കരിച്ചിരുന്നത്. അങ്ങനെ ഞങ്ങൾ ഉമറിന്റേയും ഹംസയുടേയും നേതൃത്വത്തിൽ ആദ്യമായി ബൈത്തുല്ലായുടെ അങ്കണത്തിൽ കഅബയുടെ അരികിൽ നിന്ന്കൊണ്ട് പരസ്യമായി ഒന്നിച്ച് നമസ്കരിച്ചു. ഖുറൈശികൾ ഒരാളും എതിർക്കാൻ മുന്നോട്ടു വന്നില്ല. അതിന് ആർക്കും ധൈര്യമുണ്ടായിരുന്നില്ല. അതിനെ തുടർന്ന് അല്ലാഹുവിന്റെ റസൂൽ ഉമറിന് 'ഫാറൂഖ്' എന്ന സ്ഥാനപേര് നൽകുകയുണ്ടായി. അതായത് ഹഖിനും ബാത്വിലിനും ഇടയിൽ ഫർഖ് (സത്യത്തേയും അസത്യത്തേയും വേർതിരിക്കുന്നവൻ) ചെയ്യുന്നവൻ. ഉമറിന്റേയും ഹംസയുടേയും ഇസ്‌ലാം പ്രവേശനത്തോടെ ഞങ്ങൾ കൂടുതൽ ശക്തി ആർജിച്ചതായി ഞങ്ങൾക്ക് തോന്നാൻ തുടങ്ങി.

അല്ലാഹുവിന്റെ റസൂലിനു മുമ്പിൽ ഉമറിനുള്ള സ്ഥാനം വളരെ വലുതായിരുന്നു. ഉമർ അല്ലാഹുവിന്റെ റസൂലിനെ സ്നേഹിച്ചതു പോലെ അല്ലാഹുവിന്റെ റസൂലും ഉമറിനെ സ്നേഹിച്ചിരുന്നു. ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ, ഏതൊരാൾ ഉമറിനെ വെറുപ്പിച്ചുവോ, അയാൾ എന്നെ വെറുപ്പിച്ചു, ഏതൊരാൾ ഉമറിനെ സ്നേഹിച്ചുവോ,അയാൾ എന്നെ സ്നേഹിച്ചു എന്ന് അരുൾ ചെയ്യുകയുണ്ടായി. ഇതായിരുന്നു തന്റെ ശരീരം കൊണ്ടും ധനം കൊണ്ടും തന്റെ ഉപദേശനിർദേശങ്ങൾ കൊണ്ടും അല്ലാഹുവിന്റെ റസൂലിനെ സഹായിച്ച ഉമർ ഫാറൂഖ് എന്ന ഉമർ ഇബ്നു ഖത്ത്വാബ് (റ).

പ്രവാചകത്വവാദത്തിന് ആറ് വർഷം പൂർത്തിയാകുന്ന അവസരത്തിലാണ് ഉമറും ഹംസയും ഇസ്‌ലാം മതം സ്വീകരിച്ചത്. ഉമറിന്റെ പ്രവേശനത്തോടെ ഞങ്ങളുടെ എണ്ണം നാൽപ്പതായി. അതുപോലെ ദാറുൽ അർഖമിൽ വെച്ച് നടന്ന അവസാന ബൈഅത്തും ഉമറിന്റേതായിരുന്നു. (തുടരും)

## കടപ്പാട് & അവലംബം

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ് ഖാൻ സാഹിബ്. റബ്‌വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ .. റബ്‌വ

**പേജ് 33 ൽ നിന്ന് തുടർച്ച**

പ്രസ്താവിക്കുന്നു. സ്രഷ്ടാവിന്റെ മാർഗ്ഗദർശനമില്ലാതെ ഒരു ജനതയും ജീവിച്ചിട്ടില്ല. ഇതിന്റെ സൂചന ഒന്നാമതായി ആദമിന്റെ കാലംവരെ മനുഷ്യന് ദൈവികനിയമം മനസ്സിലാക്കാനുള്ള കഴിവുണ്ടായിരുന്നില്ല എന്നും വെളിപാടിന്റെ പ്രക്രിയ ആരംഭിച്ചശേഷം മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെയും ഏഷ്യയിലെയും ജനങ്ങൾ മാത്രമായിരുന്നില്ല അതിന്റെ ഗുണഭോക്താക്കൾ എന്നുമാണ്. അതേപ്രകാരം ആഫ്രിക്കയിലേയും ആസ്ത്രേലിയയിലെയും അമേരിക്കയിലെയും ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ദൈവികമാർഗ്ഗദർശനം ലഭിച്ചിരുന്നു.

ഇത് രണ്ടുവിധത്തിൽ ബൈബിളിലെ വിവരണവുമായി വ്യത്യസ്തമാണ്. ഒന്നാമതായി ആദം ആദ്യത്തെ മനുഷ്യനായി ഗണിക്കപ്പെടുന്നില്ല. മതത്തോടുകൂടിയുള്ള ആദ്യത്തെ മനുഷ്യനായിരുന്നു അദ്ദേഹം. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ജനങ്ങൾക്ക് മാത്രമായിരുന്നില്ല വെളിപാട് ലഭിച്ചത്. മനുഷ്യവർഗ്ഗത്തിന് മുഴുവനും അവർക്കനുയോജ്യമായ വിധത്തിൽ വെളിപാട് ലഭിച്ചിരുന്നു. ലഭിച്ച സന്ദേശം ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്തമായ സങ്കീർണ്ണതകളോടെയായിരിക്കാം. എന്നാൽ അവ പരസ്പര വിരുദ്ധമായിരുന്നില്ല. ലോകംമുഴുവനുമുള്ള പരമ്പരാഗത വിശ്വാസങ്ങളിൽ സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള വിഷയം ഉണ്ടായിരിക്കണമെന്നത് തികച്ചും ബുദ്ധിപൂർവ്വകമാണ്. ശരിയായ വിശദവിവരങ്ങൾ കാലപ്പഴക്കത്താൽ വികൃതമായതാവാം. പക്ഷേ അതിന്റെ അടിസ്ഥാനതത്വങ്ങൾ ഒന്നുതന്നെയായിരുന്നു.

**പേജ് 24 ൽ നിന്ന് തുടർച്ച**

കൾക്ക് പൂർണത കൈവരുത്താൻ സംസ്കൃതം ഉൾപ്പെടെയുള്ള ആര്യൻ ഭാഷകൾ ഒരു ചരിത്രാതീത ഭാഷയിൽ നിന്ന് ഉരുവം കൊണ്ടതാണെന്ന സിദ്ധാന്തം മുന്നോട്ടു വെച്ചു. ഇതായിരിക്കണം സർ വില്യം ജോൺസ്, ബ്ലൂംസ് ഫീൽഡ് തുടങ്ങിയവരുടെ നേരത്തെ ഉദ്ധരിക്കപ്പെട്ട നിരീക്ഷണങ്ങളുടെ പശ്ചാത്തലം. എല്ലീസിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

*ഭാഷയെ സംബന്ധിക്കുന്ന കേവല ശാസ്ത്രം പഠിക്കുന്നതിനായി സംസ്കൃതത്തിൽ നിന്നാരംഭിക്കുന്നത് തെറ്റായ ഒരു അറ്റത്ത് നിന്നുള്ള തുടക്കം പോലെ യത്രെ. ജന്തുശാസ്ത്രം (Zoology) പഠിക്കാനൊരുങ്ങുന്ന ഒരാൾ ജീവാശ്മ വിജ്ഞാനീയം (Paleontology- ഫോസിൽ പഠനം അതായത് ചരിത്രാതീത കാലത്തെ ജീവിവർഗ്ഗങ്ങളെ പറ്റിയുള്ള പഠനം) പോലെയാണ്. (ജെസ്പേഴ്സ്)*
Quated from, Arabic Mother of Whole Language . Muhammed Ahmed Mazhar (തുടരും)

കുറിപ്പുകൾ

# ട്രംപ് അപകടകരമായ ഭരണം തുടങ്ങി

മുസാഫിർ

വലത്പക്ഷ തീവ്രവാദവും കടുത്ത ദേശീയ വാദവും അസഹിഷ്ണുതയും പ്രകടിപ്പിച്ചുകൊണ്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രെംപിന്റെ രംഗപ്രവേശനം ലോകരാഷ്ട്രീയത്തിൽ ആശയക്കുഴപ്പങ്ങളും ആശങ്കകളും അങ്കലാപ്പും സൃഷ്ടിച്ചിരിക്കുകയാണ്. ലോക രാഷ്ട്രങ്ങൾ അവലംബിച്ച് വരുന്ന ആഗോള രാഷ്ട്രീയ ധാർമികതയും മിതത്വവും തകിടം മറിക്കുന്ന രീതിയിലുള്ള ട്രെംപിന്റെ ശത്രുതാ നയങ്ങളും പ്രസ്താവനകളും അമേരിക്കയിൽ നിന്നുതന്നെ വൻ എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. യുദ്ധം മൂലം തകർന്നു തരിപ്പണമായ മുസ്ലിം രാജ്യങ്ങളിൽ നിന്ന് വീടും നാടും ഉപേക്ഷിച്ച് ജീവൻ നിലനിർത്താനായുള്ള വൻ അഭയാർഥി പ്രവാഹങ്ങൾക്കാണ് ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. അരാജകത്വം നടമാടുന്ന അവിടങ്ങളിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങളും പൊതുജനങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾക്കും കയ്യും കണക്കുമില്ല. തലതിരിഞ്ഞ ഭണാധികാരികളും മുല്ലാമാരും നേതൃത്വം നൽകുന്ന ഈ യുദ്ധങ്ങളും കൂട്ട കുരുതികളും അരങ്ങേറുമ്പോഴും ലക്ഷക്കണക്കിന് ആളുകളുടെ ജീവിത ദുരിതത്തിനും അഭയാർഥി പ്രവാഹങ്ങൾക്കും കാരണമായ ഈ യുദ്ധ പരമ്പരകൾ അവസാനിപ്പിക്കാൻ കഴിയുമായിരുന്ന വൻശക്തി രാജ്യമാണ് അമേരിക്ക. ആ സന്ദർഭത്തിൽ നിസ്സംഗത അഭിനയിച്ച് സംഘർഷങ്ങൾ പരമാവധി ചൂഷണം ചെയ്തവരാണവർ. അഭയാർഥികൾക്ക് അഭയം നൽകണമെന്ന അന്തർദേശീയ നിയമത്തിൽ ഒപ്പു വെച്ച ഒരു അംഗരാജ്യവും അപ്രകാരം ആഭ്യന്തര നിയമവുമുള്ള രാജ്യമാണ് അമേരിക്ക. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഇരുപത് ലക്ഷത്തോളം അഭയാർഥികൾക്ക് അഭയം നൽകിയ അമേരിക്കയുടെ മഹത്തായ പാരമ്പര്യം മറന്നാണ് ട്രെംപ് മനുഷ്യത്വ വിരുദ്ധതയുടെ കാഹളം മുഴക്കുന്നത്.



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രെംപ്

പിഞ്ചുകുഞ്ഞുങ്ങളും സ്ത്രീകളുമടക്കം ജീവൻ രക്ഷിക്കാനായി അഭയാർഥികളായി വരുന്നവരെ ഇനി മേൽ നാല് മാസത്തേക്കും സിറിയ, ഇറാൻ, ഇറാഖ്, ലിബിയ, സുഡാൻ, യെമൻ, സോമാലിയ എന്നീ 7 മുസ്ലിം രാജ്യങ്ങളിൽ നിന്നുള്ള എല്ലാ മുസ്ലിം പൗരന്മാർക്കും 3 മാസത്തേക്കുമാണ് അമേരിക്കയിൽ പ്രവേശിക്കുന്നതിന് ട്രംപ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. അതിൽ ഏറ്റവും ലജ്ജാകരമായിട്ടുള്ള വസ്തുത മുസ്ലിം ഭൂരിപക്ഷമുള്ള ആ രാജ്യങ്ങളിലെ ന്യൂനപക്ഷീയരായ ക്രിസ്ത്യാനികൾക്ക് ഈ നിരോധനം ബാധകമല്ലെന്നുള്ളതാണ്. യാതൊരു

സങ്കോചവുമില്ലാതെ പ്രകടമായ മതപക്ഷഭേദമാണ് ഈ നിരോധനത്തിലൂടെ അമേരിക്ക പ്രകടിപ്പിച്ചത്. ഇസ്റയേലിൽ നിന്ന് മാത്രം ലോകം കേട്ട് പരിചയമുള്ള ധിക്കാരപരവും നീതിരഹിതവുമായ പ്രസ്താവനകളാണ് അമേരിക്കയിൽ നിന്ന് വരുന്നത്. മുസ്‌ലിം രാജ്യങ്ങളിലെ തീവ്രവാദം തുടച്ചു നീക്കാൻ ട്രംപ് അമേരിക്കൻ സൈന്യത്തിന് ആജ്ഞയും നൽകിയിരിക്കുന്നു എന്ന് വരുമ്പോൾ ആ രാജ്യങ്ങളിൽ മുസ്‌ലിം ജനസാമാന്യങ്ങളുടെ കൂട്ട ഉന്മൂലനത്തിലേക്ക് നയിക്കുന്ന ഭയാനകമായ ആക്രമണങ്ങൾക്ക് അമേരിക്ക മുതിരുമോ എന്ന ആശങ്കയാണ് ജനിക്കുന്നത്.

മുസ്‌ലിംകൾക്ക് ട്രെംപ് ഏർപ്പെടുത്തിയ പ്രവേശന വിലക്കിനെ അമേരിക്കയിലും ലോകത്തെങ്ങുമുള്ള ജനാധിപത്യവാദികളും മനുഷ്യാവകാശ പ്രവർത്തകരും അപലപിക്കുമ്പോഴും യൂറോപ്പിൽ കരുത്താർജിച്ചു വരുന്ന വലത്പക്ഷ കക്ഷികൾ ട്രംപിന്റെ നടപടിയെ സ്വാഗതം ചെയ്യുകയാണ്. യൂറോപ്യൻ യൂണിയനിൽ നിന്ന് പിൻവാങ്ങിയ ബ്രിട്ടന്റെ ബ്രക്സിറ്റ് പ്രചാരണത്തിന് നേതൃത്വം നൽകിയ യു കെ ഐ പി പാർട്ടി ഉൾപ്പെടെയുള്ള യൂറോപ്പിലെ തീവ്രവലതുപക്ഷ പാർട്ടികളാണ് ട്രെംപിന്റെ ഈ നടപടിയെ ധീരമായ ചുവട്‌വെപ്പ് എന്ന് പറഞ്ഞ് സ്വാഗതം ചെയ്തത്. മാത്രമല്ല അമേരിക്കൻ മാതൃകയിൽ ബ്രിട്ടനിലും മുസ്‌ലിംകൾക്ക് പ്രവേശനം നിരോധിക്കണമെന്ന് യു കെ ഐ പി പാർട്ടിയുടെ മുൻ നേതാവ് നിഗർ ഫരാഷ് ബി ബി സിക്ക് അനുവദിച്ച ഒരു അഭിമുഖത്തിൽ പ്രസ്താവിച്ചു. പോളണ്ടിലെ ഭരണ കക്ഷിയായ ലോ ആന്റ് ജസ്റ്റീസ് പാർട്ടി, ജർമനിയിലെ നാഷണൽ ഡെമോക്രാറ്റിക്ക് പാർട്ടി ഇറ്റലിയിലെ നോർത്തേൺ ലീഗ് തുടങ്ങിയ കക്ഷികളും നെതർലൻഡ്സിലെ പാർട്ടി ഫോർ ഫ്രീഡം ഇവരെല്ലാം തന്നെ ട്രെംപിന്റെ പ്രസ്താവനയെ അനുകൂലിച്ചു. സഊദി ഉൾപ്പെടെയുള്ള എല്ലാ മുസ്‌ലിം രാജ്യങ്ങൾക്കും നിരോധനമേർപ്പെടുത്തി, അതാത് രാജ്യങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കുകയാണ് വേണ്ടെതെന്നാണ് നെതർലൻഡ്സിലെ പാർട്ടി ഫോർ ഫ്രീഡം നേതാവ് ഗീർട്ട് വിൽഡേഴ്സ് പ്രസ്താവിച്ചത്. കുടിയേറ്റ വിരുദ്ധരും മുസ്‌ലിം വിരോധം വെച്ചുപുലർത്തുന്നവരുമായ ഈ വലതുപക്ഷ പാർട്ടികൾ അതാത് രാജ്യങ്ങളിൽ നിർണായക സ്വാധീനമുള്ളവരാണ്.

വിദേശ വിരോധം പ്രകടിപ്പിക്കുന്ന അമേരിക്കക്കാർ ഒന്നോർക്കണം അവർ അവിടുത്തെ തദ്ദേശീയരല്ല. മുസ്‌ലിം സ്പെയിൻ കൊള്ളയടിച്ച ഇസബെല്ലാ രാജ്ഞിയുടെ സാമ്പത്തിക സഹായം കൊണ്ടാണ് അമേരിക്ക കണ്ടുപിടിച്ച കൊളംബസ് അവിടെ എത്തിപ്പെടുന്നത്. അവിടുത്തെ തദ്ദേശീയരായ ആദിമ നിവാസികളെ അതിക്രൂരമായി കൊന്നൊടുക്കിക്കൊണ്ടാണ് കൊളംബസും തുടർന്ന് വന്ന യൂറോപ്യന്മാരും അമേരിക്കയെ കോളനിയാക്കുന്നത്. പിന്നീട് അവർ അമേരിക്കക്കാരായി മാറുകയാണുണ്ടായത്. അമേരിക്കയിൽ മാത്രമല്ല ആസ്ട്രേലിയയിലും ന്യൂസിലന്റിലും യൂറോപ്യന്മാർ ചെയ്തത് അതാണ്. തങ്ങളും കുടിയേറി വന്നവരാണെന്ന ചരിത്രബോധം നിഴലിക്കുന്നതാണ് കനഡയിലെ കുറേകൂടി ഉദാരമായ കുടിയേറ്റ നിയമം. ക്രൂരരായ സ്പെയിൻകാരും പോർട്ടുഗീസുകാരും മറ്റു യൂറോപ്യന്മാരും കോളനി രാജ്യങ്ങളിൽ കൊള്ളയടിച്ചും തദ്ദേശീയ വാസികളെ ഉന്മൂലനം ചെയ്തുമാണ് ആ രാജ്യങ്ങളെ സ്വന്തമാക്കിയത്. ഇപ്പോൾ അവർ മറ്റുള്ളവർക്ക് നിരോധന മേർപ്പെടുത്തുകയാണ്. ഈ കൊളോണിയൽ മനോഘടനയും മനുഷ്യത്വ വിരുദ്ധതയും യൂറോപ്പിന്റെ ധാർമികത എന്താണെന്ന് വിളിച്ചോതുന്നതാണ്.

ട്രംപിന്റെ ഈ പ്രസ്താവനയോട് ഐക്യരാഷ്ട്ര സഭയുടെ വിവിധ ഏജൻസികൾ എതിരായി പ്രതികരിക്കുകയുണ്ടായി. ആംനെസ്റ്റി ഇന്റർ നാഷണൽ ട്രംപിന്റെ ഏറ്റവും അപകടകരമായ ഈ പ്രസ്താവനയെ Deeply frightening document (അഗാധ ഭീതി ജനിപ്പിക്കുന്ന രേഖ) എന്ന് പറഞ്ഞു കൊണ്ട് അതികഠിനമായ ഭാഷയിലാണ് അപലപിച്ചത്. ലോകത്തെ ഏറ്റവും ശക്തരാജ്യമായ അമേരിക്ക തങ്ങളു ടെ ഉത്തരവാദിത്വം മറന്ന് തത്ത്വദീക്ഷയില്ലാത്ത നയങ്ങൾ സ്വീകരിക്കുമ്പോൾ ഇത്തരം വലത് പക്ഷ തീവ്രവാദ പ്രവണതകളുള്ള മറ്റുരാജ്യങ്ങളുടെ അവസ്ഥയെന്താകും? ലോകത്താകെ ഇപ്പോൾ രണ്ട് കോടി പത്ത് ലക്ഷം അഭയാർഥികളുണ്ടെന്ന് നാം ഓർക്കണം. എല്ലാ രാജ്യങ്ങളും ഇപ്രകാരം അവർക്ക് നേരെ വാതിലുകൾ കൊട്ടിയടച്ചാൽ ഈ മനുഷ്യജീവികൾ എങ്ങോട്ട് പോകും? ആധുനിക പരിഷ്കൃത ലോകത്തിന്റെ നേതൃത്വം വഹിക്കാൻ ട്രംപ് എന്ന ഈ മനുഷ്യന് എന്ത് യോഗ്യതയാണുള്ളത്.? അഭയാർഥികൾക്കും മുസ്‌ലിംകൾക്കും അമേരിക്കയിൽ പ്രവേശനം വിലക്കിക്കൊണ്ടുള്ള ഈ തീരുമാനത്തെ എതിർത്ത അമേരിക്കൻ അറ്റോർണി ജനറൽ സാലിയേറ്റ്സിനെ രൂക്ഷമായ ഭാഷയിലാണ് ട്രംപ് വിമർശിച്ചത്. ആ സ്ഥാനത്ത് നിന്ന് അവരെ ട്രംപ് പുറത്താക്കുകയും ചെയ്തു. കോടതിയിൽ ട്രംപിന്റെ തീരുമാനത്തെ ഫലപ്രദമായി അവർ പ്രതിരോധിച്ചില്ല എന്ന കാരണം പറഞ്ഞാണ് ട്രംപിന്റെ നടപടി. പകരം ഡാനാ ബൊണന്റിനെയാണ് ആ സ്ഥാനത്ത് നിയമിച്ചിരിക്കുന്നത്. അമേരിക്കയിൽ ട്രംപിന്റെ മുസ്‌ലിം നിരോധനത്തിനെതിരെയും സ്ത്രീ വിരുദ്ധ പരാമർശങ്ങൾക്കും വിദേശികളോടുള്ള എതിർപ്പിനെതിരെയും ലക്ഷ കണക്കിന് ആളുകൾ അണി നിരക്കുന്ന ജനകീയ പ്രതിഷേധങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. മുസ്‌ലിംകൾക്കെതിരെയുള്ള വിവേചനത്തിനെതിരെ പ്രതിയോഗി



കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ സിറിയൻ അഭയാർഥികളെ സ്വീകരിക്കുന്നു.

കളായ ഡമോക്രാറ്റിക്ക് പാർട്ടിയിൽ നിന്ന് കടുത്ത വെല്ലുവിളി ട്രംപ് നേരിടേണ്ടി വരും. ഡെമോക്രാറ്റിക്ക് അംഗമായ ദിയന്നെ ഫെൻസ്റ്റിൻ സെനറ്റിൽ ഇതിനെതിരെ ഒരു ബില്ല് കൊണ്ട് വരുമെന്ന് പറഞ്ഞിട്ടുണ്ട്. ജർമനിയും ഫ്രാൻസും യുഎസ് നടപടിയിൽ ഉത്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്. യുദ്ധത്തിൽ ജീവിതം തന്നെ പ്രതിസന്ധിയിലായ അഭയാർഥികളെ രക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് ജർമനിയുടേയും ഫ്രാൻസിന്റേയും വിദേശ കാര്യ മന്ത്രിമാർ പറഞ്ഞു. ട്രംപിന്റെ പ്രസ്താവനയോട് പ്രതികരിക്കാനില്ലെന്നാണ് യൂറോപ്യൻ യൂണിയൻ വാക്താവ് പറഞ്ഞത്. എന്നാൽ എല്ലാ അഭയാർഥികൾക്കും മുന്നിൽ യൂറോപ്പിന്റെ വാതായനങ്ങൾ എപ്പോഴും തുറന്നിട്ടിരിക്കുമെന്ന യൂറോപ്യൻ യൂണിയൻ കമ്മീഷൻ പ്രസിഡന്റ് ഴാങ്ങ് ക്ലോഡ് ജിങ്കറിന്റെ മുൻ പ്രസ്താവന വക്താവ് തദവസരത്തിൽ അനുസ്മരിച്ചു. ട്രംപ് തങ്ങളുടെ രാജ്യത്ത് പ്രവേശിപ്പിക്കില്ല എന്ന് പറഞ്ഞ മുസ്‌ലിംകളെ കാനഡ പ്രധാന മന്ത്രി ജസ്റ്റിൻ ട്രൂഡോ തന്റെ രാജ്യത്തേക്ക് സ്വാഗതം ചെയ്യുകയുണ്ടായി. കാനഡയുടെ അഭയാർഥി നയം വിജയകരമായി തീരുന്നത് എങ്ങനെയാണെന്ന് ചർച്ച ചെയ്യാൻ താൻ തയ്യാറാണെന്നും കാനഡയുടെ പ്രധാന മന്ത്രി പറയുകയുണ്ടായി. ട്രംപ് ബ്രിട്ടൻ സന്ദർശിക്കുന്നതിന് എതിരെ 10 ലക്ഷം ബ്രിട്ടീഷ്കാർ ഒപ്പിട്ട ഭീമ ഹർജി ബ്രിട്ടീഷ് പ്രധാന മന്ത്രി തെരേസ മേക്ക് സമർപ്പിച്ചിട്ടുണ്ട്.

ട്രംപ് ഭരണം പ്രത്യക്ഷത്തിൽ ഏറ്റവും ഗുണകരമായിട്ടുള്ളത് യഹൂദർക്കും ഇസ്റയേലിനുമാണ്. ട്രംപിനു മേലുള്ള യഹൂദ സ്വാധീനം വ്യക്തമാണ്. അദ്ദേഹത്തിന്റെ മകൾ ഇവങ്കാ ട്രംപ് മതപരിവർത്തനം ചെയ്ത് ജൂതമതം സ്വീകരിച്ച സ്ത്രീയാണ്. അവർ ഇസ്റയേലികൾക്ക് പ്രിയപ്പെട്ടവരാണ്. അതുപോലെ ട്രംപിന്റെ ബിസിനസ്സ് ലോയറായിരുന്ന ഡേവിഡ് ഫ്രീഡ്മാനാണ് ട്രംപ് ഭരണകൂടത്തിൽ നിർണായക വകുപ്പ് കയ്യാളുന്ന ആൾ. ഹിബ്രു ഭാഷ നന്നായി സംസാരിക്കാൻ കഴിയുന്ന കടുത്ത ഇസ്റയേൽ പക്ഷപാതിയായ ഫ്രീഡ്മാനാണ് അമേരിക്കയുടെ ഇസ്റയേൽ അംബാസഡർ. ഐക്യ രാഷ്ട്ര സഭ അംഗീകരിച്ച ഫലസ്തീൻ, ഇസ്റയേൽ എന്നീ ദ്വിരാഷ്ട്ര പരിഹാരത്തെ നിരാകരിക്കുകയും ജറുസലേമിലേക്ക് ഇസ്റയേൽ തലസ്ഥാനം മാറ്റുന്നതിനെയും അധിനിവിഷ്ട ഭൂമിയിൽ ഇസ്റയേൽ പാർപ്പിടം നിർമിക്കുന്നതിനെ പൂർണമായും പിന്തുണക്കുകയും ചെയ്യുന്ന ആളാണ് ഫ്രീഡ്മാൻ. പക്ഷേ ഇത്വരെ അമേരിക്കൻ എംബസി ടെൽഅവീവിൽ നിന്നും തലസ്ഥാനം മാറ്റുന്ന കാര്യം തീരുമാനമായിട്ടില്ല. മറ്റൊരു യഹൂദ പ്രമുഖൻ ട്രംപിന്റെ മകൾ ഇവങ്കയുടെ ഭർത്താവ് (മരുമകൻ) ജാർഡ് കുശ്നർ ആണ്. അദ്ദേഹത്തെ ട്രംപ് തന്റെ മദ്ധ്യപൗരസ്ത്യ ദേശത്തെ മുഖ്യഉപ ദേശകനാക്കി നിയമിച്ചിരിക്കുകയാണ്. മറ്റൊരാൾ ജാസൻ ഗ്രീൻ ബാൾട്ട് ആണ്. ട്രംപ് ഓർഗനൈസേഷന്റെ മുഖ്യ നിയമോപദേഷ്ടാവായിരുന്ന അദ്ദേഹമാണ് ട്രംപിന്റെ ട്രഷറി സെക്രട്ടറിയായി സേവന മനുഷ്ഠിക്കുന്നത്. മറ്റൊരാൾ സ്റ്റീഫൻ മില്ലർ ട്രംപിന് പ്രസംഗം എഴുതി കൊടുക്കുന്നയാളാണ്. നയരൂപീകരണത്തിൽ ഉപദേശകനാണ്. കാൾ ഇകാഹൻ, ഗാരി കോഹൻ, ബോരിസ് എപ്സ്റ്റേയൻ, മുതലായ പതിനൊന്നു യഹൂദ പ്രമുഖന്മാരാണ് ട്രംപ് ഭരണകൂടത്തെ നയിക്കുന്നത്.

ഉന്നതമായ പല ജനാധിപത്യ മൂല്യങ്ങളും ലോകത്തിന് സംഭാവന ചെയ്ത നാടാണ് ഉദാര വാദത്തിന്റെ ഈറ്റില്ലമായ അമേരിക്ക. ആ അമേരിക്കയെയാണ് ട്രംപ് ഫാസിസം ചുവക്കുന്ന രീതിയിൽ ലോകത്തെ അമ്പരപ്പിച്ചു കൊണ്ട് മുന്നോട്ടു പോകുന്നത്. മാധ്യമങ്ങളെയും ജനാധിപത്യ സമ്പ്രദായങ്ങളേയും പുച്ഛിക്കുകയും സ്ത്രീ വിരുദ്ധമായ പരാമർശങ്ങൾ നടത്തുകയും ചെയ്യുന്ന ട്രംപ് കടുത്ത ദേശീവാദവും വിദേശ വിദ്വേഷവും പ്രചരിപ്പിക്കുകയാണ്. മെക്സിക്കൻ അതിർത്തിയിൽ മതിൽ കെട്ടുമെന്ന് മാത്രമല്ല അവരെ അവഹേളിക്കും വിധം അതിന്റെ ചെലവ് ആ രാജ്യം വഹിക്കണമെന്ന് കൽപ്പിക്കുകയും ചെയ്യുന്നു. അമേരിക്കൻ ഫെഡറലിസത്തിന് അനുയോജ്യമല്ലാത്ത രീതിയിലുള്ള ഏകാധിപത്യവും ട്രംപിന്റെ ഭാഗത്ത് നിന്ന് ഇതിനകം വെളിപ്പെട്ടു കഴിഞ്ഞു.

ട്രംപ് ഭരണത്തിലെ മെയ്ക്ക് അമേരിക്ക ഗ്രയിറ്റ് എഗയിൻ എന്ന മുദ്രാവാക്യവും "വെളുത്ത ദേശീയതയും നിയോ

ശേഷം പേജ് 43 ൽ

# ഇ. അഹമദ് സാഹിബ്

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് ദേശീയ അദ്ധ്യക്ഷനും ലോക്സഭാംഗവും മുൻ കേന്ദ്ര മന്ത്രിയുമായ ഇ. അഹ്മദ് സാഹിബ് അന്തരിച്ചു. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

മുസ്‌ലിം സമുദായത്തിന് വേണ്ടി വളരെയേറെ സേവനങ്ങളർപ്പിച്ച വ്യക്തിയാണ് ഇ. അഹ്മദ് സാഹിബ്. വടക്കെ ഇന്ത്യയിൽ വർഗീയ ലഹളകൾ പൊട്ടി പുറപെടുമ്പോൾ നാഥനില്ലാത്ത വടക്കെ ഇന്ത്യൻ മുസ്‌ലിംകളെ ആശ്വസിപ്പിക്കാൻ തന്നെക്കൊണ്ടാവുന്നതെല്ലാം ചെയ്ത ഇന്ത്യയിലെ മുസ്‌ലിം നേതാവായിരുന്നു അദ്ദേഹം. ശ്രീമതി ഇന്ദിരാ ഗാന്ധിയുടെയും കോൺഗ്രസ്സിന്റേയും ഉറ്റസുഹൃത്തായ അഹ്മദ് സാഹിബ് നിരവധി അന്താരാഷ്ട്രാ വേദികളിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്

അഹ്മദിയ്യാ ജമാഅത്തിനെ പറ്റി ഒരിക്കലും അപകീർത്തികരമായി സംസാരിക്കാത്ത മാന്യദേഹമായിരുന്നു അഹ്മദ് സാഹിബ്. ഒരിക്കൽ ഐക്യരാഷ്ട്ര സഭയിൽ മത ന്യൂനപക്ഷങ്ങളെ പീഢിപ്പിക്കുന്നു എന്ന് പറഞ്ഞ് പാകിസ്താൻ പ്രതിനിധി ഇന്ത്യയെ വിമർശിച്ചപ്പോൾ. പാകിസ്താനിലെ അഹ്മദിയ്യാ പീഢനം ചൂണ്ടിക്കാട്ടി അഹ്മദ് സാഹിബ് ഉജ്ജ്വലമായി പാകിസ്താനെ തിരിച്ചടിക്കുകയുണ്ടായി. അത് കാരണത്താൽ തിരഞ്ഞെടുപ്പ് കാലങ്ങളിൽ മതമൗലിക വാദം ഉയർത്തുന്ന ഒരു മാധ്യമം അദ്ദേഹത്തെ



ഖാദിയാനി എന്ന് പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അഹ്മദിയ്യാ ജമാഅത്തിലെ പലരുമായും നല്ല ബന്ധം പുലർത്തിയിരുന്ന അഹ്മദ് സാഹിബ് കേരളത്തിലെ ആദ്യ അഹ്മദി കണ്ണൂരിലെ എടപ്പകത്ത് ഇ. അബ്ദുൽ ഖാദർ കുട്ടി സാഹിബിന് ജന്മം നൽകിയ അതേ എടപ്പകത്ത് തറവാട്ടിലാണ് ജനിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതൻ പത്രാധിപരുമായിരുന്ന അബ്ദുൽ ഖയ്യൂം സാഹിബ് 1946 ൽ മുസ്‌ലിം ലീഗിന്റെ മുഖപത്രമായ ചന്ദ്രികയിൽ സഹപത്രാധിപരായിരുന്നു. സ്വാതികനായിരുന്ന ഖയ്യൂം സാഹിബ് തനിക്ക് പിതൃതുല്യനാണെന്ന് മഹാനായ സി. എച്ച്. മുഹമ്മദ് കോയാ സാഹിബ് എഴുതിയിട്ടുണ്ട്. ഖയ്യൂം സാഹിബിനെ അഹ്മദ് സാഹിബ് പലപ്പോഴും ബഹുമാനാദരവോടെ സ്മരിച്ചിട്ടുണ്ട്. അഹമദിയ്യ ജമാഅത്ത് അഖിലേന്ത്യാ ഉപമേലദ്ധ്യക്ഷനായിരുന്ന മൗലാന മുഹമ്മദ് ഉമർ സാഹിബിന്റെ ബാല്യകാല സുഹൃത്തും സഹപ്രവർത്തകനുമായിരുന്നു അഹ്മദ് സാഹിബ്. മുനവ്വറുൽ ഇസ്‌ലാം സഭ എന്ന കണ്ണൂരിലെ അക്കാലത്തെ യുവാക്കളുടെ സാഹിത്യ സമാജത്തിൽ ഇ. അഹ്മദ് സാഹിബ് സെക്രട്ടറിയും കെ. എം മുസ്തഫാ സാഹിബ് (കണ്ണൂർ) പ്രസിഡണ്ടും മൗലാനാ മുഹമ്മദ് ഉമർ സാഹിബ് വൈസ് പ്രസിഡണ്ടുമായും പ്രവർത്തിച്ചതായും അവർ 'വിജ്ഞാന കിരണം' എന്ന കൈയ്യെഴുത്ത് മാസിക നടത്തിയതായും മൗലാനാ സാഹിബ് അനുസ്മരിക്കുന്നു. വളരെ ദീർഘകാലത്തിന്ന് ശേഷം കേന്ദ്രമന്ത്രിയായിരിക്കേ ഡൽഹിയിൽ വെച്ച് കണ്ടുമുട്ടിയപ്പോൾ അദ്ദേഹം ആ ബാല്യകാല സ്മരണകൾ പുതുക്കുകയും അദ്ദേഹത്തിന്റെ വസതിയിലേക്ക് മൗലാനാ സാഹിബിനെ ക്ഷണിക്കുകയും ചെയ്തതായും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സത്യദൂതന്റെ അനുശോചനം രേഖപ്പെടുത്തുന്നു.

പേജ് 42 ൽ നിന്ന് തുടർച്ച

നാസിസത്തിലേക്കും ജൂതവിരുദ്ധമായ ആന്റി സെമിറ്റിസത്തിലേക്കും വഴുതി വീഴുമോ എന്നും യഹൂദർ ഭയക്കുന്നു. ആഞ്ഞടിക്കുന്ന യഹൂദ വിരോധം യൂറോപ്പിന്റെ ചരിത്രത്തിൽ പല തവണ സംഭവിച്ചതാണ്. അമേരിക്കയിൽ ട്രംപിനെതിരെ വളരുന്ന എതിർപ്പുകൾ അവസാനം യഹൂദരോടുള്ള എതിർപ്പായി മാറുമോ? പല യഹൂദരും ഈ ആശങ്ക പങ്കുവെക്കുന്നു. ഏതായാലും ധൃതി പിടിച്ചുള്ള തിന്മയിലേക്കുള്ള മാറ്റം വിനാശ കാലത്തിന്റെ സൂചനകളാണ് നൽകുന്നത്.

Published on 7.02. 2017
Pages 44
Vol: 89 Issue. 2
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com